# തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല

## ഓഡിറ്റ് റിപ്പോർട്ട് 2020-21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

കേരള സർക്കാർ

കെ.എസ്.എ.ടി.ഇ.എം.യു./എം/253/2022

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലയാളം സർവ്വകലാശാല ഓഡിറ്റ്

തിരൂർ, മലപ്പുറം - 676 502

ഇമെയിൽ : temuty.ksad@kerala.gov.in

തിയതി:30.03.2023

ജോയിന്റ് ഡയറക്ടർ,
മലയാളം സർവകലാശാല ഓഡിറ്റ്.

രജിസ്ട്രാർ,
തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല.

സർ,

വിഷയം : കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് – 2020-21 സാമ്പത്തികവർഷത്തെ വാർഷികകണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നത്- സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമം അദ്ധ്യായം VII, വകുപ്പ് 44(2) എന്നിവ പ്രകാരം മലയാളസർവകലാശാലയുടെ 2020-21 സാമ്പത്തികവർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പുറപ്പെടുവിക്കുന്നു. 1994ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 15 (1)-ആം വകുപ്പിൽ നിർദ്ദേശിക്കുന്ന വിധം ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും, ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission അയച്ചു തരേണ്ടതുമാണ്.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

മലയാളം സർവകലാശാല ഓഡിറ്റ്

പകർപ്പ് :
1. പ്രിൻസിപ്പൽ സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം (ഉപരിപത്രം സഹിതം)
4. കാര്യാലയ പ്രതി

കെ.എസ്.എ-ടി.ഇ.എം.യു/എം3/253 /2022

തീയതി:30.03.2023

## തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ 2020-21 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*[2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമം അദ്ധ്യായം VII വകുപ്പ് 44(2), 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്]*

1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 2013 ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല നിയമം അദ്ധ്യായം VII, വകുപ്പ് 44(2) എന്നിവ പ്രകാരമാണ് തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാലയുടെ 2020-21 വർഷത്തെ ഓഡിറ്റ് നടത്തിയിട്ടുള്ളത്. ഓഡിറ്റ് സമയത്ത് കണ്ടെത്തിയ അപാകതകൾ ഓഡിറ്റ് എൻക്വയറി മുഖേന ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 1994 ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമത്തിലെ 15(1) വകുപ്പിൽ നിർദ്ദേശിക്കുന്ന വിധം ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം റിപ്പോർട്ടിൽ പരാമർശിച്ചിട്ടുള്ള അപാകതകൾ പരിഹരിച്ച് വിവരം ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവും ഉണ്ടായിരിക്കുന്നതല്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് / ഉദ്യോഗപ്പേര് | ശ്രീമതി സുധാദാസ് ജോയിന്റ് ഡയറക്ടർ (16.12.2021 മുതൽ 27.6.2022 വരെ) |
| | ശ്രീമതി ടി.പി. സൽമത്ത് ഓഡിറ്റ് ഓഫീസർ (ഇൻ ചാർജ്) (28.6.2022 മുതൽ 29.6.2022 വരെ) |
| | ശ്രീ ജലീൽ കെ., ജോയിന്റ് ഡയറക്ടർ (30.6.2022 മുതൽ 31.10.2022 വരെ) |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും | ശ്രീമതി ടി.പി. സൽമത്ത് ഓഡിറ്റ് ഓഫീസർ |
| | ശ്രീ മിലാഷ് സി.എൻ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ആലസ്സൻ കുട്ടി യു. സീനിയർ ഗ്രേഡ് ഓഡിറ്റർ (16.12.2021 മുതൽ 30.07.2022 വരെ) |
| | ശ്രീ ഷജീർ കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ (2.8.2022 മുതൽ 31.10.2022 വരെ) |
| | ശ്രീ ബിജു ബാലൻ, ഓഡിറ്റർ (16.12.2021 മുതൽ 2.7.2022 |

| | |
|---|---|
| | വരെ) |
| | ശ്രീമതി ഖാലിദ പി. ഓഡിറ്റർ (1.8.2022 മുതൽ 31.10.2022 വരെ) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.12.2021 മുതൽ 31.10.2022 വരെ |

<u>നിർവഹണാധികാരികൾ</u>

| | |
|---|---|
| വൈസ് ചാൻസലർ | ഡോ. വി. അനിൽ കുമാർ (01.04.2020 മുതൽ 31.03.2021 വരെ) |
| രജിസ്ട്രാർ | ഡോ. ടി. അനിതകുമാരി (ഇൻ-ചാർജ്) 01.04.2020 മുതൽ 14.06.2020 വരെ |
| | ഡോ.രാജീവ് മോഹൻ .ആർ (ഇൻ-ചാർജ്) 15.06.2020 മുതൽ 25.06.2020 വരെ |
| | ഡോ.ടി.അനിതാകുമാരി (ഇൻ-ചാർജ്) 26.06.2020 മുതൽ 23.07.2020 വരെ |
| | ഡോ.രാജീവ് മോഹൻ .ആർ. (ഇൻ-ചാർജ്) 24.07.2020 മുതൽ 13.10.2020 വരെ |
| | ഡോ.ഷൈജൻ ഡേവിസ് 14.10.2020 മുതൽ 31.03.2021 വരെ |
| ഫിനാൻസ് ഓഫീസർ | ശ്രീ രതകുമാർ കെ (ഇൻ-ചാർജ്) 01.04.2020 മുതൽ 27.12.2020 വരെ |
| | ശ്രീമതി മാരിയറ്റ് തോമസ് 28.12.2020 മുതൽ 10.01.2021 വരെ |
| | ശ്രീ രതകുമാർ കെ (ഇൻ-ചാർജ്) 11.01.2021 മുതൽ 20.02.2021 വരെ |
| | ശ്രീമതി മാരിയറ്റ് തോമസ് 21.02.2021 മുതൽ 31.03.2021 വരെ |
| കൺട്രോളർ ഓഫ് എക്സാമിനേഷൻസ് | ഡോ.ഇ.രാധാകൃഷ്ണനൻ (ഇൻ-ചാർജ്) 01.04.2020 മുതൽ 17.11.2020 വരെ |
| | ഡോ.റജിമോൻ.പി 18.11.2020 മുതൽ 31.03.2021 വരെ |

## ഉള്ളടക്കം


| ഖണ്ഡിക | വിഷയം | പേജ് നമ്പർ |
|---|---|---|
| | ഭാഗം 1<br>പൊതു അവലോകനം | |
| 1-1 | പൊതുവായ വിവരങ്ങൾ | 8 |
| 1-2 | ബജറ്റ് | 9 |
| 1-3 | വാർഷികധനകാര്യപത്രിക | 10 |
| 1-4 | വിവിധ ധനസഹായങ്ങളും വിനിയോഗവും | 11 |
| 1-5 | വിനിയോഗസാക്ഷ്യപത്രങ്ങൾ | 12 |
| 1-6 | തനത് വരുമാനം | 12 |
| 1-7 | എൻഡോവ്മെന്റുകൾ / ചെയറുകൾ എന്നിവയുടെ വിവരം | 13 |
| 1-8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 13 |
| | ഭാഗം 2<br>വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | ഫീ ഇനത്തിലുള്ള കുടിശ്ശിക തുകകൾ പിരിച്ചെടുക്കേണ്ടതാണ് | 13 |
| 2-2 | ഇ ഗ്രാന്റ്സ് അക്കൌണ്ടിലെ തുക അടിയന്തരമായി ക്രമീകരിക്കേണ്ടതാണ് | 14 |
| 2-3 | സർവകലാശാല ഉത്തരവ് പ്രകാരമുള്ള ലബോറട്ടറി ഫീസ് ഈടാക്കിയില്ല | 15 |
| 2-4 | ഇന്റേൺഷിപ് ഫീ ഈടാക്കിയതിൽ വ്യക്തതയില്ല | 16 |
| 2-5 | പിരിവ് തുക ബാങ്കിൽ അടവാക്കിയതിലെ അപാകതകൾ | 17 |
| | ഭാഗം 3<br>ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | | |
|---|---|---|
| 3-1 | മുൻകൂർ തുകകളുടെ തിരിച്ചടവ് -കൃത്യമായ നിർദ്ദേശം നൽകേണ്ടതാണ് | 18 |
| 3-2 | കറന്റ് അക്കൌണ്ട് സേവിംഗ്സ് അക്കൌണ്ടാക്കി മാറ്റുന്നത് സംബന്ധിച്ച് | 19 |
| 3-3 | അതിഥി അദ്ധ്യാപകർക്ക് നിയമനഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അധികം വേതനം നൽകി | 19 |
| 3-4 | രജിസ്ട്രാർ തസ്തികയിൽ അഡ്വാൻസ് ഇൻക്രിമെന്റുകൾ അനുവദിച്ച് ശമ്പളം നിശ്ചയിച്ചത് ക്രമവിരുദ്ധം | 20 |
| 3-5 | ആസ്ഥാനമന്ദിര നിർമ്മാണം : സർക്കാർ ഉത്തരവിലെ പരിധി പാലിക്കാതെ പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി നിശ്ചയിച്ചു | 21 |
| 3-6 | നിയമത്തിലും സ്റ്റാറ്റ്യൂട്ടിലും അധ്യാപകരുടെ വിരമിക്കൽ പ്രായം സംബന്ധിച്ച് വ്യത്യസ്തമായ വ്യവസ്ഥകൾ നിലനിൽക്കുന്നു | 22 |
| 3-7 | സ്റ്റാറ്റ്യൂട്ടറി തസ്തികകളിലെ ശമ്പളനിർണയം - സ്പഷ്ടീകരണം തേടേണ്ടതാണ് | 23 |
| 3-8 | സ്വകാര്യകെട്ടിടങ്ങൾ ഹോസ്റ്റലുകളായി വാടകക്ക് എടുത്തിരിക്കുന്നത് സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിക്കാതെ | 26 |
| 3-9 | പുസ്തകപ്രസാധനം -തിരികെ ലഭിക്കാനുള്ള തുകയുടെ വിശദവിവരങ്ങൾ ലഭ്യമല്ല | 32 |
| 3-10 | ക്രമീകരിക്കാത്ത മുൻകൂറുകൾ - ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് | 32 |
| 3-11 | മാർഗ്ഗദർശികളുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെ ഫെലോഷിപ്പ് അനുവദിച്ചത് ക്രമവിരുദ്ധം | 33 |
| 3-12 | ഗവേഷണപുരോഗതി ഇല്ലാത്ത ഗവേഷകർ ചട്ടവിരുദ്ധമായി സർവ്വകലാശാലയിൽ തുടരുന്നു | 37 |

| | | |
|---|---|---|
| 3-13 | സർക്കാർ ഉത്തരവുകളും സ്റ്റോർ പർച്ചേസ് മാന്വൽ നിർദേശങ്ങളും പാലിക്കാതെ ഐ.ടി. ഉപകരണങ്ങൾ വാങ്ങി | 39 |
| 3-14 | പുസ്തകങ്ങളുടെ അച്ചടിയിൽ സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല | 39 |
| 3-15 | വാർഷികകണക്ക് ഓഡിറ്റിനായി സമർപ്പിച്ചത് പൊതുസഭയുടെ അംഗീകാരമില്ലാതെ | 40 |
| 3-16 | നളചരിതം ആട്ടക്കഥ ഡോക്യുമെന്റേഷൻ - വിപണനസാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ് | 41 |
| 3-17 | എഴുത്തച്ഛൻ നിഘണ്ടു - നീണ്ട വർഷങ്ങൾക്ക് ശേഷവും വെളിച്ചം കണ്ടില്ല | 41 |
| 3-18 | നാക് അക്രഡിറ്റേഷൻ – നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 43 |
| 3-19 | കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾ ലൈബ്രറി പുസ്തകങ്ങൾ തിരികെ നൽകിയിട്ടില്ല | 44 |
| 3-20 | പൂർവ്വവിദ്യാർത്ഥിസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ് | 45 |
| 3-21 | ആസ്ഥാന മന്ദിര നിർമ്മാണം - ഭൂമി വാങ്ങൽ - അപാകതകൾ | 45 |
| 3-22 | ഭൂമി വാങ്ങിയത് - ബാദ്ധ്യതാരഹിതമാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ് | 46 |
| 3-23 | ആസ്ഥാനമന്ദിര നിർമ്മാണം - തുടർനടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ് | 46 |
| 3-24 | സ്റ്റോർ പർച്ചേയ്സ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല | 46 |
| 3-25 | വിവിധ പ്രൊജക്ടുകൾ - വിശദവിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 47 |
| 3-26 | ശ്രീമതി ജസീല സി., അസിസ്റ്റന്റിന് അധികനിരക്കിൽ വീട്ടുവാടകബത്ത നൽകി | 47 |

ഭാഗം 4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും



| | | |
|---|---|---|
| 4-1 | വാർഷികകണക്ക് പ്രകാരമുള്ള വരവുചെലവ് വിശദാംശം | 49 |
| 4-2 | സാമ്പത്തികനില | 49 |
| 4-3 | പൊരുത്തപ്പെടുത്തൽ പത്രിക | 50 |
| 4-4 | ബാങ്ക് നീക്കിയിരിപ്പ്/കയ്യിരുപ്പ് പണം വിശദാംശങ്ങൾ | 52 |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ | 52 |
| 4-6 | ഓഡിറ്റ് റിക്കവറി | 54 |
| 4-7 | ഓഡിറ്റ് ചാർജ് | 54 |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം | 55 |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 56 |



## ഭാഗം -1

## പൊതു അവലോകനം

### 1-1 പൊതുവായ വിവരങ്ങൾ

ആധുനിക മലയാളഭാഷയുടെ പിതാവ് എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഭാഷാകവിയാണ് തുഞ്ചത്ത് എഴുത്തച്ഛൻ. 15 ാം നൂറ്റാണ്ടിനും 16ാം നൂറ്റാണ്ടിനും ഇടയിലായി ജീവിച്ചിരുന്ന എഴുത്തച്ഛന്റെ യഥാർത്ഥപേര് രാമാനുജൻ എഴുത്തച്ഛൻ എന്നാണ്. അദ്ദേഹത്തിന്റെ ജന്മസ്ഥലം മലപ്പുറം ജില്ലയിലെ തിരൂരിലുള്ള തൃക്കണ്ടിയൂരിന് സമീപം തുഞ്ചൻ പറമ്പിലാണ്. അവിടെയാണ് എഴുത്തച്ഛന്റെ പേരിൽ സ്മാരകം നിർമ്മിക്കപ്പെട്ടിട്ടുള്ളത്. എല്ലാ വർഷവും ഡിസംബർ 31ാം തീയതി തുഞ്ചൻ ദിനമായി ആഘോഷിച്ചു വരുന്നു.

മലയാളികൾക്കിടയിൽ മാതൃഭാഷാഭിമാനം വളർത്താനും മലയാള ഭാഷയുടെ പ്രോത്സാഹനത്തിനുമായി രൂപം കൊണ്ട വിദ്യാഭ്യാസസ്ഥാപനമാണ് മലയാളം സർവ്വകലാശാല. മലയാള ഭാഷാമാധ്യമത്തിലൂടെ ബിരുദാനന്തര ബിരുദ കോഴ്സുകളും ഗവേഷണകോഴ്സുകളും നിർവ്വഹിക്കാനുള്ള സൌകര്യമാണ് ഈ സ്ഥാപനം ഒരുക്കിയിട്ടുള്ളത്. കേരളത്തിന്റെ സാംസ്കാരികമായ ഈടുവെപ്പുകൾ ശേഖരിക്കുക, സംരക്ഷിക്കുക, അവതരിപ്പിക്കുക എന്നിവയും സർവ്വകലാശാലയുടെ പ്രധാന ദൌത്യങ്ങളിൽ പെടുന്നു.

12.10.2012 ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 501/2012/ ഉന്നത വിദ്യാഭ്യാസ വകുപ്പ്, പ്രകാരം 2012 നവമ്പർ 1 കേരള പിറവി ദിനത്തിലാണ് മലയാളം സർവ്വകലാശാല ഔപചാരികമായി പ്രവർത്തനം ആരംഭിച്ചത്. 07.08.2013 മുതൽ തിരൂർ താലൂക്കിലെ വാക്കാട്ടുള്ള സർവ്വകലാശാലക്ക് വേണ്ടി സർക്കാർ അനുവദിച്ച അഞ്ച് ഏക്കർ സ്ഥലത്ത് നിർമ്മിച്ച സ്വന്തം കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്നു. നിലവിലുള്ള 11 ബിരുദാന്തര ബിരുദ കോഴ്സുകൾ, എംഫിൽ, ഗവേഷണം എന്നിവ നടത്തുന്നതിനനുയോജ്യമായ സൌകര്യങ്ങളില്ലാതെ അടിസ്ഥാനസൌകര്യങ്ങളിലെ അപര്യാപ്തതമൂലം വീർപ്പുമുട്ടുന്ന സർവ്വകലാശാലക്ക് സ്ഥിരംക്യാമ്പസ് സ്ഥാപിക്കുന്നതിന് വെട്ടം ഗ്രാമപഞ്ചായത്തിലെ മാങ്ങാട്ടിരി എന്ന സ്ഥലത്ത് 4.2078 ഹെക്ടർ ഭൂമി ഏറ്റെടുത്ത് 20.11.20 ന് COSTFORDമായി കരാർ ചമച്ച് COSTFORD 08.11.2022 ന് 19200 ചതുരശ്രമീറ്റർ ബിൽഡിംഗ് സമുച്ചയം പണിയുന്നതിനുള്ള മാസ്റ്റർ പ്ലാൻ സമർപ്പിച്ചിട്ടുണ്ടെങ്കിലും നാളിതുവരെ നിർമ്മാണ പ്രവൃത്തികൾ

ആരംഭിച്ചിട്ടില്ല. താൽകാലികമെങ്കിലും അക്ഷരം ക്യാമ്പസ് എന്ന് നാമകരണം ചെയ്ത് ഒരു സർവ്വകലാശാലക്ക് അനുയോജ്യമായ രൂപഭംഗിയോടും സൌകര്യങ്ങളോടും കൂടി രൂപകല്പന ചെയ്ത കെട്ടിടങ്ങൾ, എതാണ്ട് പൂർണ്ണസജ്ജമായ റഫറൻസ് സൌകര്യത്തോടു കൂടിയുള്ള ലൈബ്രറി, ചെറുതെങ്കിലും മുഴുവൻ സൌകര്യങ്ങളുമുള്ള തിയേറ്റർ, വിപുലമായ കോൺഫറൻസ് ഹാൾ, മ്യൂസിയം, സാമാന്യം വിപുലമായ ക്യാന്റീൻ എന്നീ അടിസ്ഥാനസൌകര്യങ്ങൾ ചുരുങ്ങിയ കാലംകൊണ്ട് ഒരുക്കാനായി എന്നത് ശ്ലാഘനീയമാണ്.

സർവ്വകലാശാലക്കാവശ്യമായ അധ്യാപകതസ്തികകളിൽ എറിയ പങ്കം സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെങ്കിലും അനധ്യാപകതസ്തികകൾ നാളിതുവരെ സൃഷ്ടിക്കപ്പെട്ടിട്ടില്ല. അനധ്യാപകതസ്തികകളിൽ ഒരു ജീവനക്കാരിയൊഴികെ മറ്റ് എല്ലാ ജീവനക്കാരും താൽകാലിക/കരാർ/ ദിവസവേതന ജീവനക്കാരാണ്. സ്ഥിരംഉദ്യോഗസ്ഥ സംവിധാനം ഇല്ലാത്തതും, ജീവനക്കാരുടെ കുറവു മൂലവും ഫയൽ തയ്യാറാക്കുന്നതിലും മറ്റ് ഓഫീസ് പ്രവർത്തത്തിലും ഒട്ടേറെ വീഴ്ചകൾ പ്രകടമാണ്. പരിമിതമായ മനുഷ്യവിഭവം പരമാവധി ഉപയോഗപ്പെടുത്തി മലയാളഭാഷയെയും പൈതൃകത്തെയും കലാ-സാഹിത്യ-സാംസ്കാരിക മേഖലകളെയും പരിപോഷിപ്പിക്കുക എന്ന സർവ്വകലാശാലയുടെ പ്രഖ്യാപിതലക്ഷ്യം കൈവരിക്കാൻ സർവ്വകലാശാല നടത്തുന്ന പ്രവർത്തനങ്ങൾ അഭിനന്ദനാർഹമാണ്.

സർവ്വകലാശാലയിൽ അവശ്യം വേണ്ട രജിസ്റ്ററുകൾ പരിപാലിച്ച് കാലികമാക്കാത്തതിനാൽ അടിസ്ഥാനവിവരങ്ങൾ ലഭ്യമല്ല.

1 .അഡ്മിഷൻ രജിസ്റ്റർ

വിദ്യാർത്ഥിപ്രവേശനത്തിന്റെ അടിസ്ഥാനരേഖയായ അഡ്മിഷൻ രജിസ്റ്റർ 2015-16 വർഷത്തിന് ശേഷം കാലികമാക്കിയിട്ടില്ല എന്നത് ഗുരുതരവീഴ്ചയാണ്. അഡ്മിഷൻ രജിസ്റ്റർ കാലികമാക്കാൻ സത്വരനടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

2 .ഡിമാന്റ് രജിസ്റ്ററുകൾ

സർകലാശാലയിൽ അഡ്മിഷൻ ഫീ, എക്സാം ഫീ, ഹോസ്റ്റൽ ഫീ, മാഗസിൻ ഫീ, ലൈബ്രറി ഫീ, ട്യൂഷൻ ഫീ തുടങ്ങിയ നിരവധി വരവുകൾ വന്നിട്ടുണ്ടെങ്കിലും പ്രസ്തുത വരവിനങ്ങളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയ ഡിമാന്റ് രജിസ്റ്റർ എഴുതി തയ്യാറാക്കുകയോ പ്രസ്തുത വരവിനങ്ങളുടെ വിശദാംശങ്ങൾ പ്രിന്റ് എടുത്ത് സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. എല്ലാ വരവിനങ്ങളുടെയും ഡിമാന്റ് രജിസ്റ്ററുകൾ എഴുതി തയ്യാറാക്കി പരിശോധനക്കായി ഹാജരാക്കേണ്ടതാണ്

3. മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ.

സർവ്വകലാശാലയിലെ ജീവനക്കാരുടെ ജീവനക്കാരുടെ പേര്, സ്ഥിരമേൽവിലാസം, സേവനകാലയളവ് എന്നിവ സംബന്ധിച്ച വിവരങ്ങൾ സർവ്വകലാശാലയിൽ ലഭ്യമല്ല. ബഹുഭൂരിപക്ഷം ജീവനക്കാരും കരാർ, താൽക്കാലിക ദിവസവേതനജീവനക്കാരാണ്. അവരുടെ സേവനം അവസാനിച്ച് പിരിഞ്ഞ് പോയതിന് ശേഷം വിവരങ്ങൾ ലഭ്യമല്ല. സർവ്വകലാശാലയിലെ എല്ലാ ജീവനക്കാരുടെയും പൂർണ്ണവിവരങ്ങൾ ഉൾപ്പെടുത്തി ഇൻകുമ്പൻസി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്.

## 1-2 ബജറ്റ്

വിദ്യാർത്ഥിക്ഷേമപ്രവർത്തനങ്ങൾക്കും അദ്ധ്യാപകശാക്തീകരണത്തിനും അക്കാദമികനിലവാരം ഉയർത്തുന്നതിനും ഭൗതികസൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഊന്നൽ നൽകുന്ന സർവകലാശാലയുടെ 2020-21 വർഷത്തെ വാർഷിക ബജറ്റിന് 21.03.2020ന് ചേർന്ന പൊതുസഭ അംഗീകാരം നൽകി. (തീരുമാനം നമ്പർ:20.20.04 (4/22)). മുന്നിരിപ്പ് ഉൾപ്പെടെ 33.24 കോടി രൂപ വരവും 30.18 കോടി രൂപ ചെലവും പ്രതീക്ഷിക്കുന്ന ബജറ്റാണ് വൈസ് ചാൻസലർ ഡോ. വി.അനിൽ കുമാർ പൊതുസഭ മുമ്പാകെ അവതരിപ്പിച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 2020-21 ബജറ്റ് | | | |
|---|---|---|---|
| വരവ് | തുക ലക്ഷത്തിൽ | ചെലവ് | തുക ലക്ഷത്തിൽ |
| മുന്നിരിപ്പ് | 525.07 | ഭൗതികസൗകര്യവികസനം<br>ഭരണപരമായ ആധുനീകരണം | 1322.00 |

| | | | |
|---|---|---|---|
| അക്കാദമിക് വരുമാനം | 36.15 | അക്കാദമിക് പ്രവർത്തനങ്ങൾ | 256.00 |
| മറ്റു വരുമാനങ്ങൾ | 09.00 | അദ്ധ്യാപകശാക്തീകരണം | 06.00 |
| | | വിദ്യാർത്ഥിക്ഷേമം | 129.00 |
| കേരള സർക്കാർ പദ്ധതി - സഹായധനം | 800.00 | പ്രോജക്ട്കൾ | 87.50 |
| | | പ്രസിദ്ധീകരണങ്ങൾ | 21.00 |
| കേരള സർക്കാർ പദ്ധതിയേതര - സഹായധനം | 403.92 | ഭാഷാസാഹിത്യവ്യാപനം | 13.00 |
| മറ്റ് ധനസഹായം - യു.ജി.സി | 0.00 | അന്തർസർവകലാശാല – സ്ഥാപനസഹകരണം | 19.00 |
| മറ്റ് സ്ഥാപനങ്ങൾ | 02.00 | സാമൂഹ്യപ്രതിബദ്ധതാ പ്രവർത്തനം | 03.00 |
| | | ശമ്പളം, ഭരണച്ചെലവുകൾ | 972.00 |
| സർക്കാറിൽ നിന്നും പ്രതീക്ഷിക്കുന്ന അഡീഷണൽ ധനസഹായം | 1297.00 | മറ്റു സഹായധനങ്ങൾ - ചെലവുകൾ | 02.00 |
| പൊതുകണക്ക് | 251.00 | പൊതുകണക്ക് | 188.00 |
| | | ആകെ ചെലവ് | 3018.50 |
| | | നീക്കിയിരിപ്പ് | 305.64 |
| ആകെ | 3324.14 | ആകെ | 3324.14 |

കുറിപ്പ് : 2020-21 വർഷത്തെ യഥാർത്ഥ വരവ് 1685.63 ലക്ഷം രൂപയും യഥാർത്ഥ ചെലവ് 1629.90 ലക്ഷം രൂപയുമാണ്. പദ്ധതി ധനസഹായമായി 20.97 കോടി രൂപ ബജറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്നു എങ്കിലും മുൻവർഷം സർക്കാർ തിരിച്ചെടുത്ത 2.12 കോടി ഉൾപ്പെടെ 9.76 കോടി രൂപ മാത്രമാണ് ലഭിച്ചത്. എന്നാൽ, സർക്കാർ പദ്ധതിയിതര ധനസഹായമായി ബജറ്റ് പ്രകാരം 4.04 കോടി രൂപയാണ് പ്രതീക്ഷിച്ചിരുന്നതെങ്കിലും 5.19 കോടി രൂപ ലഭിച്ചിരുന്നു. യഥാർത്ഥകണക്കുകളുമായി വലിയ അന്തരം വരാത്ത വിധം ബജറ്റ് തയ്യാറാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 വാർഷികധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക സർവകലാശാല അംഗീകരിച്ച തീയതി | വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ഓഡിറ്റിന് ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 01.06.2021 | 31.07.2021 | 18.08.2021 | ---- | ---- |

## 1-4 വിവിധ ധനസഹായങ്ങളും വിനിയോഗവും

### 1-4-1 സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതി ധനസഹായം

2020-21 വർഷം പദ്ധതി ധനസഹായമിനത്തിൽ 97575849 രൂപ സർവകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സർക്കാർ ഉത്തരവ് നമ്പർ / തീയതി | പ്ലാൻ ടി.എസ്.ബി അക്കൗണ്ടിൽ വരവ് വെച്ച തീയതി (അക്കൗണ്ട് | തുക |
|---|---|---|

| | | |
|---|---|---|
| | നമ്പർ: 799012700000055) | |
| ജി.ഒ.(ആർ.ടി) നം.709/2020 /ഇ.ഡി.എൻ തീയതി.02.06.2020 | 09.06.2020 | 21175849 |
| ജി.ഒ.(ആർ.ടി) നം. 709/2020/ഇ.ഡി.എൻ തീയതി.02.06.2020 | 17.08.2020 | 76400000 |
| | ആകെ | 97575849 |

(കുറിപ്പ്: 2019-20 വർഷം ട്രഷറി പ്ലാൻ അക്കൌണ്ടിൽ നിന്നും സർക്കാർ പിൻവലിച്ച തുകയാണ് 02.06.2020ലെ ജി.ഒ.(ആർ.ടി)നം.709/2020/ഇ.ഡി.എൻ പ്രകാരം അനുവദിച്ചത്. 31.3.2020ൽ ട്രഷറി ക്യൂവിലുണ്ടായിരുന്ന 2019-20ലെ 24,60,752 രൂപയുടെ ബില്ലുകൾ ക്രമീകരിച്ചതിന് ശേഷം ബാക്കിയായ 1,87,15,097 രൂപയാണ് 2020-21ലെ വാർഷികകണക്കുകളുടെ ഭാഗമായിട്ടുള്ളത്. 2020-21 ലെ വാർഷികകണക്കുകൾ പ്രകാരം ആകെ പദ്ധതി ധനസഹായം 9,51,15,097 (1,87,15,097 + 7,64,00,000) രൂപയാണ്.)

1-4-2 സംസ്ഥാന സർക്കാരിൽ നിന്നുള്ള പദ്ധതിയിതര ധനസഹായം

2020-21 വർഷം പദ്ധതിയിതര ധനസഹായമിനത്തിൽ 51858676 രൂപ സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| സർക്കാർ ഉത്തരവ് നമ്പർ / തീയതി | സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ (നോൺ പ്ലാൻ) വരവ് വെച്ച തീയതി (അക്കൗണ്ട് നമ്പർ: 715051400000001) | തുക |
|---|---|---|
| ജി.ഒ.(ആർ.ടി) നം.539/2020 /ഇ.ഡി.എൻ തീയതി.23.04.2020 | 06.04.2020 | 49,66,676 |
| ജി.ഒ.(ആർ.ടി) നം.539/2020 /ഇ.ഡി.എൻ തീയതി.23.04.2020 | 04.05.2020 | 1,00,98,000 |
| ജി.ഒ.(ആർ.ടി) നം.850/2020 /ഇ.ഡി.എൻ തീയതി.24.06.2020 | 01.07.2020 | 1,00,98,000 |
| ജി.ഒ.(ആർ.ടി) നം.1040/2020 /ഇ.ഡി.എൻ തീയതി.17.08.2020 | 17.08.2020 | 1,00,98,000 |
| ജി.ഒ.(ആർ.ടി) | 01.12.2020 | 1,00,98,000 |

| | | |
|---|---|---|
| നം.1505/2020 /ഇ.ഡി.എൻ<br><br>തീയതി.30.11.2020 | | |
| ജി.ഒ.(ആർ.ടി) നം.1928/2020 /ഇ.ഡി.എൻ<br><br>തീയതി.01.03.2021 | 12.03.2021 | 65,00,000 |
| ആകെ | | 5,18,58,676 |

1-4-3 യു.ജി.സി ധനസഹായം-

ഇല്ല

1-4-4 പ്രത്യേക ആവശ്യങ്ങൾക്കുള്ള ധനസഹായം

ഇല്ല

1-4-5 മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായം

2020-21 വർഷം മറ്റ് ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള ധനസഹായത്തിൽ 10,61,974 രൂപ സർവ്വകലാശാലയ്ക്ക് ലഭിച്ചിട്ടുണ്ട്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | സ്റ്റേറ്റ് ബാങ്ക്, തിരൂർ ശാഖയിലെ അക്കൗണ്ടിൽ വരവ് വെച്ച തീയതി (അക്കൗണ്ട് നമ്പർ: 32709117532) | തുക |
|---|---|---|
| കെ.എസ്.സി.എസ്.ടി.ഇ വെറ്റ് ലാന്റ് ഡെ ഫണ്ട് | 12.02.2021 | 17,374 |
| .ട്രഡീഷണൽ ഇക്കോളജിക്കൽ നോളജ് ആന്റ് ക്ളൈമറ്റ് (പ്രൊജക്റ്റ്) | 23.01.2021 | 10,35,000 |
| ഊർജ്ജകിരൺ | | 9,600 |
| | ആകെ | 10,61,974 |

## 1-5 വിനിയോഗസാക്ഷ്യപത്രങ്ങൾ

തൻവർഷം വിനിയോഗസാക്ഷ്യപത്രങ്ങൾ അനുവദിച്ചിട്ടില്ല.

## 1-6 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സർവകലാശാലയ്ക്ക് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെപ്പറയും പ്രകാരം കുറവ് സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മുൻവർഷം (2019-20) | | തൻവർഷം (2020-21) | | മുൻപത്തെ അപേക്ഷിച്ച് തൻവർഷ വരവ് വ്യത്യാസം | ശതമാനം |
|---|---|---|---|---|---|
| ഇനം | തുക | ഇനം | തുക | | |

| | | | | | |
|---|---|---|---|---|---|
| പരോക്ഷ വരുമാനം | 2,23,503 | പരോക്ഷ വരുമാനം | 4,55,809 | 2,32,306 | 104 |
| അക്കാദമിക് വരുമാനം | 26,87,158 | അക്കാദമിക് വരുമാനം | 24,76,215 | (-) 2,10,943 | -7.85 |
| മറ്റു വരുമാനം | 5,67,797 | മറ്റു വരുമാനം | 1,30,146 | (-) 4,37,651 | -77 |
| ആകെ | 34,78,458 | ആകെ | 30,62,170 | (-) 4,16,288 | -11.97 |

### 1-7 എൻഡോവ്മെന്റുകൾ / ചെയറുകൾ എന്നിവയുടെ വിവരം

മലയാള സർവ്വകലാശാലയും ട്യൂബിൻഗൺ സർവ്വകലാശാലയുമായി ചേർന്ന് സംയുക്ത സംരഭംങ്ങൾ വളർത്തിയെടുക്കുക ,കോഴ്സുകൾ,സെമിനാറുകൾ സിംമ്പോസിയങ്ങൾ,ലെറ്റർ ക്ലാസുകൾ,എന്നിങ്ങനെയുള്ള അക്കാദമിക് പരിപാടികൾ ശാസ്ത്രീയമായും സംയുക്തമായും സംഘടിപ്പിക്കുക സ്റ്റാഫിനേയും വിദ്യാർത്ഥികളെയും പൊതു താൽപര്യമുള്ള പഠനസാമഗ്രികൾ പ്രസിദ്ധീകരണങ്ങൾ എന്നിവ പരസ്പരം കൈമാറുക എന്ന ലക്ഷ്യത്തോടെ ജർമനിയിലെ ട്യൂബിൻഗൺ സർവ്വകലാശാലയിൽ ഡോ. ഹെർമൻ ഗുണ്ടേർട്ടിന്റെ പേരിൽ ഗുണ്ടേർട്ട് ചെയർ സ്ഥാപിച്ചിട്ടുണ്ട്.

### 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം. | ഓഡിറ്റ് നടത്തിയ ഏജൻസി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി (റിപ്പോർട്ട് നമ്പർ / തീയതി) |
|---|---|---|---|
| 01 | അക്കൗണ്ടന്റ് ജനറൽ | 2020-21 | 30.12.2021<br>Audit-1/AMG11(HQ)111/11/19-9 /2021-22/132<br>Dated :01.12.2021 |

## ഭാഗം -2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ഫീ ഇനത്തിലുള്ള കുടിശ്ശിക തുകകൾ പിരിച്ചെടുക്കേണ്ടതാണ്.

ഓഡിറ്റിന് ലഭ്യമാക്കിയ 2020-21 വർഷത്തെ DCB പത്രിക പ്രകാരം 31-03-21 തീയതിയിൽ വിവിധ ഫീസുകൾ/ വാഹന വാടക എന്നീ ഇനങ്ങളിൽ 5,67,560 രൂപ പിരിച്ചെടുക്കാൻ അവശേഷിച്ചിരുന്നതിൽ 4,37,150 രൂപ പിരിച്ചടുത്തതായി ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ / തീയതി:7/03-02-22) 22-09-22 ന് ലഭ്യമാക്കിയ മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.അവശേഷിക്കുന്ന ഇനങ്ങളിലെ കുടിശ്ശിക വിവരം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Tution Fee | 20,400 |
| Exam Fee | 19,300 |
| Students Union & Magazine Fee | 69,000 |
| Library Fee | 1,800 |
| Hostel Fee | 19,910 |
| ആകെ = | 1,30,410 രൂപ |

മേൽ തുകകൾ പിരിച്ചെടുക്കേണ്ടതും തുടർന്നുള്ള വർഷങ്ങളിൽ ഇത്തരം സാഹചര്യം വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

### 2-2 ഇ ഗ്രാന്റ്സ് അക്കൌണ്ടിലെ തുക അടിയന്തരമായി ക്രമീകരിക്കേണ്ടതാണ്

ഇ ഗ്രാന്റ്സ് ഇനത്തിൽ സർക്കാർ അനുവദിക്കുന്ന തുക അക്കൌണ്ട് ചെയ്യുന്ന രജിസ്ട്രാറുടെ പേരിലുള്ള 33466620930 നമ്പർ ബാങ്ക് അക്കൌണ്ടിൽ 31.03.2021ന് 13,88,715/- രൂപ നീക്കിയിരിപ്പുണ്ട്. സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ എസ്.സി, എസ്.ടി, ഒ.ബി.സി വിദ്യാർത്ഥികൾക്ക് അവരുടെ വിവിധ ഫീസിനങ്ങളിലും പഠനച്ചെലവിലേക്കുമായി സർക്കാർ അനുവദിക്കുന്ന തുകയാണ് ഇ ഗ്രാന്റ്സ് അക്കൌണ്ടിലേക്ക് വരുന്നത്. 31.03.2020ലെ അക്കൌണ്ട് നീക്കിയിരിപ്പ് 22,22,920 രൂപയായിരുന്നു. 2020-21 വർഷം 12,52,049 രൂപ കൂടി അക്കൌണ്ടിലേക്ക് വരികയും 20,86,254 രൂപ ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

മേൽപരാമർശിച്ച അക്കൌണ്ടിലെ 2018-19 വർഷം മുതലുള്ള പ്രതിമാസ നീക്കിയിരിപ്പ് വിവരങ്ങൾ താഴെ വിശദമാക്കും പ്രകാരമാണ്.

| 2018-19 | | 2019-20 | | 2020-21 | |
|---|---|---|---|---|---|
| മാസം | നീക്കിയിരിപ്പ് | മാസം | നീക്കിയിരിപ്പ് | മാസം | നീക്കിയിരിപ്പ് |
| ഏപ്രിൽ 2018 | 1,50,974 | ഏപ്രിൽ 2019 | 14,15,869 | ഏപ്രിൽ 2020 | 26,22420 |
| മെയ് 2018 | 4,51,074 | മെയ് 2019 | 18,81,169 | മെയ് 2020 | 29,09,914 |
| ജൂൺ 2018 | 4,51,074 | ജൂൺ 2019 | 18,81,169 | ജൂൺ 2020 | 13,73,714 |
| ജൂലൈ 2018 | 3,07,023 | ജൂലൈ 2019 | 18,81,169 | ജൂലൈ 2020 | 14,36,720 |
| ഓഗസ്റ്റ് 2018 | 9,01,719 | ഓഗസ്റ്റ് 2019 | 18,81,169 | ഓഗസ്റ്റ് 2020 | 14,51,720 |
| സെപ്റ്റംബർ 2018 | 10,66,569 | സെപ്റ്റംബർ 2019 | 18,94,169 | സെപ്റ്റംബർ 2020 | 14,51,720 |
| ഒക്ടോബർ 2018 | 10,01,569 | ഒക്ടോബർ 2019 | 15,46,469 | ഒക്ടോബർ 2020 | 14,51,720 |
| നവംബർ 2018 | 10,15,069 | നവംബർ 2019 | 15,01,869 | നവംബർ 2020 | 14,61,720 |
| ഡിസംബർ 2018 | 9,78,619 | ഡിസംബർ 2019 | 21,22,369 | ഡിസംബർ 2020 | 13,83,120 |
| ജനുവരി 2019 | 9,78,619 | ജനുവരി 2020 | 14,43,869 | ജനുവരി 2021 | 15,67,620 |
| ഫെബ്രുവരി 2019 | 12,47,369 | ഫെബ്രുവരി 2020 | 20,32,569 | ഫെബ്രുവരി 2021 | 18,35,720 |
| മാർച്ച് 2019 | 16,53,720 | മാർച്ച് 2020 | 22,22,920 | മാർച്ച് 2021 | 13,88,714 |

മേൽപരാമർശിച്ച നീക്കിയിരിപ്പ് വിവരങ്ങൾ പരിശോധിച്ചാൽ 2018-19 മുതൽ ഭീമമായ തുക ഇ ഗ്രാന്റ്സ് അക്കൌണ്ടിൽ ക്രമീകരിക്കാതെ സൂക്ഷിക്കുന്നതായി കാണാവുന്നതാണ്. കഴിഞ്ഞ അധ്യയനവർഷങ്ങളിൽ അനുവദിച്ച തുകയുൾപ്പെടെ 2020-21 വർഷാന്ത്യത്തിലും ക്രമീകരിക്കാതെ അക്കൌണ്ടിൽ സൂക്ഷിച്ചിരിക്കുകയാണെന്ന് ഈ വിവരങ്ങളിൽ നിന്നും വ്യക്തമാണ്. പട്ടികജാതി, പട്ടികവർഗ്ഗ, പിന്നോക്കവിഭാഗ വിദ്യാർത്ഥികൾക്ക് സർക്കാർ അനുവദിച്ച വിദ്യാഭ്യാസാനുകൂല്യം സമയബന്ധിതമായി ക്രമീകരിക്കുന്നതിൽ സർവകലാശാല മൂന്ന് വർഷങ്ങളിലായി തുടർന്നുവരുന്ന കാര്യക്ഷമതയില്ലായ്മ കാരണമാണ് വലിയ തുക അക്കൌണ്ടിൽ ബാക്കിയായിട്ടുള്ളത്. കുട്ടികളുടെ പഠനച്ചെലവിനായി സർക്കാർ അനുവദിച്ച പണം വിതരണം ചെയ്യാതെ സൂക്ഷിക്കുന്നത് ഗുരുതരമായ വീഴ്ചയാണ്. മാത്രമല്ല, വിവിധ ഫീസിനങ്ങളിലായി സർവകലാശാലയുടെ തനത് വരുമാനമായി ലഭിക്കേണ്ട തുകയും ക്രമീകരിക്കാത്ത തുകയിൽ ഉൾപ്പെടുന്നുണ്ട്. കൂടാതെ, സർക്കാർ അധികമായി തുക അനുവദിച്ചത് കാരണമായി തിരികെ സർക്കാരിലേക്ക് അടയ്ക്കേണ്ട തുകയും ഈ നീക്കിയിരിപ്പ് തുകയിൽ ഉൾപ്പെട്ടിട്ടുണ്ടാകാം.

ഇ ഗ്രാന്റ്സ് അക്കൌണ്ടിൽ ഭീമമായ തുക ക്രമീകരിക്കാൻ ശേഷിക്കുന്നതിൽ വിശദീകരണം ഹാജരാക്കേണ്ടതാണെന്നും 31.03.2021ന് നീക്കിയിരിപ്പായി ശേഷിച്ച തുകയിൽ എത്ര രൂപ നാളിതുവരെയായി ക്രമീകരിച്ചു എന്ന വിവരം അറിയിക്കേണ്ടതാണെന്നും 24.09.2022ലെ 31/2020-21 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം സർവകലാശാലയെ അറിയിച്ചിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഫണ്ട് ക്രമീകരിക്കാതെ അക്കൌണ്ടിൽ സൂക്ഷിക്കുന്നത് ശരിയല്ല എന്ന് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെടെ പരാമർശിച്ചിട്ടും ഇപ്പോഴും അപാകത പൂർണമായി

പരിഹരിക്കാനായുള്ള നടപടികൾ സർവകലാശാല സ്വീകരിച്ചിട്ടില്ല. ഇ ഗ്രാന്റ്സ് അക്കൌണ്ടിൽ ക്രമീകരിക്കാതെ അവശേഷിക്കുന്ന തുക അടിയന്തരമായി ക്രമീകരിക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇ-ഗ്രാന്റ്സ് ഇനത്തിലെ തുക അക്കൌണ്ട് ചെയ്തതിലെ താഴെ സൂചിപ്പിക്കുന്ന അവ്യക്തത പരിഹരിക്കേണ്ടതാണ്

1. 12.06.2020ലെ 933/എ3/2020/ഇ-ഗ്രാന്റ് നമ്പർ സർവകലാശാല ഉത്തരവ് പ്രകാരം ഇ-ഗ്രാന്റ്സ് ഇനത്തിൽ ട്യൂഷൻ ഫീസ്, പരീക്ഷാഫീസ്, സ്പെഷ്യൽ ഫീസ് എന്നീ ഇനങ്ങളിൽ 72,500 രൂപ ഇ-ഗ്രാന്റ്സ് ആവശ്യങ്ങൾക്കായി പ്രത്യേകം തുടങ്ങിയ ബാങ്ക് അക്കൌണ്ടിൽ (നം. 33466620930) നിന്നും സർവകലാശാലയുടെ പ്രധാന അക്കൗണ്ടിലേക്ക് മാറ്റിയതായി പരാമർശിച്ചിട്ടുണ്ട്. ഇ-ഗ്രാന്റ്സ് അക്കൗണ്ടിൽ 12.12.2019ൽ വരവ് വന്നിട്ടുള്ള ഫീസിനങ്ങളിലെ തുകയാണ് ടി ഉത്തരവ് പ്രകാരം അടവാക്കിയിട്ടുള്ളത്. എന്നാൽ, ഈ തുക 2020-21 വർഷത്തെ വരവിനങ്ങളിലെ ഫീസ് ഇനങ്ങളിൽ ഉൾപ്പെടുത്തിക്കാണുന്നില്ല. 2019-20 വർഷത്തെ ഫീസ് ഇനങ്ങളിലാണോ പ്രസ്തുത തുക ഉൾപ്പെടുത്തിയിട്ടുള്ളത് എന്നതിൽ വ്യക്തത വരുത്തേണ്ടതാണ്. 2020-21 വർഷത്തെ ഫീസ് ഇനങ്ങളിലാണ് ആയത് ഉൾപ്പെടുത്തിയിട്ടുള്ളതെങ്കിൽ ഏത് ഇനങ്ങളിലാണ് ഉൾപ്പെടുത്തയതെന്നും വ്യക്തത വരുത്തേണ്ടതാണ്.

2. 15.12.2020ലെ 1735/എ3/2020/ഇ-ഗ്രാന്റ് നമ്പർ സർവകലാശാല ഉത്തരവ് പ്രകാരം വിവിധ ഫീസിനങ്ങളിൽ 38,000 രൂപ ഇ-ഗ്രാന്റ്സ് ആവശ്യങ്ങൾക്കായി പ്രത്യേകം തുടങ്ങിയ ബാങ്ക് അക്കൌണ്ടിൽ നിന്നും സർവകലാശാലയുടെ പ്രധാന അക്കൗണ്ടിലേക്ക് മാറ്റിയതായി പരാമർശിച്ചിട്ടുണ്ട്. ആയതിൽ, 22,000 രൂപ 2020-21 വർഷത്തെ വരവിനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ ബന്ധപ്പെട്ട ഫീസ് ഇനങ്ങളിൽ ഉൾപ്പെടുത്തിക്കാണുന്നില്ല. ഏത് ഇനത്തിലാണ് ടി വരവ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തത വരുത്തേണ്ടതാണ്.

മേൽപ്പരാമർശിച്ച അവ്യക്തതകൾ പരിഹരിക്കേണ്ടതാണെന്ന് 12.09.2022ലെ 30/2020-21 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം സർവകലാശാലയെ അറിയിച്ചിരുന്നെങ്കിലും ആയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇ-ഗ്രാന്റ്സ് ഇനത്തിലെ തുക അക്കൌണ്ട് ചെയ്തതിലെ അവ്യക്തതകൾ പരിഹരിക്കേണ്ടതാണ്.

## 2-3 സർവകലാശാല ഉത്തരവ് പ്രകാരമുള്ള ലബോറട്ടറി ഫീസ് ഈടാക്കിയില്ല

സർവകലാശാലയുടെ 10/6/2020ലെ 94/2019/എ2/അഡ്മിൻ നമ്പർ ഉത്തരവ് പ്രകാരം 2020 മുതൽ എം.എസ് സി പരിസ്ഥിതിപഠനം വിഭാഗത്തിലെ വിദ്യാർത്ഥികളിൽ നിന്നും ലബോറട്ടറി ഫീസിനത്തിൽ വാർഷികമായി 12,000/- രൂപ വെച്ച് ഈടാക്കാൻ തീരുമാനിക്കുകയും, 8/12/2020 ലെ 94/2019/എ2/അഡ്മിൻ നമ്പർ ഉത്തരവ് പ്രകാരം പ്രസ്തുത ഫീസ് 6,500/- രൂപയായി പുതുക്കി നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. വാർഷികകണക്ക് ലെഡ്ജർ, രസീതുകൾ എന്നിവ പരിശോധിച്ചതിൽ 2020-21 വർഷം എം.എസ്.സി. പരിസ്ഥിതി പഠനം കോഴ്സിൽ പ്രവേശനം നേടിയ താഴെ പറയുന്ന വിദ്യാർത്ഥികളിൽ നിന്ന് ലാബ് ഫീ എന്നീ ഇനത്തിൽ താഴെ പറയും പ്രകാരം ഫീസ് ഈടാക്കിയിട്ടുള്ളതായി കാണുന്നുണ്ട്.

| ക്രമ നം. | രസീത് നമ്പർ | വിദ്യാർത്ഥിയുടെ പേര് | ലാബ് ഫീസായി ഈടാക്കിയ തുക |
|---|---|---|---|
| 1 | 559/31.03.2021 | ആതിര യു വി | 3000 |
| 2 | 557/31.03.2021 | ഐശ്വര്യ യു | 3000 |
| 3 | 555/31.03.2021 | വൈഷ്ണവി കെ ടി | 3000 |
| 4 | 30/09.10.2020 | ജിൻസി കെ വി | 3000 |
| 5 | 28/09.10.2020 | ഹസ്ന എൻ | 3000 |
| 6 | 24/09.10.2020 | അശ്വതി കെ കെ | 3000 |

ഇത് കൂടാതെ, എം.എസ് സി പരിസ്ഥിതിപഠനം കോഴ്സിലെ രണ്ടാം വർഷം പഠിക്കുന്ന ഷംനാസ് എന്ന വിദ്യാർത്ഥിയിൽ നിന്നും ലാബ് ഫീ ആയി 3000 രൂപയും 837/31.03.2021 നമ്പർ രസീത് പ്രകാരവും ഈടാക്കിയിട്ടുണ്ട്.

പ്രസ്തുതകോഴ്സിലെ അഡ്മിഷൻ വിവരങ്ങൾ പരിശോധിച്ചതിൽ 2020-21 വർഷം ഒന്നും രണ്ടും വർഷ എം.എസ് സി പരിസ്ഥിതിപഠനം കോഴ്സിൽ താഴെ പറയുന്ന വിദ്യാർത്ഥികൾ പഠിച്ചിട്ടുണ്ട്.

2020-21 വർഷം ആകെ 28 വിദ്യാർത്ഥികൾ എം.എസ് സി പരിസ്ഥിതിപഠനം കോഴ്സിൽ പഠിച്ചിരുന്നെങ്കിലും ആകെ 6 വിദ്യാർത്ഥികളിൽ നിന്ന് മാത്രമാണ് ലാബ് ഫീ ഈടാക്കിയിട്ടുള്ളത്. മാത്രമല്ല, 8/12/2020 ലെ 94/2019/എ2/അഡ്മിൻ

നമ്പർ ഉത്തരവ് പ്രകാരം 6500 രൂപ ലബോറട്ടറി ഫീസായി ഈടാക്കേണ്ടിയിരുന്നെങ്കിലും 3000 രൂപ വീതം മാത്രമാണ് 7 പേരിൽ നിന്നായി സർവകലാശാല ഈടാക്കിയിട്ടുള്ളത്. ലബോറട്ടറി ഫീസ് ഇനത്തിൽ താഴെ വിശദമാക്കും പ്രകാരം കുറവ് സംഭവിച്ചിട്ടുണ്ട്.

| 94/2019/എ2/അഡ്മിൻ നമ്പർ ഉത്തരവ് പ്രകാരം ലഭിക്കേണ്ടിയിരുന്ന ഫീസ് | 2020-21 വർഷം ലബോറട്ടറി ഫീസ് ഇനത്തിൽ ഈടാക്കിയ ഫീസ് | ലബോറട്ടറി ഫീസ് ഇനത്തില കുറവ് |
|---|---|---|
| 1,82,000 (28 X 6500) | 21,000 (3000 X 7) | 1,61,000 |

സർവകലാശാലയിൽ ലാബ് സൗകര്യം ഇല്ലാത്തതിനാൽ പരിസ്ഥിതി പഠന സ്കൂൾ വിദ്യാർത്ഥികൾക്ക് കാലിക്കറ്റ് യൂണിവേഴ്സിറ്റിയിലാണ് ലാബ് സൗകര്യം ഒരുക്കിയതെന്നും ആയതിനുള്ള ലാബ് ഫീ ചാർജ് വിദ്യാർത്ഥികൾ കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ അടച്ചിട്ടുണ്ടെന്നും സ്കൂൾ ഡയറക്ടർ അറിയിച്ചിട്ടുണ്ടെന്നാണ് ഇത് സംബന്ധിച്ച് നൽകിയ 26.09.2022ലെ 33/2020-21, 10.10.2022ലെ 41/2020-21 നമ്പർ ഓഡിറ്റ് എൻക്വയറികൾക്ക് സർവകലാശാല മറുപടി ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ, സർവകലാശാല കുറച്ച് കുട്ടികളിൽ നിന്ന് മാത്രമായി സർവകലാശാല ഉത്തരവ് പ്രകാരമുള്ള ഫീസിൽ നിന്നും കുറവാക്കി പിരിച്ചെടുത്തത് ഏത് സാഹചര്യത്തിലാണെന്ന് വിശദീകരിച്ചിട്ടില്ല. മാത്രമല്ല, കാലിക്കറ്റ് സർവകലാശാലയിൽ ഫീസ് അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ഈ വിഷയത്തിൽ കൂടുതൽ വ്യക്തത വരുത്തി മറുപടി സമർപ്പിക്കേണ്ടതാണ്. ലബോറട്ടറി ഫീസ് ഇനത്തിലെ കുറവ് ഈടാക്കുന്നതിനുള്ള അടിയന്തരനടപടി കൈക്കൊള്ളേണ്ടതുമാണ്.

## 2-4 ഇന്റേൺഷിപ് ഫീ ഈടാക്കിയതിൽ വ്യക്തതയില്ല

21.03.2020ലെ നിർവാഹകസമിതി യോഗത്തിലെ 2020.23 തീരുമാനപ്രകാരമാണ് എം.എ. തദ്ദേശവികസനപഠനം കോഴ്സിലെ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിന് അനുവാദം നൽകുന്നതും ആയതിന് ചെലവാകുന്ന തുകയുടെ 60% വിദ്യാർത്ഥികളിൽ നിന്നും ഈടാക്കാനും 40% സർവ്വകലാശാല വഹിക്കാനും തീരുമാനിക്കുകയും ചെയ്തത്. ഇന്റേൺഷിപ്പിന് ചെലവാകുന്ന തുകയിൽ ഒരു ഭാഗം സർവകലാശാല ഫണ്ടിൽ നിന്നും ചെലവഴിക്കുന്നത് അധികബാധ്യതക്ക് കാരണമാകുമെന്ന് 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.21 പ്രകാരം പരാമർശിച്ചിട്ടുള്ളതാണ്. എന്നാൽ, ടി നിർവാഹകസമിതി യോഗതീരുമാനം നടപ്പാക്കി പുറപ്പെടുവിച്ചിട്ടുള്ള 08.06.2020ലെ 1605/2018/അഡ്മിൻ നമ്പർ സർവകലാശാല ഉത്തരവിൽ എം.എ. തദ്ദേശവികസനപഠനം, എം.എ. പരിസ്ഥിതിപഠനം കോഴ്സുകളിലെ വിദ്യാർത്ഥികൾക്ക് ഇന്റേൺഷിപ്പിന് അനുവാദം നൽകിയതായാണ് പരാമർശിച്ചിട്ടുള്ളത്. ടി കോഴ്സുകളിലെ ഓരോ വിദ്യാർത്ഥിയിൽ നിന്നും 2020 വർഷം മുതൽ 12000 രൂപ വാർഷിക ഇന്റേൺഷിപ്പ് ഫീസായി ടി ഉത്തരവ് പ്രകാരം നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തു. എന്നാൽ, ടി കോഴ്സുകളിൽ പ്രവേശനം നേടിയ എല്ലാ വിദ്യാർത്ഥികളിൽ നിന്നും ഇന്റേൺഷിപ്പ് ഫീസ് ഈടാക്കിയിട്ടില്ല. ഇന്റേൺഷിപ്പ് ഫീസ് ഇനത്തിൽ 2020-21 വർഷം ആകെ 43,000 രൂപയാണ് സർവകലാശാല ഫണ്ടിലേക്ക് വരവായി ലഭിച്ചിട്ടുള്ളത്. ആയതിന്റെ വിശദാംശങ്ങൾ പരിശോധിച്ചതിൽ ഇന്റേൺഷിപ്പ് ഫീസ് ഈടാക്കിയിട്ടുള്ള ഷംനാസ്, ആതിര യു.വി., ഐശ്വര്യ. യു., വൈഷ്ണവി കെ.ടി., ജിൻസി കെ.വി., ഹസ്ന എൻ, അശ്വതി കെ.കെ. എന്നീ വിദ്യാർത്ഥികൾ (6 പേരിൽ നിന്നായി 3000 രൂപ വീതവും, ഷംനാസിൽ നിന്നും 4000 രൂപയും. ആകെ 22,000 രൂപ) എം. എസ് സി പരിസ്ഥിതിപഠനം കോഴ്സിലെ വിദ്യാർത്ഥികളാണ്. മേൽപരാമർശിച്ച നിർവാഹകസമിതി യോഗതീരുമാനപ്രകാരമോ സർവകലാശാല ഉത്തരവ് പ്രകാരമോ ടി കോഴ്സിന് ഇന്റേൺഷിപ്പ് ഫീസ് ഏർപ്പെടുത്തിയിട്ടില്ലാത്തതാണ്. തൻവർഷം തന്നെ ഇന്റേൺഷിപ്പ് ഫീസ് ഈടാക്കിയിട്ടുള്ള അനന്തു മോഹൻ, അംബുജദേവി പി.കെ., അഞ്ജനദാസ് എം.പി. (ആകെ 9,000 രൂപ) എന്നിവർ എം.എ. പരിസ്ഥിതിപഠനം കോഴ്സിലെ വിദ്യാർത്ഥികളാണ്. മേൽപരാമർശിച്ച നിർവാഹകസമിതി യോഗതീരുമാനം പ്രകാരം ഈ കോഴ്സിന് ഇന്റേൺഷിപ്പ് ഫീസ് ഏർപ്പെടുത്തിയിട്ടില്ലാത്തതാണ്.

ഇന്റേൺഷിപ്പ് ടി കോഴ്സുകളുടെ ഭാഗമാക്കാൻ ബന്ധപ്പെട്ട പഠനബോർഡുകൾ തീരുമാനിച്ചിരുന്നതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമാക്കിയിട്ടുള്ള പഠനബോർഡ് രേഖകളിൽ പരാമർശിച്ചിട്ടില്ല. മാത്രമല്ല, പരിസ്ഥിതിപഠനം കോഴ്സിലെ ലബോറട്ടറി ഫീസ് പുനർനിർണയവുമായി ബന്ധപ്പെട്ട് ചേർന്ന 19.11.2020ലെ യോഗത്തിൽ ഇന്റേൺഷിപ്പ് പരിസ്ഥിതിപഠനത്തിന്റെ സിലബസിൽ ഇല്ലാത്തതിനാൽ നിലവിൽ ഇതിനായി 12000 രൂപ ഫീസായി പിരിക്കാൻ പാടില്ല എന്ന ശുപാർശ സമർപ്പിച്ചതായി കാണുന്നുണ്ട്. ഇന്റേൺഷിപ്പ് നിലവിൽ പാഠ്യപദ്ധതിയുടെ ഭാഗമല്ലാത്തതിനാൽ ടി ഇനത്തിൽ ഈടാക്കിയ ഫീസ് തിരികെ നൽകാവുന്നതാണ് എന്നാണ് പരിസ്ഥിതിപഠനവകുപ്പ് മേധാവി 17.08.2022ൽ സർവകലാശാലയെ അറിയിച്ചിട്ടുള്ളത്. ഇന്റേൺഷിപ്പ് പരിസ്ഥിതിപഠന കോഴ്സുകളുടെ ഭാഗമല്ല എന്ന്

പരിസ്ഥിതിപഠനവകുപ്പ് മേധാവി അറിയിച്ചതിനാലും ഇന്റേൺഷിപ്പ് സംബന്ധിച്ച നിർവാഹകസമിതിയുടെ തീരുമാനത്തിൽ ടി കോഴ്സുകൾ പരാമർശിച്ചിട്ടില്ലാത്തതിനാലും പരിസ്ഥിതിപഠനം കോഴ്സിലെ വിദ്യാർത്ഥികളിൽ നിന്നും ഇന്റേൺഷിപ്പ് ഫീസ് ഇനത്തിൽ തുക ഈടാക്കിയതിൽ വ്യക്തത വരുത്തേണ്ടതാണ്.

മേൽപരാമർശിച്ച നിർവാഹകസമിതി യോഗതീരുമാനം, സർവകലാശാല ഉത്തരവ് എന്നിവ പ്രകാരം ഇന്റേൺഷിപ്പ് ഫീസ് നിർബന്ധമായും പിരിച്ചെടുക്കേണ്ട എം.എ. തദ്ദേശവികസനപഠനം കോഴ്സിൽ 2020-22 ബാച്ചിൽ 20 വിദ്യാർത്ഥികൾ പ്രവേശനം നേടിയതിൽ ഒരു വിദ്യാർത്ഥിയിൽ നിന്ന് മാത്രമാണ് (ജെറിൻ ടി. തോമസ്, 12000 രൂപ, രസീത് നമ്പർ 566/31.03.2021) 2020-21ൽ ടി ഫീസ് ഈടാക്കിയിട്ടുള്ളൂ. ഈ ബാച്ചിൽ പ്രവേശനം നേടിയ വിദ്യാർത്ഥികൾക്ക് സർവകലാശാലയുടെ ഫണ്ട് ചെലവഴിച്ച് ഇന്റേൺഷിപ്പ് നടത്തിയിരുന്നോ എന്നത് സംബന്ധിച്ചും വ്യക്തതയില്ല. ഇന്റേൺഷിപ്പ് വിഷയത്തിൽ വ്യക്തത വരുത്തി ഉത്തരവ് ഇറക്കണമെന്ന് ഭരണവിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നാണ് ഇത് സംബന്ധിച്ച് നൽകിയ 26.09.2022ലെ 33/2020-21, 10.10.2022ലെ 41/2020-21 നമ്പർ ഓഡിറ്റ് എൻക്വയറികൾക്ക് സർവകലാശാല മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

നിർവാഹകസമിതി യോഗതീരുമാനങ്ങളും സർവകലാശാലയുടെ തന്നെ ഉത്തരവുകൾ പോലും കൃത്യമായി നടപ്പിലാക്കുന്നതിൽ സർവകലാശാലയുടെ ഭാഗത്ത് നിന്നും ഈ വിഷയത്തിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഇന്റേൺഷിപ്പ് ഫീസ് ഈടാക്കിയത് സംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്. നിർവാഹകസമിതി യോഗതീരുമാനങ്ങൾ, സർവകലാശാല ഉത്തരവുകൾ എന്നിവ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട് നടപ്പിലാക്കുമ്പോൾ കൃത്യമായ ഏകോപനം ഉറപ്പ് വരുത്തേണ്ടതുമാണ്.

## 2-5 പിരിവ് തുക ബാങ്കിൽ അടവാക്കിയതിലെ അപാകതകൾ

1. KFC Art 7(2) പ്രകാരം പിരിച്ചെടുത്ത തുക അടുത്ത പ്രവൃത്തി ദിവസം ബാങ്കിൽ/ട്രെഷറിയിൽ അടവാക്കേണ്ടതാണ് എന്ന് നിർദേശിച്ചിട്ടുണ്ട്. ആയത് പ്രായോഗികമല്ലെങ്കിൽ ആഴ്ചയിലൊരിക്കലോ ആഴ്ചയിലെ അവസാന പ്രവൃത്തിദിവസമോ അടവാക്കേണ്ടതാണ്. എന്നാൽ സർവകലാശാലയുടെ 2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി നടത്തിയ രസീതി പരിശോധനയിൽ സർവകലാശാല ലൈബ്രറി ഫൈൻ ഇനത്തിൽ പിരിച്ചെടുത്ത തുക തൊട്ടടുത്ത പ്രവൃത്തി ദിവസം ബാങ്കിൽ/ട്രെഷറിയിൽ അടയ്ക്കാതെ ദീർഘനാൾ കൈവശം വെയ്ക്കുന്നതായി കണ്ടെത്തി. വിശദവിവരം താഴെ ചേർക്കുന്നു.

| ക്രമ.നം | രസീതി നമ്പർ/തീയതി | പിരിച്ചെടുത്ത തുക | അടവാക്കിയ തീയതി |
|---|---|---|---|
| 1 | 14401 to 14416 / 01.06.2020 to 30.06.2020 | 937/- | 12.11.2020 |
| 2 | 14417 to 14424/ 02.07.2020 to 23.07.2020 | 253/- | 12.11.2020 |
| 3 | 14425 to 14431 / 03.08.2020 to 19.08.2020 | 773/- | 12.11.2020 |
| 4 | 14432 to 14433 / 22.09.2020 to 28.09.2020 | 24/- | 12.11.2020 |
| 5 | 14434 to 14441 / 08.10.2020 to 30.10.2020 | 603/- | 12.11.2020 |
| 6 | 14751 to 14770 / 11.11.2020 to 30.11.2020 | 1299/- | 30.12.2020 |

| | | | |
|---|---|---|---|
| 7 | 14901 to 14770 / 27.01.2021 to 30.01.2021 | 1277/- | 18.02.2021 |
| 8 | 14951 to 14967 / 19.02.2021 to 26.02.2021 | 1420/- | 18.03.2021 |

പിരിച്ചെടുത്ത തുക ബാങ്കിൽ/ട്രെഷറിയിൽ അടവാക്കാൻ കാലതാമസം വന്നതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് 23.06.2022ലെ 24ആം നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നു. ക്രമനമ്പർ 1 മുതൽ 5 വരെയുള്ള തുകകൾ 11.11.2020 ന് ആണ് ഫിനാൻസ് വിഭാഗത്തിൽ ലഭ്യമായതെന്നും തൊട്ടടുത്ത ദിവസമായ 12.11.2020 ൽ ബാങ്കിൽ അടച്ചിട്ടുണ്ടെന്നും മറുപടിയായി അറിയിച്ചിട്ടുണ്ട്. ക്രമനമ്പർ 6 പ്രകാരമുള്ള തുക ലഭ്യമായത് 24.12.2020 ൽ ആണെന്നും ആയത് 30.12.2020ന് ബാങ്കിൽ അടച്ചിട്ടുണ്ടെന്നും ക്രമനമ്പർ 7, 8 തുകകൾ 17.02.2021 നും 17.03.2021 നും ഫിനാൻസ് വിഭാഗത്തിൽ ലഭിക്കുകയും തൊട്ടടുത്ത ദിവസം ബാങ്കിൽ അടവാക്കുകയും ചെയ്തിട്ടുണ്ട് എന്നുമാണ് അറിയിച്ചിട്ടുള്ളത്. മേൽ തുകകൾ ലൈബ്രറി വിഭാഗം ശേഖരിച്ച ദിവസം തന്നെ ഫിനാൻസ് വിഭാഗത്തിൽ അടക്കാറില്ല എന്നും പണം സ്വീകരിക്കുന്ന ദിവസം തന്നെ പ്രസ്തുത തുകകൾ ഫിനാൻസ് വിഭാഗത്തിൽ അടവാക്കണമെന്ന് ലൈബ്രറി വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നും സർവകലാശാല മറുപടിയായി അറിയിച്ചിട്ടുണ്ട്. പിരിവ് തുക അടുത്ത പ്രവൃത്തിദിവസം തന്നെ ബാങ്കിൽ/ട്രഷറിയിൽ അടവാക്കുന്നതിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

2. സർവകലാശാല 14782/17012.2020 നമ്പർ രസീതി മുഖേന പിരിച്ചെടുത്ത 261 രൂപയിൽ 26 രൂപ മാത്രമാണ് ബാങ്കിൽ അടവാക്കിയിട്ടുള്ളത്. പിരിച്ചെടുത്ത തുക മുഴുവനായും ബാങ്കിൽ അടയ്ക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതും അവശേഷിച്ച തുക ബാങ്കിൽ അടവാക്കി വിവരം അറിയിക്കേണ്ടതുമാണെന്ന് 23.06.2022 ലെ 23/2020-21 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം സർവകലാശാലയെ അറിയിച്ചിരുന്നു. ടി എൻക്വയറിയെ തുടർന്ന് 24.09.2022ലെ 16818-ആം നമ്പർ രശീതി പ്രകാരം കുറവ് വന്ന തുകയായ 235 രൂപ ഫിനാൻസ് വിഭാഗത്തിൽ അടവാക്കിയിട്ടുണ്ടെന്നും സർവകലാശാല മറുപടിയായി അറിയിച്ചിട്ടുണ്ട്. പിരിച്ചെടുത്ത തുക മുഴുവനായും ബാങ്കിൽ അടവാക്കുന്നതിൽ മതിയായ ശ്രദ്ധ പുലർത്തേണ്ടതാണ്.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മുൻകൂർ തുകകളുടെ തിരിച്ചടവ് -കൃത്യമായ നിർദ്ദേശം നൽകേണ്ടതാണ്.

2020-21 വർഷത്തെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ രഞ്ജിത്കുമാർ എം.ആർ, ദീപ്തി കെ.വി എന്നീ ഗവേഷക വിദ്യാർത്ഥികൾ സ്റ്റൈപ്പന്റ് ഇനത്തിൽ മുൻകൂറായി കൈപ്പറ്റിയ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ ക്രമീകരിക്കപ്പെടാതെ നിലനിൽക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥി | തുക | വൌച്ചർ നമ്പർ/തീയതി |
|---|---|---|
| രഞ്ജിത്കുമാർ എം.ആർ | 1,17,774 | ലഭ്യമല്ല |
| ദീപ്തി കെ.വി | 26,871 | ലഭ്യമല്ല |

യഥാർഥത്തിൽ മേൽ തുകകൾ സ്റ്റൈപ്പന്റ് അല്ല. ഇ – ഗ്രാന്റ് ഇനത്തിലുള്ള തുകകൾ കിട്ടാൻ വൈകിയതുകൊണ്ട് സർവ്വകലാശാലാ ഫണ്ടിൽ നിന്ന് മേൽ തുകകൾ നൽകിയത്.ഇ ഗ്രാന്റ് കിട്ടിയപ്പോൾ തിരിച്ചടക്കേണ്ടിയിരുന്നതാണ് അവ. ടി തുകകളുടെ ക്രമീകരണ വിവരം ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നമ്പർ/ തി:10/10-05-22) മറുപടിയിൽ (തീ:09-6-22)മേൽതുകകൾ സർവ്വ കലാശാലയിൽ തിരിച്ചടച്ചതായി പരാമർശിച്ചിട്ടുണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിദ്യാർത്ഥി | തിരിച്ചടച്ച തുക | രശീതി നമ്പർ/ തീയതി |
|---|---|---|

| | | |
|---|---|---|
| രഞ്ജിത്കുമാർ എം.ആർ | 1,17,774 | 16656/27-05-22 |
| ദീപ്തി കെ.വി | 26,871 | 16550/26-06-2 |

മേൽ ഗവേഷക വിദ്യാർത്ഥികൾക്ക് നൽകിയ സ്റ്റൈപ്പന്റ് മുൻകൂർ തുകയായി നൽകിയതല്ലാത്തതിനാൽ പിഴപ്പലിശ ഒഴിവാക്കണമെന്ന് പ്രസ്തുത മറുപടിയിൽ പരാമർശിച്ചിരുന്നു. ഇ ഗ്രാന്റ് ലഭിക്കാൻ വൈകുമ്പോഴാണ് സർവ്വകലാശാലാ ഫണ്ടിൽ നിന്ന് വിദ്യാർതിഥികൾക്ക് ഇപ്രകാരം തുകകൾ നൽകുന്നത്. ഗ്രാന്റ് വൈകുന്നത് വിദ്യാർത്ഥികളുടെ പഠന പുരോഗതിയെ ബാധിക്കാതിരിക്കാനാണ് അപ്രകാരം ചെയ്യുന്നത്.

ഗ്രാന്റ് കിട്ടിക്കഴിഞ്ഞാൽ നേരത്തെ ലഭിച്ച മേൽ ഇനത്തിലുള്ള തുക തിരികെ നൽകാൻ വിദ്യാർത്ഥികൾ ബാദ്ധ്യസ്ഥരാണ്. ആയത് യഥാസമയം തിരിച്ചടക്കാതെ വർഷങ്ങൾക്ക് ശേഷം പരിശോധനയുടെ ഭാഗമായി കണ്ടെത്തുമ്പോൾ മാത്രം തിരിച്ചടക്കുന്നത് ശരിയായ നടപടിയല്ല. കൂടാതെ ഇത്തരത്തിൽ തുകകൾ അനുവദിക്കുമ്പോൾ അതിന്റെ തിരിച്ചടവ് സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകേണ്ടതും തിരിച്ചടവ് നിരീക്ഷിക്കേണ്ടതുമാണ്.

## 3-2 കറന്റ് അക്കൌണ്ട് സേവിംഗ്സ് അക്കൌണ്ടാക്കി മാറ്റുന്നത് സംബന്ധിച്ച്

വൈസ് ചാൻസലറുടെ പേരിൽ എസ്.ബി.എയുടെ തിരൂർ ടൌൺ ശാഖയിൽ നിലവിലുള്ള കറന്റ് അക്കൌണ്ട് (A/c No. 32709117532)എസ് . ബി . അക്കൌണ്ടാക്കി മാറ്റാനുള്ള പൊതുസഭയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ (തീരുമാനം നം/തിയ്യതി : 20.20.34/ 25.8.20 ) അപ്രകാരം മാറ്റം വരുത്താൻ 05-01-22 ലെ 3807/2019/ഫിൻ നമ്പർ കത്ത് പ്രകാരം ബാങ്കിനോട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും സർവ്വകലാശാല പോലെയുള്ള ഒരു Non personal entityക്ക് എസ്.ബി.അക്കൌണ്ട് തുടങ്ങണമെങ്കിൽ സ്പെഷ്യൽ ഓർഡർ അവശ്യമാണെന്ന് എസ്.ബി.ഐ 29-07-22ന് അറിയിച്ചിരുന്നു. ആയതിനെ തുടർന്ന് പലിശ ഇനത്തിൽ തുക നഷ്ടപ്പെടാതിരിക്കാൻ Current A/cലുള്ള തുകയുടെ 75% പിൻവലിച്ച് തിരൂർ സബ് ട്രഷറിയിൽ സ്ഥിര നിക്ഷേപം തുടങ്ങാൻ വൈസ് ചാൻസലർ ഉത്തരവായിരുന്നു. അപ്രകാരം ചെയ്യുന്നതിന് ട്രഷറിയിൽ SB A/c തുടങ്ങണമെന്ന് ട്രഷറി ഓഫീസർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ 30-06-22ന് സർവ്വകലാശാല 303/22/ ബാങ്ക് SBI / ധനകാര്യം നമ്പർ കത്ത് പ്രകാരം സർക്കാരിന്റെ അനുമതി തേടിയിരുന്നു. ആയതിൻമേൽ ഗവ. ആവശ്യപ്പെട്ടിരുന്ന വിശദ വിവരങ്ങൾ 03-09-22ന് സർവ്വകലാശാല അവർക്ക് ലഭ്യമാക്കിയിട്ടുണ്ട്. ആയതിൻമേലുള്ള തുടർ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-3 അതിഥി അദ്ധ്യാപകർക്ക് നിയമന ഉത്തരവിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അധികം വേതനം നൽകി

31-03-21ന് അവസാനിക്കുന്ന അദ്ധ്യയന വർഷത്തേക്ക് അതിഥി അദ്ധ്യാപകരായി ചുവടെ കൊടുത്തിരിക്കുന്ന വ്യക്തികളെ അവരുടെ പേരിന് നേരെ സൂചിപ്പിച്ചിട്ടുള്ള വകുപ്പുകളിൽ താല്ക്കാലികാടിസ്ഥാനത്തിൽ നിയമിച്ചുകൊണ്ട് 01-12-20 തീയതിയിലെ 593/എ2/2020/അഡ്മിൻ നമ്പർ പ്രകാരം ഉത്തരവായിരുന്നു. (ടി അധ്യാപകരുമായി കരാർ ചമച്ചിട്ടില്ല.)

1) ഡോ. ലതിക സി. - പരിസ്ഥിതിപഠനം

2) ഡോ. റ്റിജി പി.വി. - തദ്ദേശ വികസന പഠനം

3) ഡോ.നിഗിലേഷ് പി.എസ് -സോഷ്യോളജി

4) ഡോ. മുഹമ്മദ് സജീർ -ചലച്ചിത്രപഠനം

മേൽ ഉത്തരവ് പ്രകാരം 25,000 രൂപ സഞ്ചിത വേതനത്തിലാണ് ടിയാളുകളെ നിയമിച്ചിട്ടുള്ളത്. മേൽ അദ്ധ്യാപകർക്ക് 2021 ജനവരി, ഫെബ്രുവരി മാസങ്ങളിലായി നൽകിയ വേതന വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | Employee No. | നൽകിയ വേതനം 01/21 | നൽകിയ വേതനം 02/21 | അധികം നൽകിയ തുക | ചെക്ക് നമ്പർ/തി: |
|---|---|---|---|---|---|
| നിഖിലേഷ് P.S. | 01124 | 32169 | 43750 | 7169 + 18750 = 25919 | 5149563/01-02-21, 5149567/01-03-21 |
| റ്റിജി P.V. | 01137 | 28000 | 42000 | 3000 + 17000 | |

| | | | | | |
|---|---|---|---|---|---|
| | | | | = 20000 | |
| മുഹമ്മദ് സജീർ | 01139 | 31219 | 40000 | 6219 + 15000 = 21219 | |
| ലതിക | 01140 | 32169 | 36750 | 7169 + 11750 = 18919 | |

01-12-20ലെ മേൽ ഉത്തരവിന് വിരുദ്ധമായി വേതനം ഇനത്തിൽ അധികമായി 86057 രൂപ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ 34/1.10.2022 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 12.12.22 ന് ലഭ്യമാക്കിയ മറുപടിയിൽ G.O(RT)1293/18 ഉ.വി.വ. തീയ്യതി 4.7.2018 പ്രാകാരം UGC യോഗ്യതയുള്ളതും ഇല്ലാത്തതുമായ അതിഥി അധ്യാപകരുടെ പ്രത്ദിന വേതനം പരമാവധി യഥാക്രമം 43750 രൂപയും 40000 രൂപയുമായി നിശ്ചയിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിലാണ് മേൽ പട്ടികയിൽ പരാമർശിച്ച പ്രകാരമുള്ള വേതനം നൽകിയത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ടി മറുപടി അംഗീകരിക്കുന്നു. 1.12.20 ലെ നിയമന ഉത്തരവ് ഭേദഗതി ചെയ്ത് പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണ്.

### 3-4 രജിസ്ട്രാർ തസ്തികയിൽ അഡ്വാൻസ് ഇൻക്രിമെന്റുകൾ അനുവദിച്ച് ശമ്പളം നിശ്ചയിച്ചത് ക്രമവിരുദ്ധം

14.10.2020ലെ 924/2020/എ1/അഡ്മിൻ നമ്പർ സർവകലാശാല ഉത്തരവ് പ്രകാരം ഡോ. ഷൈജൻ ഡി. സർവകലാശാലയിലെ രജിസ്ട്രാർ തസ്തികയിൽ നിയമിതനാകുകയും 14.10.2020 പൂർവാഹ്നത്തിൽ സേവനത്തിൽ പ്രവേശിക്കുകയും ചെയ്തു. 6-ആം യു.ജി.സി. ശമ്പളപരിഷ്കരണ ഉത്തരവിലെ 37,400-67,000 + 10,000 (എ.ജി.പി) എന്ന പേ ബാന്റിലെ ശമ്പളത്തിന് സമാനമായ7-ആം ശമ്പളപരിഷ്കരണത്തിലെ 1,44,200 രൂപ അടിസ്ഥാനശമ്പളമായി നിശ്ചയിച്ചുനൽകി. കാലിക്കറ്റ് സർവകലാശാലയിലെ രജിസ്ട്രാർക്ക് അനുവദിച്ചതു പോലെ നിയമന പേ ബാന്റായ 37,400-67,000+10,000 (എ.ജി.പി.) എന്നതിനു സമാനമായ അക്കാദമിക് പേ ബാന്റ് 14 ലെ 2 അഡ്വാൻസ് ഇൻക്രിമെന്റുകൾ നൽകി ശമ്പളം പുനർനിർണ്ണയിച്ച് നൽകണമെന്ന രജിസ്ട്രാറായി നിയമിതനായ ഡോ. ഷൈജൻ.ഡി.യുടെ അഭ്യർത്ഥന 13.11.2020ലെ നിർവാഹകസമിതി യോഗം പരിഗണിക്കുകയും 2020.61 നമ്പർ തീരുമാനപ്രകാരം ആയത് അംഗീകരിച്ച് 1,53,000 രൂപയായി അടിസ്ഥാനശമ്പളം നിശ്ചയിച്ച് 30.11.2020ലെ 1427/എ1/2020/അക്കൌണ്ട്സ് പ്രകാരം ഉത്തരവാക്കുകയും ചെയ്തു. ഈ ശമ്പളം 2020 നവംബർ മാസം മുതൽ ഡോ. ഷൈജൻ കൈപ്പറ്റിയിട്ടുണ്ട്.

യു.ജി.സി. 2021 ഫെബ്രുവരി 11ന് ഉന്നതവിദ്യാഭ്യാസവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ചിട്ടുള്ള F. No. 24-2/2018/(PS/Misc.) കത്ത് പ്രകാരം അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ മാത്രമാണ് അഡ്വാൻസ് ഇൻക്രിമെന്റുകൾ അനുവദിക്കാൻ കഴിയൂ എന്ന് സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. സർവകലാശാലയിൽ രജിസ്ട്രാർ തസ്തികയിൽ അഡ്വാൻസ് ഇൻക്രിമെന്റുകൾ അനുവദിച്ച് ശമ്പളം നിശ്ചയിച്ച് നൽകിയത് കാലിക്കറ്റ് സർവകലാശാലയിലെ സമാനമായ വ്യവസ്ഥ അടിസ്ഥാനമാക്കിയാണ് എന്നാണ് ബന്ധപ്പെട്ട ഫയലിൽ പരാമർശിച്ചിട്ടുള്ളത്. എന്നാൽ, സ്റ്റാറ്റ്യൂട്ട് വ്യവസ്ഥകൾ പ്രകാരം രജിസ്ട്രാറുടെ ശമ്പളം നിശ്ചയിച്ച് നൽകുന്നതിന് അടിസ്ഥാനമാക്കേണ്ടത് സർക്കാർ സർവകലാശാലക്ക് ബാധകമാകുന്ന യു.ജി.സി. റെഗുലേഷനുകൾ ആണ്. ആയതിനാൽ, പ്രസ്തുത തസ്തികകൾക്ക് അഡ്വാൻസ് ഇൻക്രിമെന്റുകൾ അനുവദിച്ചു കൊണ്ടുള്ള യു.ജി.സി. റെഗുലേഷനോ സർക്കാർ ഉത്തരവുകളോ അനുമതിയോ ലഭ്യമായിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്ന് 15.07.2022ലെ ഓഡിറ്റ് എൻക്വയറി നം. 27/ 2020-21പ്രകാരം ആവശ്യപ്പെട്ടിരുന്നു. അഡ്വാൻസ് ഇൻക്രിമെന്റുകൾ അനുവദിച്ച് നൽകിയത് മലയാളസർവകലാശാല സ്റ്റാറ്റ്യൂട്ടിലെ വ്യവസ്ഥകൾ അനുസരിച്ചാണെന്നാണ് സർവകലാശാല മറുപടിയിൽ വിശദീകരിച്ചിട്ടുള്ളത്. സ്റ്റാറ്റ്യൂട്ടിലെ അദ്ധ്യായം 2 , 20(1)ലെ രജിസ്ട്രാറെ നിർണയിക്കപ്പെടാവുന്ന നിബന്ധനകളിലും വ്യവസ്ഥകളിലും നിയമിക്കേണ്ടതാണ് എന്ന പരാമർശമാണ് ആയതിന്റെ അടിസ്ഥാനമായി സർവകലാശാല വിശദീകരിച്ചിട്ടുള്ളത്. എന്നാൽ, 2019ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല ആദ്യ സ്റ്റാറ്റ്യൂട്ടുകൾ അദ്ധ്യായം 2, സ്റ്റാറ്റ്യൂട്ടുകൾ 21 പ്രകാരം 'സർക്കാർ സർവകലാശാലക്ക് ബാധകമാക്കുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷനുകൾ പ്രകാരമുള്ള ശമ്പളം രജിസ്ട്രാർ തസ്തികക്ക് നൽകേണ്ടതാണെന്ന്' വ്യക്തമാക്കിയിട്ടുള്ള സാഹചര്യത്തിൽ സർവകലാശാല നിശ്ചയിച്ചുനൽകുന്ന ശമ്പളം യു.ജി.സി. റെഗുലേഷനുകളുടെയോ സർക്കാർ ഉത്തരവുകളുടെയോ അടിസ്ഥാനത്തിലാകേണ്ടത് അനിവാര്യമാണ്. ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ആയത് സംബന്ധിച്ച് സർവകലാശാല വ്യക്തത വരുത്തിയിട്ടില്ല. ആയതിനാൽ, കാലിക്കറ്റ് സർവകലാശാലയിലെ സമാനമായ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാർ തസ്തികയിൽ അഡ്വാൻസ് ഇൻക്രിമെന്റുകൾ അനുവദിച്ച് ശമ്പളം നിശ്ചയിച്ച് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഈയിനത്തിൽ അധികമായി അനുവദിച്ച ശമ്പളം തിരികെ ഇടാക്കേണ്ടതാണ്. വിശദാംശങ്ങൾ താഴെ നൽകുന്നു.

| മാസം, ചെക്ക് നം | വൌച്ചർ നമ്പർ | കൈപ്പറ്റിയ ശമ്പളം | | അർഹമായ ശമ്പളം | | അധികമായി നൽകിയത് |
|---|---|---|---|---|---|---|
| നവംബർ 2020 | പേ | അടി. ശമ്പളം | 153000 | അടി. ശമ്പളം | 144200 | 9592 |

| | | | | | | |
|---|---|---|---|---|---|---|
| ചെക്ക് നം- 5149556/1.12.20 | റോൾ നം. 57 | ക്ഷാമബത്ത | 13770 | ക്ഷാമബത്ത | 12978 | |
| | | വീട്ടുവാടകബത്ത | 1750 | വീട്ടുവാടകബത്ത | 1750 | |
| | | ആകെ | 168520 | ആകെ | 158928 | |
| ഡിസംബർ 2020 ചെക്ക് നം- 2384837/1.1.21 | പേ റോൾ നം. 64 | അടി. ശമ്പളം | 153000 | അടി. ശമ്പളം | 144200 | 9592 |
| | | ക്ഷാമബത്ത | 13770 | ക്ഷാമബത്ത | 12978 | |
| | | വീട്ടുവാടകബത്ത | 1750 | വീട്ടുവാടകബത്ത | 1750 | |
| | | ആകെ | 168520 | ആകെ | 158928 | |
| ജനവരി 2021 ചെക്ക് നം- 5149563/1.2.21 | പേ റോൾ നം. 72 | അടി. ശമ്പളം | 153000 | അടി. ശമ്പളം | 144200 | 9592 |
| | | ക്ഷാമബത്ത | 13770 | ക്ഷാമബത്ത | 12978 | |
| | | വീട്ടുവാടകബത്ത | 1750 | വീട്ടുവാടകബത്ത | 1750 | |
| | | ആകെ | 168520 | ആകെ | 158928 | |
| ഫെബ്രുവരി 2021 ചെക്ക് നം- 2384857/1.3.21 | പേ റോൾ നം. 79 | അടി. ശമ്പളം | 153000 | അടി. ശമ്പളം | 144200 | 9592 |
| | | ക്ഷാമബത്ത | 13770 | ക്ഷാമബത്ത | 12978 | |
| | | വീട്ടുവാടകബത്ത | 1750 | വീട്ടുവാടകബത്ത | 1750 | |
| | | ആകെ | 168520 | ആകെ | 158928 | |
| | ആകെ | | 674080 | | 635712 | 38368 |

### 3-5 ആസ്ഥാനമന്ദിര നിർമ്മാണം : സർക്കാർ ഉത്തരവിലെ പരിധി പാലിക്കാതെ പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായി നിശ്ചയിച്ചു

സർവകലാശാലയുടെ ആസ്ഥാനമന്ദിരനിർമ്മാണത്തിനായി വെട്ടം വില്ലേജിൽ ഏറ്റെടുത്തിട്ടുള്ള ഭൂമിയിൽ നിർമ്മാണപ്രവൃത്തികളുടെ പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി(പി.എം.സി.)യായി തൃശ്ശൂർ ആസ്ഥാനമായുള്ള കോസ്റ്റ് ഫോർഡിനെ ചുമതലപ്പെടുത്തിയിരുന്നു. കോസ്റ്റ് ഫോർഡും സർവകലാശാലയും തമ്മിൽ 20.11.2020ന് ഏർപ്പെട്ടിട്ടുള്ള 049/2020-21 എന്ന നമ്പരിലെ കരാർ പ്രകാരം ഡി.പി.ആറും മാസ്റ്റർ പ്ലാനും കോസ്റ്റ് ഫോർഡ് സർവകലാശാലയ്ക്ക് സമർപ്പിക്കുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തുകയുടെ 0.5 % പ്രതിഫലമായി കോസ്റ്റ് ഫോർഡിന് നൽകേണ്ടതാണ്. തുടർന്ന് മാസ്റ്റർ പ്ലാൻ ഉൾപ്പെടെയുള്ള ഡി.പി.ആർ. കോസ്റ്റ് ഫോർഡ് സമർപ്പിക്കുകയും ആയത് 18.11.2021ൽ സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതുമാണ്. കോസ്റ്റ് ഫോർഡ് തയ്യാറാക്കിയ ഡി.പി.ആർ. പ്രകാരം ആസ്ഥാനമന്ദിരത്തിന്റെയും അനുബന്ധകെട്ടിടങ്ങളുടെയും ആകെ ചെലവ് 138,03,97,000/- രൂപ എന്നാണ് കണക്കാക്കിയിട്ടുള്ളത്. കോസ്റ്റ് ഫോർഡുമായി സർവകലാശാല ഏർപ്പെട്ടിട്ടുള്ള കരാറിലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ ഡി.പി.ആർ. സമർപ്പിച്ചതിന് ശേഷം ആകെ അടങ്കൽ തുകയുടെ 0.5 % തുകയും ആയതിന്റെ 18 ശതമാനം തുകയും(GST) ചേർത്ത് 81,44,342 രൂപയുടെ ബിൽ 06.12.2021ലെ പിആർ/എംയു/05/2021 നമ്പർ കത്തിനൊപ്പം കോസ്റ്റ് ഫോർഡ് സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 15 ലക്ഷം രൂപയെങ്കിലും നൽകിയാൽ മാത്രമെ ഫയർസർവീസ് വകുപ്പിന്റെ നിരാക്ഷേപപത്രം ലഭ്യമാക്കുകയുള്ളൂ എന്ന് കോസ്റ്റ് ഫോർഡ് അറിയിച്ചതിനാൽ ആദ്യഗഡുവായി 15,00,000 രൂപ കോസ്റ്റ് ഫോർഡിന് അനുവദിക്കാൻ 29.12.2021ലെ 457/ക്യാമ്പ. ഡവ/ 2020/വി.സി. പ്രകാരം ഉത്തരവായിട്ടുണ്ട്.

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ 13.05.2020ലെ 457/ക്യാമ്പ. ഡവ/ 2020/വി.സി നമ്പർ ഉത്തരവ് പ്രകാരം കോസ്റ്റ് ഫോർഡിനെ പി.എം.സി. ആയി നിശ്ചയിച്ചത് ടെൻഡർ നടപടികളിലൂടെയല്ല എന്നാണ് കാണുന്നത്. 04.07.2019ലെ സ.ഉ.(അ.) നം. 77/2019/ധന. ഉത്തരവ് പ്രകാരം ടെൻഡർ നടപടി കൂടാതെ പൊതുമരാമത്ത് പ്രവൃത്തികൾ നിർവ്വഹിക്കുന്നതിന് അക്രഡിറ്റഡ് ഏജൻസികളെ തെരഞ്ഞെടുത്തിട്ടുള്ളത് അടിസ്ഥാനമാക്കിയാണ് സർവകലാശാല കോസ്റ്റ് ഫോർഡിനെ പി.എം.സി. ആയി നിശ്ചയിച്ചത്. പ്രസ്തുത ഉത്തരവ് പരിശോധിച്ചതിൽ വിവിധ ഏജൻസികൾക്ക് ഒരു പ്രവൃത്തിയിൽ അനുവദിക്കാവുന്ന പരമാവധി മൂല്യവും ഒരു കാലയളവിൽ നിർവഹിക്കുന്ന പ്രവൃത്തികളുടെ പരമാവധി മൂല്യവും നിശ്ചയിച്ചിട്ടുള്ളതായി കാണുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം കോസ്റ്റ് ഫോർഡിന് അനുവദിക്കാൻ കഴിയുന്ന ഒരു പ്രവൃത്തിയുടെ മൂല്യം 25 കോടി രൂപയും ഒരു കാലയളവിൽ നിർവഹിക്കാവുന്ന പ്രവൃത്തികളുടെ പരമാവധി മൂല്യം 60 കോടി രൂപയുമാണ്. 05.08.2021ലെ സ.ഉ. (അ) 111/2021/ധന., 21.10.2021ലെ സ.ഉ. (അ) 136/2021/ധന., 01.01.2022ലെ സ.ഉ. (അ) 02/2022/ധന., നമ്പർ ഉത്തരവുകൾ പ്രകാരം പ്രസ്തുത ഉത്തരവിന്റെ കാലാവധി വർദ്ധിപ്പിച്ചിട്ടുണ്ട് എങ്കിലും മേൽപരാമർശിച്ച പരിധികളിൽ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ, കോസ്റ്റ് ഫോർഡ് തന്നെ തയ്യാറാക്കിയ ഡി.പി.ആർ. അനുസരിച്ച് പദ്ധതിയുടെ അടങ്കൽ തുക 138 കോടി രൂപയാണ്. ഈ സാഹചര്യത്തിൽ, 04.07.2019ലെ സർക്കാർ

ഉത്തരവിന്റെ ആനുകൂല്യം ഉപയോഗപ്പെടുത്തി കോസ്റ്റ് ഫോർഡിനെ ടെൻഡറില്ലാതെ പി.എം.സി. ആയി നിശ്ചയിച്ച നടപടിയിൽ അപാകതയുണ്ട്. പ്രസ്തുത ഉത്തരവിലെ പരിധികൾ പാലിച്ച് നിർവഹണ ഏജൻസിയെ നിശ്ചയിക്കുകയോ അല്ലാത്ത പക്ഷം ടെൻഡർ നടപടികൾ വഴി പി.എം.സി.യെ നിശ്ചയിക്കുകയോ ചെയ്യേണ്ടിയിരുന്നു. മേൽ അപാകതയിന്മേലുള്ള സർവകലാശാലയുടെ വിശദീകരണം 22.03.2022ലെ 9/2020-21 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. കോസ്റ്റ് ഫോർഡിനെ ടെൻഡറില്ലാതെ പി.എം.സി. ആയി നിശ്ചയിച്ച നടപടിയിൽ സർക്കാർ സാധൂകരണം ലഭ്യമാക്കേണ്ടതാണ്.

## 3-6 നിയമത്തിലും സ്റ്റാറ്റ്യൂട്ടിലും അധ്യാപകരുടെ വിരമിക്കൽ പ്രായം സംബന്ധിച്ച് വ്യത്യസ്തമായ വ്യവസ്ഥകൾ നിലനിൽക്കുന്നു

2013ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല നിയമം, അദ്ധ്യായം 6, വകുപ്പ് 39(4) പ്രകാരം രജിസ്ട്രാറും ഫാക്കൽറ്റികളുടെ ഡീനുകളും സ്കൂളിലെ ഡയറക്ടർമാരും സാധാരണഗതിയിൽ സർവീസിൽ നിന്ന് വിരമിക്കുന്ന വയസ് അറുപത് ആയിരിക്കുന്നതാണ് എന്ന് പരാമർശിച്ചിരിക്കുന്നു. വകുപ്പ് 39 (5) പ്രകാരം വൈസ് ചാൻസലറും പ്രോ വൈസ് ചാൻസലറും (4)ആം ഉപവകുപ്പിൽ നിർദ്ദേശിച്ചിട്ടുള്ളവരും ഒഴികെ സർവ്വകലാശാലയിലെ ഉദ്യോഗസ്ഥരും അധ്യാപകരും സാധാരണഗതിയിൽ സർവീസിൽ നിന്നും വിരമിക്കുന്ന വയസ് അമ്പത്തി ആറ് ആയിരിക്കുന്നതാണ് എന്ന് പരാമർശിച്ചിരിക്കുന്നു. 2019 ഡിസംബർ 9ലെ 24837/ബി2/2013/ഉ.വി.വ (എസ്.ആർ.ഒ. നമ്പർ 57/2020) വിജ്ഞാപനം പ്രകാരം നിലവിൽ വന്നിട്ടുള്ള 2019ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല ആദ്യ സ്റ്റാറ്റ്യൂട്ടുകൾ, അദ്ധ്യായം 3, വകുപ്പ് 8ൽ "സർവകലാശാല അധ്യാപകരുടെ വിരമിക്കൽ പ്രായം അറുപത് വയസായിരിക്കുന്നതാണ്. ഒരു അക്കാദമികവർഷത്തിനിടയിൽ വിരമിക്കുന്നവർക്കും, ജനനതിയതി ജൂലൈ രണ്ടിനോ അതിനുശേഷമോ വരുന്നവർക്കും, അക്കാദമികവർഷം അവസാനിക്കുന്ന മാസത്തിന്റെ അവസാനദിവസം വരെ കെ.എസ്.ആർ. പാർട്ട് I, ചട്ടം 60 (സി) ലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി സർവീസിൽ തുടരാവുന്നതാണ്" എന്നാണ് പരാമർശിച്ചിട്ടുള്ളത്.

സർവകലാശാലയിലെ അധ്യാപകർ നിയമം പ്രകാരം 56 വയസിലും ആദ്യ സ്റ്റാറ്റ്യൂട്ടുകൾ പ്രകാരം 60 വയസിലും സേവനത്തിൽ നിന്നും വിരമിക്കും എന്ന രീതിയിലാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിയമത്തിലെ വ്യവസ്ഥകളിൽ നിന്ന് വ്യത്യസ്തമായ വകുപ്പുകൾ സ്റ്റാറ്റ്യൂട്ടുകളിൽ ഉൾപ്പെടുത്തിയത് ക്രമപ്രകാരമല്ല. മലയാളസർവകലാശാല നിയമം, വകുപ്പ് 45(1) പ്രകാരം നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി മാത്രമെ സ്റ്റാറ്റ്യൂട്ടുകളിൽ ഏതെങ്കിലും കാര്യങ്ങൾക്ക് വേണ്ടി വ്യവസ്ഥ ചെയ്യാൻ കഴിയുകയുള്ളൂ.. 2019ൽ സർക്കാർ വിജ്ഞാപനം ചെയ്ത സ്റ്റാറ്റ്യൂട്ടുകളിൽ 60 വയസായി വിരമിക്കൽ പ്രായം നിശ്ചയിച്ചെങ്കിലും നിയമത്തിൽ അതിനനുസൃതമായ ഭേദഗതികൾ വരുത്തിയതായി കാണുന്നില്ല. ഇത്തരം സാഹചര്യത്തിൽ നിയമത്തിലെ വ്യവസ്ഥകളാണ് നിലനിൽക്കുക എന്നത് കണക്കാക്കിയാൽ സർവകലാശാലയിലെ അധ്യാപകർ 56ആം വയസിൽ വിരമിക്കണമെന്ന സാഹചര്യവും സംജാതമാകുന്നുണ്ട്.

ഇത്തരത്തിൽ വ്യത്യസ്തമായ വ്യവസ്ഥകൾ നിയമത്തിലും സ്റ്റാറ്റ്യൂട്ടുകളിലും ഉൾപ്പെട്ടത് സംബന്ധിച്ച് സർവകലാശാലയുടെ അഭിപ്രായം അറിയിക്കേണ്ടതാണെന്ന് 19.02.2022ലെ കെ.എസ്.എ.ടി.ഇ.എം.യു. എം3/54/2022 നമ്പർ കത്ത് പ്രകാരം സർവകലാശാലയെ അറിയിച്ചിരുന്നു. അധ്യാപകരുടെ വിരമിക്കൽ പ്രായം 56 ആണെന്ന സർവകലാശാലാ നിയമത്തിലെ വൈരുദ്ധ്യം പരിഹരിക്കുന്ന കാര്യം നിയമപരിഷ്കരണ കമ്മീഷൻ മുമ്പാകെ ഉന്നയിച്ചിട്ടുണ്ടെന്നാണ് 04.04.2022ലെ 1360/2020/ഓഡിറ്റ്/അഡ്മിൻ നമ്പർ കത്ത് പ്രകാരം സർവകലാശാല അറിയിച്ചത്. അധ്യാപകരുടെ വിരമിക്കൽ പ്രായം സംബന്ധിച്ച് നിയമത്തിലും സ്റ്റാറ്റ്യൂട്ടുകളിലും നിലനിൽക്കുന്ന വൈരുദ്ധ്യം പരിഹരിക്കുന്നതിൽ അടിയന്തരനടപടി സ്വീകരിക്കേണ്ടതാണ്.

## 3-7 സ്റ്റാറ്റ്യൂട്ടറി തസ്തികകളിലെ ശമ്പളനിർണയം - സ്പഷ്ടീകരണം തേടേണ്ടതാണ്

മലയാളം സർവകലാശാലയിലെ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫിസർ എന്നീ സ്റ്റാറ്റ്യൂട്ടറി തസ്തികകളിലേക്കുള്ള നിയമനങ്ങൾ 2013ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല നിയമത്തിലെയും 2019ലെ ആദ്യസ്റ്റാറ്റ്യൂട്ടിലെയും യു.ജി.സി. റെഗുലേഷനുകളിലെയും വ്യവസ്ഥകൾ പ്രകാരം നടത്തുന്നതിന് 21.03.2020ലെ 44-ആമത് നിർവാഹകസമിതിയോഗം തീരുമാനിച്ചു. തുടർന്ന് 15.07.2020ലെ 924/2020/എ1/അഡ്മിൻ നമ്പർ പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ച് ഈ തസ്തികകളിലേക്കുള്ള നിയമനനടപടികൾ ആരംഭിക്കുകയും താഴെ പട്ടികയിൽ കാണും പ്രകാരം നിയമനങ്ങൾ നടത്തുകയും ചെയ്തു.

| തസ്തിക | നിയമിതനായ ഓഫിസർ | സർവകലാശാല ഉത്തരവ് | സേവനത്തിൽ പ്രവേശിച്ച തിയതി |
|---|---|---|---|

| | | | |
|---|---|---|---|
| രജിസ്ട്രാർ | ഡോ. ഷൈജൻ ഡി. | 15.10.2020ലെ 924/2020 /എ1/അഡ്മിൻ | 14.10.2020 |
| പരീക്ഷാ കൺട്രോളർ | ഡോ. റെജിമോൻ പി.എം. | 18.11.2020ലെ 924/2020 /എ1/അഡ്മിൻ | 18.11.2020 |
| ഫിനാൻസ് ഓഫിസർ | ശ്രീമതി മാരിയറ്റ് തോമസ് | 28.12.2020ലെ 924/2020 /എ1/അഡ്മിൻ | 28.12.2020 |

ഈ തസ്തികകൾക്ക് 6-ആം യു.ജി.സി. ശമ്പളപരിഷ്കരണ ഉത്തരവിലെ 37,400-67,000 + 10,000 (എ.ജി.പി) എന്ന പേ ബാന്റിലെ ശമ്പളമാണ് നിശ്ചയിച്ചുനൽകിയത്. 7-ആം ശമ്പളപരിഷ്കരണത്തിൽ ഈ പേ ബാന്റിന് ബാധകമായ 1,44,200 രൂപ അടിസ്ഥാനശമ്പളമായി ശമ്പളം നിശ്ചയിച്ചു. ഈ തസ്തികകളിലേക്ക് നേരിട്ടുള്ള നിയമനങ്ങളാണ് സർവകലാശാല നടത്തിയതെങ്കിലും സേവനത്തിൽ പ്രവേശിച്ച ഉദ്യോഗസ്ഥരെല്ലാം തന്നെ അവർ പ്രവർത്തിച്ചിരുന്ന സ്ഥാപനങ്ങളിൽ നിന്നും ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിൽ വിടുതൽ നേടിയാണ് സർവകലാശാലയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളത്.

| ഓഫിസർ | ശമ്പളം നിശ്ചയിച്ച സർവകലാശാല ഉത്തരവ് | മാതൃസ്ഥാപനം | തസ്തിക | LPC പ്രകാരമുള്ള അവസാനശമ്പളം |
|---|---|---|---|---|
| ഡോ. ഷൈജൻ ഡി. | 1427/എ1 /2020/അക്കൌണ്ട്സ് - തിയതി - 24.11.2020 | കാലിക്കറ്റ് സർവകലാശാല | അസോ. പ്രൊഫസർ | 139400 |
| ഡോ. റെജിമോൻ പി.എം. | 198/എ1 /2021/അക്കൌണ്ട്സ് - തിയതി - 15.02.2021 | എം.ഡി. കോളേജ്, പഴഞ്ഞി, തൃശ്ശൂർ | അസോ. പ്രൊഫസർ | 143600 |
| ശ്രീമതി മാരിയറ്റ് തോമസ് | 198/എ1 /2021/അക്കൌണ്ട്സ് - തിയതി - 11.02.2021 | കേരള ഇലക്ട്രിക്കൽ എഞ്ചിനിയറിങ് കമ്പനി ലിമിറ്റഡ് | ഫിനാൻസ് മാനേജർ | രേഖപ്പെടുത്തിയിട്ടില്ല |

2020-21 വർഷം സ്റ്റാറ്റ്യൂട്ടറി ഓഫിസർമാർക്ക് താഴെ വിശദമാക്കുന്ന പ്രകാരം ശമ്പളം അനുവദിച്ചിട്ടുണ്ട്.

| മാസം | വൌച്ചർ നമ്പർ | ഓഫിസർ | ശമ്പളം |
|---|---|---|---|
| ഒക്ടോബർ 2020 | പേ റോൾ നം. 50 | ഡോ. ഷൈജൻ.ഡി., രജിസ്ട്രാർ<br>(18 ദിവസത്തെ ശമ്പളം) | അടി. ശമ്പളം 83729 |
| | | | ക്ഷാമബത്ത 7536 |
| | | | വീട്ടുവാടകബത്ത 1016 |
| | | | ആകെ 92281 |
| നവംബർ 2020 | പേ റോൾ നം. 57 | ഡോ. ഷൈജൻ.ഡി., രജിസ്ട്രാർ | അടി. ശമ്പളം 153000 |
| | | | ക്ഷാമബത്ത 13770 |
| | | | വീട്ടുവാടകബത്ത 1750 |
| | | | ആകെ 168520 |

| | | | |
|---|---|---|---|
| | | ഡോ. റെജിമോൻ പി.എം., പരീക്ഷാ കൺട്രോളർ (13 ദിവസത്തെ ശമ്പളം) | അടി. ശമ്പളം 62487 |
| | | | ക്ഷാമബത്ത 5824 |
| | | | വീട്ടുവാടകബത്ത 758 |
| | | | ആകെ 68869 |
| ഡിസംബർ 2020 | പേ റോൾ നം. 64 | ഡോ. ഷൈജൻ.ഡി., രജിസ്ട്രാർ | അടി. ശമ്പളം 153000 |
| | | | ക്ഷാമബത്ത 13770 |
| | | | വീട്ടുവാടകബത്ത 1750 |
| | | | ആകെ 168520 |
| | | ഡോ. റെജിമോൻ പി.എം., പരീക്ഷാ കൺട്രോളർ | അടി. ശമ്പളം 144200 |
| | | | ക്ഷാമബത്ത 12978 |
| | | | വീട്ടുവാടകബത്ത 1750 |
| | | | ആകെ 158928 |
| ജനവരി 2021 | പേ റോൾ നം. 72 | ഡോ. ഷൈജൻ.ഡി., രജിസ്ട്രാർ | അടി. ശമ്പളം 153000 |
| | | | ക്ഷാമബത്ത 13770 |
| | | | വീട്ടുവാടകബത്ത 1750 |
| | | | ആകെ 168520 |
| | | ഡോ. റെജിമോൻ പി.എം., പരീക്ഷാ കൺട്രോളർ | അടി. ശമ്പളം 144200 |
| | | | ക്ഷാമബത്ത 12978 |
| | | | വീട്ടുവാടകബത്ത 1750 |
| | | | ആകെ 158928 |
| ഫെബ്രുവരി 2021 | പേ റോൾ നം. 79 | ഡോ. ഷൈജൻ.ഡി., രജിസ്ട്രാർ | അടി. ശമ്പളം 153000 |
| | | | ക്ഷാമബത്ത 13770 |
| | | | വീട്ടുവാടകബത്ത 1750 |
| | | | ആകെ 168520 |
| | | ഡോ. റെജിമോൻ പി.എം., പരീക്ഷാ കൺട്രോളർ | അടി. ശമ്പളം 144200 |
| | | | ക്ഷാമബത്ത 12978 |
| | | | വീട്ടുവാടകബത്ത 1750 |
| | | | ആകെ 158298 |
| | | ശ്രീമതി മാരിയറ്റ് തോമസ്, | അടി. ശമ്പളം |

| | | |
|---|---|---|
| | ഫിനാൻസ് ഓഫിസർ<br>(ഡിസംബർ 2020ലെ 4 ദിവസത്തെ ശമ്പളം) | 18606<br>ക്ഷാമബത്ത 1675<br>വീട്ടുവാടകബത്ത 226<br>ആകെ 20507 |

2019ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല ആദ്യ സ്റ്റാറ്റ്യൂട്ടുകൾ അദ്ധ്യായം 2, സ്റ്റാറ്റ്യൂട്ടുകൾ 21, 32, 42 എന്നിവ പ്രകാരമാണ് യഥാക്രമം രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫിസർ എന്നീ തസ്തികകളുടെ ശമ്പളം സംബന്ധിച്ച് പരാമർശിച്ചിട്ടുള്ളത്. 'സർക്കാർ സർവകലാശാലക്ക് ബാധകമാകുന്ന യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ റെഗുലേഷനുകൾ പ്രകാരമുള്ള ശമ്പളം പ്രസ്തുതതസ്തികകൾക്ക് നൽകേണ്ടതാണെ'ന്ന് മേൽപരാമർശിച്ച സ്റ്റാറ്റ്യൂട്ടുകൾ വ്യവസ്ഥ ചെയ്യുന്നു.13.8.1992 ലെ സ.ഉ.(കൈ)നം.143/91/ഉന്നത വിദ്യാഭ്യാസം നമ്പർ ഉത്തരവ് പ്രകാരം 1.1.1996 മുതൽ സർവകലാശാലകളിലെ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവർക്ക് യു.ജി.സി. സ്കെയിലിൽ ശമ്പളം അനുവദിച്ചിട്ടുള്ളതാണ്. യു.ജി.സി.യുടെ ആറാം ശമ്പളപരിഷ്കരണം നടപ്പിലാക്കി സംസ്ഥാനസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 27.03.2010ലെ സ.ഉ.(അ.) നം. 58/2010/ഉ.വി. ഉത്തരവിലോ യു.ജി.സി.യുടെ ഏഴാം ശമ്പളപരിഷ്കരണം നടപ്പിലാക്കി സംസ്ഥാനസർക്കാർ പുറപ്പെടുവിച്ചിട്ടുള്ള 29.06.2019ലെ സ.ഉ.(അ.) നം. 18/2019/ഉ.വി. ഉത്തരവിലോ മേൽപരാമർശിച്ച സ്റ്റാറ്റ്യൂട്ടറി ഓഫിസർമാരുടെ ശമ്പളവിവരം പരാമർശിച്ചിട്ടില്ല. പ്രസ്തുതതസ്തികകളുടെ നിയമനവ്യവസ്ഥകൾ അടങ്ങുന്ന ഓർഡിനൻസ് 2020, 21.03.2020ലെ 22-ആമത് പൊതുസഭായോഗം അംഗീകരിക്കുകയും 25.06.2020ലെ 316/2017/വി.സി. നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ആയത് പ്രകാരം 37400-67000 + ഗ്രേഡ് പേ 10000 എന്ന ശമ്പളസ്കെയിലാണ് പ്രസ്തുതതസ്തികകൾക്കായി വ്യവസ്ഥ ചെയ്തിട്ടുള്ളത്. ഈ ഓർഡിനൻസ് പ്രകാരമാണ് ശമ്പളനിർണയം നടത്തിയിട്ടുള്ളത്.

2013ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല നിയമത്തിലെ വകുപ്പ് 48 പ്രകാരം ചെലവ് അന്തർഭവിക്കുന്നതായ ഓർഡിനൻസുകൾ സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോട് കൂടിയല്ലാതെ നിർവാഹകസമിതി പാസാക്കുവാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ, ഈ ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിന് മുമ്പ് സർക്കാർ അനുമതി ലഭ്യമാക്കിയിട്ടില്ല. രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നിവരുടെ നിയമനം ആക്ടിലും സ്റ്റാറ്റ്യൂട്ടിലും വ്യവസ്ഥപ്പെടുത്തിയ പ്രകാരം നടത്താമെന്നിരിക്കെ ചെലവ് അന്തർഭവിക്കുന്ന ഓർഡിനൻസുകൾക്ക് സർക്കാരിന്റെ മുൻകൂട്ടി അനുമതി വേണമെന്നുള്ള ആക്ടിലെ സെക്ഷൻ 48 (3) ലെ വ്യവസ്ഥ മേൽനിയമനങ്ങൾക്ക് ബാധകമാക്കുന്നത് ആക്ടിനും സ്റ്റാറ്റ്യൂട്ടിനും വിരുദ്ധമായേക്കാം എന്നാണ് ഇത് സംബന്ധിച്ച് നൽകിയ 15.07.2022ലെ 27/2020-21നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി സർവകലാശാല അറിയിച്ചിട്ടുള്ളത്. സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ആദ്യസ്റ്റാറ്റ്യൂട്ടുകൾ, യു.ജി.സി. റെഗുലേഷനുകൾ, സർക്കാർ ശമ്പളപരിഷ്കരണ ഉത്തരവുകൾ എന്നിവയിലൊന്നും തന്നെ പ്രസ്തുതതസ്തികകളുടെ ശമ്പളം കൃത്യമായി പരാമർശിച്ചിട്ടില്ല എന്നതിനാലും സർവകലാശാല പുറപ്പെടുവിച്ച ഓർഡിനൻസ് പ്രകാരം മാത്രമാണ് മേൽപരാമർശിച്ച സ്റ്റാറ്റ്യൂട്ടറി തസ്തികകളിലേക്കുള്ള ശമ്പളനിർണയം നടത്തിയത് എന്നതിനാലും നിയമത്തിലെ വകുപ്പ് 48 നിഷ്കർഷിക്കുന്ന സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം അനിവാര്യമായിരുന്നു എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഉന്നതവിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിവിധ സർവകലാശാലാ രജിസ്ട്രാർമാർക്ക് അയച്ചിട്ടുള്ള 14.01.2021ലെ ബി5/139/2020/H.EDN നമ്പർ കത്ത് പ്രകാരം ഡെപ്യൂട്ടേഷൻ രീതിയിൽ ഏത് തസ്തികയിലേക്ക് നിയമനം നേടിയ ഉദ്യോഗസ്ഥർക്കും അധ്യാപകർക്കും മാതൃസ്ഥാപനത്തിൽ അവർക്ക് ലഭിച്ചിരുന്ന ശമ്പളം, ശമ്പളസ്കെയിൽ, ആനുകൂല്യങ്ങൾ എന്നിവക്ക് മാത്രമെ അർഹതയുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. സർവകലാശാലയിൽ സ്റ്റാറ്റ്യൂട്ടറി ഓഫിസർമാരായി നിയമനം നേടിയവരെല്ലാം തന്നെ നേരിട്ടുള്ള നിയമനരീതിയിലൂടെയാണ് നിയമിക്കപ്പെട്ടതെങ്കിലും മാതൃസ്ഥാപനത്തിൽ നിന്നും ഡെപ്യൂട്ടേഷൻ രീതിയിൽ വിടുതൽ നേടിയാണ് സർവകലാശാലയിൽ സേവനത്തിൽ പ്രവേശിച്ചിട്ടുള്ളത്. സർവകലാശാലയിലെ ടി നിയമനങ്ങളിൽ ഉന്നതവിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ മേൽപരാമർശിച്ച കത്തിലെ വ്യവസ്ഥകൾ ബാധകമാണോ എന്നതിൽ സർക്കാരിൽ നിന്നും സ്പഷ്ടീകരണം വാങ്ങിയിരുന്നോ എന്ന് വ്യക്തമാക്കേണ്ടതാണെന്ന് 15.07.2022ലെ ഓഡിറ്റ് എൻക്വയറി നം. 27/2020-21 പ്രകാരം ആവശ്യപ്പെട്ടിരുന്നു. പ്രസ്തുതതസ്തികകളിൽ നേരിട്ടുള്ള നിയമനമാണ് നടത്തിയിട്ടുള്ളത് എന്ന മറുപടിയാണ് സർവകലാശാല നൽകിയത്. ഈ തസ്തികകളിലെ നിയമനകാലാവധിയായ നാലുവർഷം പൂർത്തിയാകുന്ന മുറയ്ക്ക് മേൽ ഉദ്യോഗസ്ഥർക്ക് മാതൃസ്ഥാപനത്തിലേക്ക് തിരിച്ചുപോകുന്നതിന് സർക്കാർ പ്രത്യേകവ്യവസ്ഥകൾ ഉണ്ടാക്കിയിട്ടില്ലാത്തതിനാലായിരിക്കാം മാതൃസ്ഥാപനങ്ങൾ അവരെ ഡെപ്യൂട്ടേഷൻ പ്രകാരം വിടുതൽ ചെയ്തിട്ടുള്ളതെന്നും സർവകലാശാല വിശദീകരിച്ചിട്ടുണ്ട്.

സർവകലാശാല പുറപ്പെടുവിച്ച ഓർഡിനൻസിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരം ലഭ്യമാക്കിയിരുന്നില്ല, ഡെപ്യൂട്ടേഷൻ രീതിയിൽ വിടുതൽ നേടിയവരുടെ ശമ്പളം സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി വിവിധ സർവകലാശാലാ രജിസ്ട്രാർമാർക്ക് അയച്ചിട്ടുള്ള 14.01.2021ലെ ബി5/139/2020/H.EDN നമ്പർ കത്തിലെ നിർദ്ദേശം

എന്നവ പരിഗണിച്ച് രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ എന്നീ സ്റ്റാറ്റ്യൂട്ടറി തസ്തികകളിലെ ശമ്പളനിർണയങ്ങളിൽ സർക്കാരിൽ നിന്ന് സ്പഷ്ടീകരണം തേടേണ്ടതാണ്.

### 3-8 സ്വകാര്യകെട്ടിടങ്ങൾ ഹോസ്റ്റലുകളായി വാടകക്ക് എടുത്തിരിക്കുന്നത് സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിക്കാതെ

കെ.എഫ്.സി വോള്യം ഒന്നാമത് ആർട്ടിക്കിൾ 22 പ്രകാരം വിദ്യാർത്ഥികളുടെ ഹോസ്റ്റൽ വാടക നിശ്ചയിക്കേണ്ടത് പൊതുമരാമത്ത് വകുപ്പാണ്. ജി.ഒ.(പി)നം. 16/95/പി,.ഡബ്ലിയു.&ടി, തിയതി : 09.03.1995, ജി.ഒ,(പി) നം. 13/2012 /പി.ഡബ്ലിയു.ഡി. , തിയതി : 01.02.2012, ജി.ഒ.(ആർ.ടി.) 269/2016 പി.ഡബ്ലിയു.ഡി., തിയതി : 05.02.2016, ജി.ഒ,(പി) നം. 102/2017/ഫിൻ. തിയതി : 07.08.2017, ജി.ഒ. (എം.എസ്) 1/2022പി.ഡബ്ലിയു.ഡി. തിയതി 01.01.2022 എന്നീ ഉത്തരവുകൾ പ്രകാരം സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യകെട്ടിടങ്ങൾ വാടകക്ക് എടുക്കുമ്പോൾ പാലിക്കേണ്ട നിർദേശങ്ങൾ വിശദമാക്കിയിട്ടുള്ളതാണ്. എന്നാൽ, ആ നിർദേശങ്ങൾ സർവകലാശാലയിൽ പാലിച്ചിട്ടില്ല.

1) ജി.ഒ.(പി) നം.16/95/ പി.ഡബ്ലിയു.&ടി തിയതി 09.03.1995 പ്രകാരം സ്വകാര്യകെട്ടിടങ്ങൾ വാടകക്ക് എടുക്കുമ്പോൾ ഭരണവകുപ്പിൽ നിന്നും അനുമതി തേടേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട് എന്നാൽ, സർവ്വകലാശാല ഈ വിഷയത്തിൽ ഉന്നതവിദ്യാഭ്യാസവകുപ്പുമായി ആശയവിനിമയം നടത്തിയിട്ടില്ല .

2) സ്വകാര്യകെട്ടിടങ്ങൾ വാടകക്ക് എടുക്കുമ്പോൾ പൊതുമരാമത്ത് വകുപ്പ് (കെട്ടിട വിഭാഗം) വാടക നിർണ്ണയിക്കേണ്ടതാണ്. ഒരിക്കൽ വാടക നിശ്ചയിച്ചാൽ 3 വർഷം കഴിഞ്ഞേ പിന്നീട് വാടക വർദ്ധിപ്പിക്കാൻ കഴിയൂ (പി,ഡബ്ലിയു.ഡി. മാന്വൽ ക്ലോസ് 2809.5, ജി.ഒ,(പി) നം.16/95/ പി,.ഡബ്ലിയു.&ടി തിയതി 09.03.1995). മേൽ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് സർവ്വകലാശാല 5 സ്വകാര്യ കെട്ടിടങ്ങൾ ഹോസ്റ്റലിനായി വാടകക്ക് എടുത്തിട്ടുള്ളത്. കൂടാതെ 5% വാർഷിക വാടകവർദ്ധനവ് നൽകുന്നുമുണ്ട്.

3) പി.ഡബ്ലിയു.ഡി. നിശ്ചയിച്ച വാടക നിരക്കിനേക്കാൾ ഉയർന്ന വാടക കെട്ടിട ഉടമസ്ഥൻ നിർണ്ണയിച്ചാൽ 07.08.2017ലെ ജി.ഒ,(പി) നം.102/2017/ഫിൻ പ്രകാരം 50,000 രൂപ വരെയുള്ള വാടക പ്രസ്തുത ഭരണവകുപ്പും അതിനു മുകളിലാണെങ്കിൽ സർക്കാർ വാടക നിർണ്ണയ കമ്മിറ്റിയുമാണ് വാടക നിർണ്ണയിച്ച് നൽകേണ്ടത്. സർക്കാർ വാടക നിർണ്ണയ കമ്മിറ്റി ഒരിക്കൽ വാടക നിശ്ചയിച്ചാൽ അഞ്ചു വർഷം കഴിഞ്ഞേ പിന്നീട് വാടക വർദ്ധിപ്പിക്കാവൂ (പി,.ഡബ്ലിയു.ഡി. മാന്വൽ ക്ലോസ് 2809.5). 50,000 രൂപക്ക് മുകളിൽ വാടക നൽകി വരുന്ന സർവകലാശാലയിൽ സർക്കാർ വാടക നിർണ്ണയകമ്മിറ്റി വാടകനിർണ്ണയം നടത്തിയിട്ടില്ല. സർവകലാശാല 01.08.2018 ന് ആദ്യമായി കരാർ ചമച്ച ആലിശ്ശേരി ഗവേഷണ ഹോസ്റ്റലിന്റെ വാടക പ്രതിമാസം 80,000രൂപയാണ്.

4) നിയമാനുസൃതകരാർ ചമക്കുകയോ പുതുക്കുകയോ ചെയ്ത് വരുന്നില്ല. ആലിശ്ശേരിയിലെ പെൺകുട്ടികളുടെ ഹോസ്റ്റൽ 2016 മുതൽ 2021 വരെയും ഗവേഷണ ഹോസ്റ്റൽ 2018 മുതൽ 2021 വരെയും കരാർ പുതുക്കിയിട്ടില്ല. എന്നാൽ വാർഷിക വാടകവർദ്ധനവ് നൽകുന്നുണ്ട്.

5) 01.11.2021ൽ വാടകവർദ്ധനവ് ഇല്ലാത്തവിധം കരാർ പുതുക്കണമെന്ന രജിസ്ട്രാറുടെ നിർദേശം പാലിച്ചില്ല.

2020-21 വർഷ ഓഡിറ്റിന്റെ ഭാഗമായി ഹോസ്റ്റൽ വാടകയുമായി ബന്ധപ്പെട്ടുള്ള ഫയൽ പരിശോധിച്ചതിൽ ഹോസ്റ്റൽ വാടകയിനത്തിൽ ടി വർഷത്തിൽ ചുവടെ ചേർത്ത പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട് .

| ക്രമനം. | കെട്ടിടം/ഉടമസ്ഥ | കാലയളവ് | വാടക | വൌച്ചർ നമ്പർ |
|---|---|---|---|---|
| 1 | ഗവേഷണ ഹോസ്റ്റൽ/ ശ്രീമതി സുബൈദ | 2020 ഏപ്രിൽ,മെയ് | 25200 | 10/06.05.20 |
| 2 | ആലിശ്ശേരി പെൺകുട്ടികളുടെ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2020 മാർച്ച് | 88100 | 41/11.06.20 |
| 3 | ആലിശ്ശേരി ഗവേഷണ ഹോസ്റ്റൽ/ | 2020 മാർച്ച് | 80000 | 41/11.06.20 |

| | | | | |
|---|---|---|---|---|
| | ശ്രീമതി.ഫാത്തിമത്ത് സുഹ്റ | | | |
| 4 | ആൺകുട്ടികളുടെ ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | 2020 മാർച്ച് | 36750 | 41/11.06.20 |
| 5 | ഗവേഷണ ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | 2020 മാർച്ച് | 36750 | 41/11.06.20 |
| 6 | ആലിശ്ശേരി പെൺകുട്ടികളുടെ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2020 ഏപ്രിൽ | 88100 | 42/11.06.20 |
| 7 | ആലിശ്ശേരി ഗവേഷണ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2020 ഏപ്രിൽ | 80000 | 42/11.06.20 |
| 8 | ആൺകുട്ടികളുടെ ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | 2020 ഏപ്രിൽ | 36750 | 42/11.06.20 |
| 9 | ഗവേഷണ ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | 2020 ഏപ്രിൽ | 36750 | 42/11.06.20 |
| 10 | ആലിശ്ശേരി പെൺകുട്ടികളുടെ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2020 മെയ് | 88100 | 43/11.06.20 |
| 11 | ആലിശ്ശേരി ഗവേഷണ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2020 മെയ് | 80000 | 43/11.06.20 |
| 12 | ആൺകുട്ടികളുടെ ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | 2020 മെയ് | 36750 | 43/11.06.20 |
| 13 | ഗവേഷണ ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | 2020 മെയ് | 36750 | 43/11.06.20 |

| | | | | |
|---|---|---|---|---|
| 14 | ആലിശ്ശേരി പെൺകുട്ടികളുടെ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2020ജൂൺ | 88100 | 74/07.07.20 |
| 15 | ആലിശ്ശേരി ഗവേഷണ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2020ജൂൺ | 80000 | 74/07.07.20 |
| 16 | ആൺകുട്ടികളുടെ ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | 2020ജൂൺ | 36750 | 74/07.07.20 |
| 17 | ഗവേഷണ ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | 2020ജൂൺ | 36750 | 74/07.07.20 |
| 18 | ഗവേഷണ ഹോസ്റ്റൽ/ ശ്രീമതി സുബൈദ | 2020ജൂൺ | 12600 | 74/07.07.20 |
| 19 | ആലിശ്ശേരി പെൺകുട്ടികളുടെ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2020ജൂലായ് | 88100 | 102/10.08.20 |
| 20 | ആലിശ്ശേരി ഗവേഷണ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2020ജൂലായ് | 80000 | 102/10.08.20 |
| 21 | ആൺകുട്ടികളുടെ ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | 2020ജൂലായ് | 36750 | 102/10.08.20 |
| 22 | ഗവേഷണ ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | 2020ജൂലായ് | 36750 | 102/10.08.20 |
| 23 | ഗവേഷണ ഹോസ്റ്റൽ/ ശ്രീമതി സുബൈദ | 2020ജൂലായ് | 12600 | 102/10.08.20 |
| 24 | ആലിശ്ശേരി പെൺകുട്ടികളുടെ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2020 ആഗസ്റ്റ്,സെപ്റ്റംബർ | 176200 | 144/12.10.20 |

| | | | | |
|---|---|---|---|---|
| 25 | ആലിശ്ശേരി ഗവേഷണ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2020 ആഗസ്റ്റ്,സെപ്റ്റംബർ | 160000 | 144/12.10.20 |
| 26 | ആൺകുട്ടികളുടെ ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | 2020 ആഗസ്റ്റ്,സെപ്റ്റംബർ | 73500 | 144/12.10.20 |
| 27 | ഗവേഷണ ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | 2020 ആഗസ്റ്റ്,സെപ്റ്റംബർ | 73500 | 144/12.10.20 |
| 28 | ഗവേഷണ ഹോസ്റ്റൽ/ ശ്രീമതി സുബൈദ | 2020 ആഗസ്റ്റ്,സെപ്റ്റംബർ | 25200 | 144/12.10.20 |
| 29 | ആലിശ്ശേരി പെൺകുട്ടികളുടെ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2020 ഒക്ടോബർ | 88100 | 161/06.11.20 |
| 30 | ആലിശ്ശേരി ഗവേഷണ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2020 ഒക്ടോബർ | 80000 | 161/06.11.20 |
| 31 | ആൺകുട്ടികളുടെ ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | 2020 ഒക്ടോബർ | 36750 | 161/06.11.20 |
| 32 | ഗവേഷണ ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | 2020 ഒക്ടോബർ | 36750 | 161/06.11.20 |
| 33 | ഗവേഷണ ഹോസ്റ്റൽ/ ശ്രീമതി സുബൈദ | 2020 ഒക്ടോബർ | 12600 | 161/06.11.20 |
| 34 | ആലിശ്ശേരി പെൺകുട്ടികളുടെ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2020 നവംബർ | 88100 | 194/08.12.20 |
| 35 | ആലിശ്ശേരി ഗവേഷണ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2020 നവംബർ | 80000 | 194/08.12.20 |
| 36 | ആൺകുട്ടികളുടെ | 2020 നവംബർ | 36750 | 194/08.12.20 |

| | | | | |
|---|---|---|---|---|
| | ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | | | |
| 37 | ഗവേഷണ ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | 2020 നവംമ്പർ | 36750 | 194/08.12.20 |
| 38 | ഗവേഷണ ഹോസ്റ്റൽ/ ശ്രീമതി സുബൈദ | 2020 നവംമ്പർ | 12600 | 194/08.12.20 |
| 39 | ആലിശ്ശേരി പെൺകുട്ടികളുടെ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2020 ഡിസംമ്പർ | 88100 | 229/12.01.21 |
| 40 | ആലിശ്ശേരി ഗവേഷണ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2020 ഡിസംമ്പർ | 80000 | 229/12.01.21 |
| 41 | ആൺകുട്ടികളുടെ ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | 2020 ഡിസംമ്പർ | 36750 | 229/12.01.21 |
| 42 | ഗവേഷണ ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | 2020 ഡിസംമ്പർ | 36750 | 229/12.01.21 |
| 43 | ഗവേഷണ ഹോസ്റ്റൽ/ ശ്രീമതി സുബൈദ | 2020 ഡിസംമ്പർ | 12600 | 229/12.01.21 |
| 44 | ആലിശ്ശേരി പെൺകുട്ടികളുടെ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2021 ജനവരി | 88100 | 247/08.02.21 |
| 45 | ആലിശ്ശേരി ഗവേഷണ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2020 ജനവരി | 80000 | 247/08.02.21 |
| 46 | ആൺകുട്ടികളുടെ ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | 2021 ജനവരി | 36750 | 247/08.02.21 |
| 47 | ഗവേഷണ ഹോസ്റ്റൽ/ അരിക്കാഞ്ചിറ | 2021 ജനവരി | 36750 | 247/08.02.21 |

| | | | | |
|---|---|---|---|---|
| | ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | | | |
| 48 | ഗവേഷണ ഹോസ്റ്റൽ/ ശ്രീമതി സുബൈദ | 2021 ജനവരി | 12600 | 247/08.02.21 |
| 49 | ആലിശ്ശേരി പെൺകുട്ടികളുടെ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2021 ഫെബ്രുവരി | 88100 | 283/06.03.21 |
| 50 | ആലിശ്ശേരി ഗവേഷണ ഹോസ്റ്റൽ/ ശ്രീമതി.ഫാത്തിമത്ത് സുഹ്റ | 2020 ഫെബ്രുവരി | 80000 | 283/06.03.21 |
| 51 | ആൺകുട്ടികളുടെ ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | 2021 ഫെബ്രുവരി | 36750 | 283/06.03.21 |
| 52 | ഗവേഷണ ഹോസ്റ്റൽ/ അരിക്കാഞ്ചിറ ശ്രീ.പുളിക്കൽ മുഹമ്മദ് അഷ്റഫ് | 2021 ഫെബ്രുവരി | 36750 | 283/06.03.21 |
| 53 | ഗവേഷണ ഹോസ്റ്റൽ/ ശ്രീമതി സുബൈദ | 2021 ഫെബ്രുവരി | 12600 | 283/06.03.21 |
| | | ആകെ | 30,50,400 | |

സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിക്കാതെ വാടക നിശ്ചയിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. സർവ്വകലാശാല ആക്ട് സെക്ഷൻ 15 നിർവ്വാഹക സമിതിയുടെ അധികാരങ്ങൾ (കെ) പ്രകാരം സർവ്വകലാശാലയിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും അനധ്യാപകർക്കും അനുയോജ്യമായ താമസസൌകര്യങ്ങൾ ഒരുക്കൽ നിർവ്വാഹക സമിതിയുടെ ചുമതലയാണ്. സർക്കാർ മാർഗ്ഗനിർദേശങ്ങൾ പാലിക്കാതെ വാടകയിനത്തിൽ ഭീമമായ തുക ചെലവിടുമ്പോൾ ഈ വിഷയത്തിൽ നിർവ്വാഹകസമിതിയുടെ ക്രിയാത്മക ഇടപെടൽ അനിവാര്യമാണ്. ഈ വിഷയം ഉന്നയിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 18/08.06.2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർവ്വകലാവശ്യങ്ങൾക്ക് കെട്ടിടങ്ങൾ വാടകക്കെടുക്കുമ്പോൾ മുകളിൽ പരാമർശിച്ച സർക്കാർ ഉത്തരവുകളും സർക്കുലറുകളും കർശനമായും പാലിക്കേണ്ടതാണ്.

### 3-9 പുസ്തക പ്രസാധനം -തിരികെ ലഭിക്കാനുള്ള തുകയുടെ വിശദ വിവരങ്ങൾ ലഭ്യമല്ല

മലയാളം സർവ്വകലാശാലയും സാഹിത്യ പ്രവർത്തക സഹകരണ സംഘവും തമ്മിലുണ്ടാക്കിയ കരാറിന്റെ അടിസ്ഥാനത്തിൽ സംഘത്തിൽ വില്പനക്കായി നൽകിയ പത്ത് പുസ്തകങ്ങളിൽ ഓരോന്നിന്റെയും വിലയിൽ നിന്നും 45% തുക കുറവ് ചെയ്ത ശേഷമുള്ള ബാക്കി തുകയായ 1,89,063രൂപ സർവ്വകലാശാലാ ഫണ്ടിൽ അടക്കണമെന്ന് 31-03-21 തീയതിയിലെ 957/2018/VC നമ്പർ കത്ത് പ്രകാരം SPCS സെക്രട്ടറിയോട് ആവശ്യപ്പെട്ടിരുന്നു(Inv. No.01/30-03-21, Sale of publication of books, Amount: 1,89,063/- ).

ടി തുക സർവ്വകലാശാലക്ക് ലഭിച്ചോ എന്ന് വ്യക്തമല്ല. SPCS സെക്രട്ടറിയുടെ 20-03-21 തീയതിയിലെ SPCS/125/2021 നമ്പർ കത്ത്,സംഘവുമായി സർവ്വകലാശാല ചമച്ച കരാർ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് സംബന്ധിച്ച് 06-06-22ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (No.15) മറുപടി ലഭിച്ചിട്ടില്ല.

### 3-10 ക്രമീകരിക്കാത്ത മുൻകൂറുകൾ - ഈടാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

2020-21 വർഷത്തെ മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ വിവിധ വർഷങ്ങളിലായി ( 2016 മുതൽ 31-03-21 വരെ) വിവിധ ചെലവുകൾക്കായി അനുവദിച്ച മുൻകൂർ തുകകൾ ഇനത്തിൽ 13,01,699 രൂപ ക്രമീകരിക്കാതെ അവശേഷിക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ / തീ: 10/10-05-22) നൽകിയ മറുപടിയിൽ (File No. 2465/2021 /ഓഡിറ്റ് /അക്കൌണ്ട്സ്) ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള തുകകൾ തുടർന്നും ക്രമീകരിക്കാൻ / പൂർണ്ണമായി ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണുന്നു.

| ക്രമനമ്പർ | മുൻകൂർ അനുവദിച്ചത് | തുക | വൌച്ചർ നമ്പർ / തീയതി | വിശദ വിവരങ്ങൾ |
|---|---|---|---|---|
| 1 | അനുഗ്രഹ AG , യൂണിയൻ | 6,000 | 1558,1735/28-03-16 | യൂണിയൻ ഉദ്ഘാടനവും കായിക പരിപാടിയും |
| 2 | ഡോ.ടി അനിതകുമാരി, പ്രൊഫസർ | 1,20,000 | 123/12-07-19 | ജർമ്മൻ യാത്ര |
| 3 | സ്റ്റുഡന്റ്സ് യൂണിയൻ, കോർപ്പറേഷൻ ബാങ്ക് | 51,200 | 49/06-04-16 | യൂണിയൻ ചെലവുകൾക്ക് |
| 4 | വി. സഞ്ജയ്, യൂണിയൻ | 7,000 | 215/20-02-17 | Documentation |
| 5 | വിവേക് പി. | 93,000 | 413/12-06-17 | Game project |
| 6 | CWRDM | 25,000 | 1091/15-09-17 | മഴവെള്ളക്കൊയ്ത്ത് |
| 7 | രമ്യ ഇ.പി, പി.എച്ച്.ഡി. | 52,645 | ലഭ്യമല്ല | സ്റ്റൈപ്പന്റ് |
| 8 | നിഷിതദാസ്,പി.എച്ച്.ഡി. | 51,871 | ലഭ്യമല്ല | സ്റ്റൈപ്പന്റ് |
| 9 | വിബീഷ്, പി.എച്ച്.ഡി. | 1,54,774 | ലഭ്യമല്ല | സ്റ്റൈപ്പന്റ് |
| 10 | ഹരിത എൻ. പി.എച്ച്.ഡി. | 50,000 | ലഭ്യമല്ല | സ്റ്റൈപ്പന്റ് |
| 11 | KELTRON | 4,77,564 | 171/13-11-20 | കമ്പ്യൂട്ടർ വാങ്ങുന്നതിനുള്ള തുക |

മുൻകൂറായി അനുവദിക്കുന്ന തുകകൾ ആയത് അനുവദിച്ചതിന് ശേഷം മൂന്ന് മാസത്തിനുള്ളിൽ വിശദമായ ബില്ലുകളും വൌച്ചറുകളും ഹാജരാക്കി ചെലവ് ക്രമീകരിക്കേണ്ടതാണെന്ന് KFC, Vol.I, Article 99ൽ വ്യക്തമാക്കിയിട്ടുണ്ട്. അപ്രകാരം ക്രമീകരിക്കപ്പെടാതെ അവശേഷിക്കുന്ന തുകകൾ 18% പലിശ സഹിതം ഈടാക്കേണ്ടതാണ് എന്ന് 04-10-11 ലെ G.O.(P)No. 419/2011/Fin നമ്പർ ഉത്തരവിലും നിർദ്ദേശിച്ചിട്ടുണ്ട്. തുകകൾ അനുവദിച്ച് വർഷങ്ങൾ കഴിഞ്ഞിട്ടും ആയത് ക്രമീകരിക്കാതെ തുടരുന്നത് അഭിലഷണീയമല്ല. ആയതിനാൽ പട്ടിക പ്രകാരമുള്ള മുൻകൂർ തുകകൾ ഈടാക്കുന്നതിനായി മേൽ ഉത്തരവുകൾ പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-11 മാർഗ്ഗദർശികളുടെ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെ ഫെലോഷിപ്പ് അനുവദിച്ചത് ക്രമവിരുദ്ധം

മലയാളം സർവ്വകലാശാലയിൽ 2020-21 വർഷത്തിൽ വിവിധ പഠനവിഭാഗങ്ങളിലെ മുഴുവൻസമയ ഗവേഷകർക്ക്(Phd, Mphil) 12,000/5500/2500 രൂപ നിരക്കിൽ ഫെല്ലോഷിപ്പ് നൽകിയിട്ടുണ്ട്. ചെലവുമായി ബന്ധപ്പെട്ട വൌച്ചർ, ഹാജർ പുസ്തകം എന്നിവ പരിശോധിച്ചതിൽ ഹാജർ പുസ്തകത്തിലോ വൌച്ചറിലോ ഹാജർ രേഖപ്പെടുത്താതെ ഫെല്ലോഷിപ്പ് അനുവദിച്ചതായി കാണുന്നു. മാർഗ്ഗദർശികൾ ഓൺലൈൻ ക്ലാസ് കൈകാര്യം ചെയ്ത ആകെ ദിവസങ്ങൾ /ഗവേഷകർ ഹാജരായ ദിനങ്ങൾ എന്നീ വിവരങ്ങൾ ഫയലിൽ ലഭ്യമല്ല. വിശദവിവരം ചുവടെ.

| ഗവേഷകന്റെ പേര് | പഠന വകുപ്പ് | വൌച്ചർ നമ്പർ | തുക | അപാകതകൾ |
|---|---|---|---|---|
| ഹാരിഷ്.യു.പി | ചരിത്രം | 313/ 30.03.2021 | 11000 | ജനുവരി 2021, ഫെബ്രുവരി 2021എന്നീ മാസങ്ങളിലെ |

| | | | | |
|---|---|---|---|---|
| | | | | ഫെലോഷിപ്പ് 5500x2 = 11000 രൂപ നൽകിയിട്ടുണ്ട്. ബില്ലിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ല. |
| ഷിജോ വിൽസൺ | സാഹിത്യ പഠനം | 313/ 30.03.2021 | 11000 | ജനുവരി 2021, ഫെബ്രുവരി 2021എന്നീ മാസങ്ങളിലെ ഫെലോഷിപ്പ് 5500x2 = 11000 രൂപ നൽകിയിട്ടുണ്ട്. ബില്ലിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ല. |
| സനോജ് വി.കെ | ഭാഷാ ശാസ്ത്രം | 313/ 30.03.2021 | 11000 | ജനുവരി 2021, ഫെബ്രുവരി 2021എന്നീ മാസങ്ങളിലെ ഫെലോഷിപ്പ് 5500x2 = 11000 രൂപ നൽകിയിട്ടുണ്ട്. ബില്ലിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ല. |
| അമൃത സി | ചലചിത്ര പഠനം | 313/ 30.03.2021 | 12000 | 2020 ആഗസ്റ്റ് മാസത്തിലെ ഫെലോഷിപ്പ് 12000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഹാജർ പുസ്തകത്തിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ല. ഓൺലൈൻ ക്ലാസിന്റെ ഹാജർ കാണിക്കാതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട് ലോക്ഡൗൺ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് |
| അഞ്ജന.കെ | ചരിത്രം | 265/ 18.02.2021 | 36000 | 2020 ഒക്ടോബർ, നവംബർ, ഡിസംബർ മാസത്തിലെ ഫെലോഷിപ്പ് 12000x3 = 36000 രൂപ നൽകിയിട്ടുണ്ട്. എന്നാൽ ബില്ലിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ല. ഹാജർ പുസ്തകത്തിൽ ഓൺലൈൻ ക്ലാസിന്റെ ഹാജർ കാണിക്കാതെ മുഴുവൻ തുകയും നൽകിയിട്ടുണ്ട് |

| | | | | |
|---|---|---|---|---|
| | | | | ലോക്ഡൌൺ എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത് |
| രമിഷ.വി | സംസ്കാര പൈതൃക പഠനം | 265/ 18.02.2021 | 12000 | 2020 ജൂലായ് മാസത്തെ ഫെലോഷിപ്പ് മാർഗദർശിയുടെ ഹാജർ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെ അനുവദിച്ചു |
| സഫ്ന.എം | ഭാഷാ ശാസ്ത്രം | 265/ 18.02.2021 | 84000 | 2019 ജൂൺ മുതൽ ഡിസംബർ വരെയുള്ള 7മാസത്തെ (12000 x7 = 84000) ഫെലോഷിപ്പ് മാർഗദർശിയുടെ ഹാജർ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെ അനുവദിച്ചു |
| ഹാരിഷ്.യു.പി | ചരിത്രം | 265/ 18.02.2021 | 16500 | 2020ഒക്ടോബർ, നവംമ്പർ, ഡിസംബർ എന്നീ മാസങ്ങളിലെ ഫെലോഷിപ്പ് 5500x3 = 16500 രൂപ നൽകിയിട്ടുണ്ട്. ബില്ലിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ല. |
| സനോജ് വി.കെ | ഭാഷാ ശാസ്ത്രം | 265/ 18.02.2021 | 16500 | 2020ഒക്ടോബർ, നവംമ്പർ, ഡിസംബർ എന്നീ മാസങ്ങളിലെ ഫെലോഷിപ്പ് 5500x3 = 16500 രൂപ നൽകിയിട്ടുണ്ട്. ബില്ലിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ല. |
| അശ്വതി ആർ. നായർ | പരിസ്ഥിതി പഠനം | 265/ 18.02.2021 | 16500 | 2020ഒക്ടോബർ, നവംമ്പർ, ഡിസംബർ എന്നീ മാസങ്ങളിലെ ഫെലോഷിപ്പ് 5500x3 = 16500 രൂപ നൽകിയിട്ടുണ്ട്. ബില്ലിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ല. |
| അനിൽ കുമാർ.ഇ.ആർ | ചലചിത്ര പഠനം | 265/ 18.02.2021 | 16500 | 2020ഒക്ടോബർ, നവംമ്പർ, ഡിസംബർ എന്നീ മാസങ്ങളിലെ ഫെലോഷിപ്പ് 5500x3 = 16500 രൂപ നൽകിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | | ബില്ലിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ല. |
| ഷിജോ വിൽസൺ | സാഹിത്യ പഠനം | 265/ 18.02.2021 | 22000 | 2020 ഫെബ്രുവരി, ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിലെ ഫെലോഷിപ്പ് 5500x4 = 22000 രൂപ നൽകിയിട്ടുണ്ട്. ബില്ലിൽ ഹാജർ രേഖപ്പെടുത്തിയിട്ടില്ല. |
| മുഹമ്മദ് മർഷൂഖ്.വി.കെ | ചലചിത്ര പഠനം | 265/ 18.02.2021 | 12000 | 2020 ഡിസംബർ മാസത്തെ ഫെലോഷിപ്പ് മാർഗദർശിയുടെ ഹാജർ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെ അനുവദിച്ചു |
| സുബിത.കെ | സോഷ്യോളജി | 265/ 18.02.2021 | 5500 | 2021 ജനവരി മാസത്തെ ഫെലോഷിപ്പ് മാർഗദർശിയുടെ ഹാജർ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെ അനുവദിച്ചു |
| രേഷ്മ.എ | ഭാഷാശാസ്ത്രം | 265/ 18.02.2021 | 7500 | 2020 മെയ്, ജൂൺ, ജൂലായ് മാസങ്ങളിലെ ഫെലോഷിപ്പ് (2500x3 = 7500) മാർഗദർശിയുടെ ഹാജർ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെ അനുവദിച്ചു |
| നജ്മുദ്ധീൻ. സി. | പരിസ്ഥിതി പഠനം | 233/ 19.01.2021 | 16500 | 2020ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിലെ ഫെലോഷിപ്പ് (5500x3 = 16500 രൂപ) മാർഗദർശിയുടെ ഹാജർ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെ അനുവദിച്ചു. |
| രൂപേഷ് മൈക്കിൾ | സംസ്കാര പൈതൃക പഠനം | 233/ 19.01.2021 | 36000 | 2020 ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിലെ ഫെലോഷിപ്പ് (12000 x 3 = 36000 രൂപ ) മാർഗദർശിയുടെ ഹാജർ |

| | | | | |
|---|---|---|---|---|
| | | | | സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെ അനുവദിച്ചു. |
| മഞ്ജുലക്ഷ്മി.കെ.കെ | സാഹിത്യ പഠനം | 233/ 19.01.2021 | 36000 | 2020ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിലെ ഫെലോഷിപ്പ് (12000x3 = 36000 രൂപ ) മാർഗദർശിയുടെ ഹാജർ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെ അനുവദിച്ചു. |
| ഫാത്തിമ .ആർ.വി. | സാഹിത്യ പഠനം | 233/ 19.01.2021 | 36000 | 2020ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മാസങ്ങളിലെ ഫെലോഷിപ്പ് (12000x3 = 36000 രൂപ ) മാർഗദർശിയുടെ ഹാജർ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെ അനുവദിച്ചു. |
| ഷമീറലി.എം | ചരിത്രം | 233/ 19.01.2021 | 24000 | 2020 നവംബർ, ഡിസംബർ എന്നീ മാസങ്ങളിലെ ഫെലോഷിപ്പ് (12000x2 = 24000 രൂപ ) മാർഗദർശിയുടെ ഹാജർ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെ അനുവദിച്ചു. |
| സുബിത.കെ | സോഷ്യോളജി | 233/ 19.01.2021 | 11000 | 2020ഒക്ടോബർ, ഡിസംബർ എന്നീ മാസങ്ങളിലെ ഫെലോഷിപ്പ് (5500x2 = 11000 രൂപ ) മാർഗദർശിയുടെ ഹാജർ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെ അനുവദിച്ചു. |
| ദർശന. സി | സോഷ്യോളജി | 233/ 19.01.2021 | 12000 | 2020 ഡിസംബർ മാസത്തിലെ ഫെലോഷിപ്പ് മാർഗദർശിയുടെ ഹാജർ സാക്ഷ്യപ്പെടുത്തലുകൾ ഇല്ലാതെ അനുവദിച്ചു. |

ബന്ധപ്പെട്ട മാർഗ്ഗദർശികളുടെ സാക്ഷ്യപെടുത്തലുകൾ ഇല്ലാതെയും ഹാജർപുസ്തകത്തിൽ ഓൺലൈൻ ക്ലാസുകളുടെ ഹാജർ രേഖപ്പെടുത്താതെയും സർവ്വകലാശാലാ ഫെലോഷിപ്പ് അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 21/13-06-2022നുള്ള മറുപടിയിൽ കോവിഡ്

സാഹചര്യത്തിലാണ് ഇപ്രകാരം സാക്ഷ്യപെടുത്തലുകൾ ഇല്ലാതെ ഫെലോഷിപ്പ് അനുവദിച്ചത് എന്ന് അറിയിച്ചു. അപാകതകൾ പരിഹരിച്ച് വൌച്ചർ, ഹാജർ പുസ്തകം എന്നിവ സാക്ഷ്യപ്പെടുത്തി പരിശോധനക്കായി ഹാജരാക്കേണ്ടതാണ്.

### 3-12 ഗവേഷണപുരോഗതി ഇല്ലാത്ത ഗവേഷകർ ചട്ടവിരുദ്ധമായി സർവ്വകലാശാലയിൽ തുടരുന്നു

മലയാളം സർവ്വകലാശാലയിൽ ഗവേഷണത്തിന് ചേർന്ന ചില ഗവേഷണ വിദ്യാർത്ഥികൾ ഗവേഷണ പുരോഗതിയില്ലാതെ കാലാവധിക്ക് ശേഷവും സർവ്വകലാശാലയിൽ തുടരുന്നതായി ഹാജർ പുസ്തകം പരിശോധനയിൽ കണ്ടെത്തി. വിശദവിവരം ചുവടെ

| ക്രമ നം | പേര് | പഠന വകുപ്പ് | ഗവേഷണത്തിന് ചേർന്ന വർഷം/ഹാജർ പുസ്തകത്തിൽ ഹാജരായ വർഷം | അഭിപ്രായം |
|---|---|---|---|---|
| 1. | ദീപ എം | സംസ്കാര പൈതൃക പഠനം. | 2016 | 2021 ലും ഗവേഷണ പുരോഗതിയില്ലാതെ തുടരുന്നു. |
| 2 | സജിത.കെ.വി | സംസ്കാര പൈതൃക പഠനം | 2016 | 2021 ലും ഗവേഷണ പുരോഗതിയില്ലാതെ തുടരുന്നു. |
| 3 | ഷിഫാന.കെ | സംസ്കാര പൈതൃക പഠനം | 2016 | 2021 ലും ഗവേഷണ പുരോഗതിയില്ലാതെ തുടരുന്നു. |
| 4 | അമൃത.സി | ചലച്ചിത്ര പഠനം | 2017 | 2022 ലും ഗവേഷണ പുരോഗതിയില്ലാതെ തുടരുന്നു. |
| 5 | മുഹമ്മദ് മർഷൂക്ക് | ചലചിത്ര പഠനം | 2017 | 2022 ലും ഗവേഷണ പുരോഗതിയില്ലാതെതുടരുന്നു. |
| 6 | ഹരിപ്രസാദ്.സി | ചലചിത്ര പഠനം | 2016 | 2021 ലും ഗവേഷണ പുരോഗതിയില്ലാതെ തുടരുന്നു. |
| 7 | മുഹമ്മദ് തസ്നി | ചലചിത്ര പഠനം | 2017 | 2021 ലും ഗവേഷണ പുരോഗതിയില്ലാതെ തുടരുന്നു. |
| 8 | സംഗീത എം.കെ | ഭാഷാശാസ്ത്രം | 2016 | 2022 ലും ഗവേഷണ പുരോഗതിയില്ലാതെ തുടരുന്നു. |
| 9 | അഞ്ജന.കെ | ചരിത്രം | 2017 | 2022 ലും ഗവേഷണ പുരോഗതിയില്ലാതെ തുടരുന്നു. |
| 10 | നദീറ.കെ | ചരിത്രം | 2017 | 2022 ലും ഗവേഷണ പുരോഗതിയില്ലാതെ തുടരുന്നു. |
| 11 | നിയാസ് മോൻ ചെനക്കൽ | ചരിത്രം | 2017 | 2022 ലും ഗവേഷണ പുരോഗതിയില്ലാതെ തുടരുന്നു. |

| | | | | |
|---|---|---|---|---|
| 12 | സബിത | ചരിത്രം | 2017 | 2022 ലും ഗവേഷണ പുരോഗതിയില്ലാതെ തുടരുന്നു. |
| 13 | ഷാജഹാൻ തവളക്കുഴിയൻ | വികസന പഠനം | 2017 | 2022 ലും ഗവേഷണ പുരോഗതിയില്ലാതെ തുടരുന്നു. |
| 14 | മീര. ടിയു | വികസന പഠനം | 2017 | 2022 ലും ഗവേഷണ പുരോഗതിയില്ലാതെ തുടരുന്നു. |
| 15 | വിബീഷ്.വി | മാധ്യമ പഠനം | 2017 | 2022 ലും ഗവേഷണ പുരോഗതിയില്ലാതെതുടരുന്നു. |

13.11.2019 ലെ പി,എച്ച്.ഡി ഗവേഷണ ചട്ടം ഖണ്ഡിക6(9) പ്രകാരം ഗവേഷണ പുരോഗതിയില്ലാത്തതും ദീർഘകാലമായി ഹാജരില്ലാത്തതുമായ ഗവേഷകരെ പിരിച്ചുവിടാൻ കൌൺസിലിന് അധികാരമുണ്ട്. ഗവേഷണപുരോഗതിയില്ലാതെ കാലാവധിക്ക് ശേഷവും സർവ്വകലാശാലയിൽ തുടരുന്ന വിദ്യാർത്ഥികളുടെ ഗവേഷണകാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ഇവർക്കെതിരെ തുടർനടപടി സ്വീകരിക്കാത്തതിന്റെ വിവരവും ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 19/08-06-2022 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

### 3-13 സർക്കാർ ഉത്തരവുകളും സ്റ്റോർ പർച്ചേസ് മാന്വൽ നിർദേശങ്ങളും പാലിക്കാതെ ഐ.ടി. ഉപകരണങ്ങൾ വാങ്ങി

വൌച്ചർ നമ്പർ : 285/03.02.2021

തുക : 1,68,900

2020-21 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 925/എ2/2020/പർച്ചേസ് എന്ന ഫയൽ പരിശോധിച്ചതിൽ വൌച്ചർ നമ്പർ 285/03.02.2021 പ്രകാരം 3 കമ്പ്യൂട്ടറുകളും 3 പ്രിന്ററുകളും നെക്സ്റ്റ് ടെക് കമ്പ്യൂട്ടേഴ്സ്, ചാലപ്പുറം, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും 1,68,900 രൂപ നൽകി വാങ്ങിയിട്ടുണ്ട്. എന്നാൽ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 18.03.2019ലെ ഐ.ടി. സെൽ സർക്കുലർ നമ്പർ 1/18/2019/വി.സാ.വ. പ്രകാരവും, സർക്കാർ ഉത്തരവ് (കൈ) 24/2017 /ഐ.ടി.ടി തിയതി 18.11.2017 പ്രകാരവും ഐ.ടി ഉപകരണങ്ങൾ സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് എന്ന ഏകജാലക(CPRCS) സംവിധാനത്തിലൂടെ വാങ്ങണം എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, സർവ്വകലാശാല ഈ നിർദേശം പാലിക്കാതെ ടെണ്ടർ മുഖേനയാണ് നെക്സ്റ്റ് ടെക് കംപ്യൂട്ടേഴ്സ്, ചാലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നും ഐ.ടി. ഉപകരണങ്ങൾ (3 കമ്പ്യൂട്ടറും 3 പ്രിന്ററും) വാങ്ങിയിട്ടുള്ളത്.

2. 21.10.2019ലെ ഐ.റ്റി. സെൽ സർക്കുലർ നമ്പർ ഐ.റ്റി. സെൽ 1-106/2019/വി.സാ.വ. ഖണ്ഡിക 6 പ്രകാരം ഏതെങ്കിലും വകുപ്പ്/ സ്ഥാപനങ്ങൾക്ക് പ്രസ്തുതസ്ഥാപനത്തിലെ സവിശേഷജോലിയുമായി ബന്ധപ്പെട്ട ഏതെങ്കിലും തരത്തിലുള്ള പ്രത്യേക സ്പെസിഫിക്കേഷനോട് കൂടിയ ഐ.ടി. ഉപകരണങ്ങൾ അടിയന്തിരമായി ആവശ്യം വരുന്ന സാഹചര്യത്തിൽ വാങ്ങേണ്ടി വരുമ്പോൾ ആയതിന് വകുപ്പുതല ടെക്നിക്കൽ കമ്മറ്റിയുടെ വ്യക്തമായ ശുപാർശ ആവശ്യമാണ് എന്ന് നിർദേശിച്ചിരുന്നു. എന്നാൽ, സർവ്വകലാശാല ഈ നിർദേശം പാലിച്ചിട്ടില്ല.

2020 ഒക്ടോബർ/നവംബർ/ഡിസംബർ മാസങ്ങളിലായി സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരായ രജിസ്ട്രാർ, പരീക്ഷാ കൺട്രോളർ, ഫിനാൻസ് ഓഫീസർ, എന്നിവർ സർവീസിൽ പ്രവേശിച്ച സാഹചര്യത്തിൽ മേൽ ഉദ്യോഗസ്ഥർക്ക് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ അനിവാര്യമായതിനാൽ വൈസ്ചാൻസലറുടെ പ്രത്യേക ഉത്തരവിലൂടെ 3 കമ്പ്യൂട്ടറുകളും, 3 പ്രിന്ററുകളും നിയമാനുസൃതമായ രീതിയിൽ ടെണ്ടർ നടപടികൾ സ്വീകരിച്ച് നെക്സ്റ്റ്ടെക് കമ്പ്യൂട്ടേഴ്സ്, ചാലപ്പുറം, കോഴിക്കോട് എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി നൽകിയതാണെന്നും നിലവിൽ സർവകലാശാലയ്ക്കാവശ്യമായ എല്ലാ ഐ.ടി. ഉപകരണങ്ങളും CPCS പോർട്ടൽ മുഖേന മാത്രമാണ് വാങ്ങി വരുന്നതെന്നുമാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 26/27-07-2022ന് സർവകലാശാല മറുപടി നൽകിയിട്ടുള്ളത്. എന്നാൽ, വാങ്ങലിന് വകുപ്പുതല ടെക്നിക്കൽ കമ്മറ്റിയുടെ ശുപാർശ ലഭ്യമാക്കാത്തത് സംബന്ധിച്ച് വിശദീകരണം ഹാജരാക്കിയിട്ടില്ല. ഭാവിയിൽ ഐ.ടി. ഉപകരണങ്ങൾ വാങ്ങുമ്പോൾ സെൻട്രലൈസ്ഡ് പ്രൊക്യൂർമെന്റ് സംവിധാനത്തിലൂടെ വാങ്ങിക്കേണ്ടതും

അടിയന്തിരസാഹചര്യങ്ങളിൽ ഉപകരണങ്ങൾ വാങ്ങേണ്ടി വരുമ്പോൾ വകുപ്പുതല ടെക്നിക്കൽ കമ്മറ്റിയുടെ അനുമതിയോട് കൂടി മാത്രം വാങ്ങേണ്ടതുമാണ്.

## 3-14 പുസ്തകങ്ങളുടെ അച്ചടിയിൽ സർക്കാർ നിർദേശങ്ങൾ പാലിക്കുന്നില്ല

വൗച്ചർ നമ്പർ 224/07.01.2021 പ്രകാരം പുസ്തകങ്ങൾ അച്ചടിച്ചതിന്റെ കൂലിയായി കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിക്ക് 53147/- രൂപ അനുവദിച്ചിട്ടുണ്ട്. (ചെക്ക് നമ്പർ 2384840/07.01.2021 - സർവകലാശാല ഉത്തരവ് നമ്പർ 1490/എ1/2020/അക്കൗണ്ട്സ് തീയതി 28.12.2020). 'മഹാഭാരതം കിളിപ്പാട്ട് ഒരു പുനർവായന' എന്ന പുസ്തകത്തിന്റെ 300 കോപ്പികളും 'കർസോനി എന്ന സുറിയാനി മലയാളം' എന്ന പുസ്തകത്തിന്റെ 250 കോപ്പികളും 'എഴുത്തച്ഛനെ കുറിച്ചെഴുതുമ്പോൾ' എന്ന പുസ്തകത്തിന്റെ 200 കോപ്പികളും അച്ചടിച്ചതിന്റെ കൂലിയായി കെബിപിഎസ് ആവശ്യപ്പെട്ട തുകയുടെ ( 1,06,293 രൂപ) 50 ശതമാനമായാണ് പ്രസ്തുത ചെലവ് അനുവദിച്ചിട്ടുള്ളത്.

കേരള ബുക്ക്സ് ആന്റ് പബ്ലിഷിംഗ് സൊസൈറ്റിക്ക് ക്വട്ടേഷനോ ടെൻഡറോ ഇല്ലാതെയാണ് അച്ചടി ജോലികൾ ഏൽപിക്കാറുള്ളതെന്ന് ഉത്തരവിൽ പരാമർശമുണ്ട്. 14.07.2004ലെ സർക്കാർ ഉത്തരവ് (സാധാ.) നം. 25339/എച്ച്3/04 / ഉന്നതവിദ്യാഭ്യാസം, 19.05.2011ലെ സർക്കാർ ഉത്തരവ് (സാധാ) നം. 76/2011/ഉന്നതവിദ്യാഭ്യാസം ഉത്തരവുകൾ പ്രകാരമാണ് ഇത്തരത്തിൽ ടെൻഡറോ കരാറോ ഇല്ലാതെ കെബിപിഎസിനെ അച്ചടി ജോലികൾ ഏൽപ്പിക്കുന്നത് എന്നാണ് സർവകലാശാല ഉത്തരവിൽ പരാമർശിച്ചിട്ടുള്ളത്.

മേൽപരാമർശിച്ച രേഖകൾ പരിശോധിച്ചതിൽ 14.07.2004ലെ 25339/എച്ച്3/04 / ഉന്നതവിദ്യാഭ്യാസം ആയി പരാമർശിച്ചിട്ടുള്ളത് സർക്കുലറാണ്. ഈ സർക്കുലർ പ്രകാരം മൽസരാധിഷ്ഠിത ടെൻഡറുകൾ വിളിക്കാതെ കേരള ബുക്ക്സ് ആന്റ് പബ്ലിഷിംഗ് സൊസൈറ്റിക്ക് ജോലികൾ ഏൽപിക്കുന്നതിന് നിബന്ധന നിഷ്കർഷിച്ചിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം കെ.ബി.പി.എസിന് അച്ചടി ജോലി ടെൻഡർ കൂടാതെ നൽകുന്നതിന് മുമ്പായി പ്രസ്തുത അച്ചടിജോലികളുള്ള ഉത്തരവ് ലഭിച്ച് രണ്ട് മാസത്തിനുള്ളിൽ അച്ചടിച്ച സാമഗ്രികൾ നൽകാൻ കഴിയില്ല എന്ന ഗവ. പ്രസ് സൂപ്രണ്ടിന്റെ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് എന്ന് പരാമർശിച്ചിട്ടുണ്ട്. ഈ നിബന്ധന പരാമർശിക്കുന്ന 08.04.1980ലെ സ.ഉ.(സാധാ.) നം. 90/80/ഉ.വി.വ., 05.06.1981ലെ സ.ഉ. (അച്ചടി) നം. 90/81/ഉ.വി.വ. എന്നീ ഉത്തരവുകൾ കർശനമായി പാലിച്ചുമാത്രമെ കെ.ബി.പി.എസിന് അച്ചടി ജോലികൾ ടെൻഡർ ഇല്ലാതെ നൽകാവൂ എന്നും ഈ സർക്കുലറിൽ പരാമർശിച്ചിട്ടുണ്ട്. 10.07.2019ലെ 161/എച്ച്3/18/ഉ.വി.വ. സർക്കുലർ പ്രകാരം സർക്കാർ പ്രസുകളിൽ അച്ചടി നിർവഹിക്കാൻ സാധിക്കാത്ത ജോലികൾ സർക്കാർ പ്രസ് സൂപ്രണ്ടിന്റെ അനുമതിയോടെ മാത്രമേ സർക്കാരേതര/സ്വകാര്യ പ്രസുകളിൽ അച്ചടിക്കാവൂ എന്ന് എല്ലാ ഭരണവകുപ്പ് മേധാവികളുടെയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

കേരള ബുക്ക്സ് ആന്റ് പബ്ലിഷിംഗ് സൊസൈറ്റിക്ക് അച്ചടി ജോലികൾ ടെൻഡർ കൂടാതെ നൽകുന്നതിന് മുമ്പ് സർക്കാർ പ്രസ് സൂപ്രണ്ടിന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിരുന്നോ എന്നും കെ.ബി.പി.എസുമായി സർവകലാശാല കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച് വിവരങ്ങളും അറിയിക്കേണ്ടതാണെന്നും 09.06.2022ലെ 09/2020-21 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽപരാമർശിച്ച സർക്കാർ മാർഗനിർദേശങ്ങൾ സർവകലാശാലയിലെ പുസ്തക അച്ചടിയിൽ കർശനമായും പാലിക്കേണ്ടതാണ്.

## 3-15 വാർഷികകണക്ക് ഓഡിറ്റിനായി സമർപ്പിച്ചത് പൊതുസഭയുടെ അംഗീകാരമില്ലാതെ

2013ലെ തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവകലാശാല നിയമം - അധ്യായം 3 വകുപ്പ് 11(2)ജെ , പ്രഥമ സ്റ്റാറ്റ്യൂട്ട് - അധ്യായം 6 വകുപ്പ് 7(3) എന്നിവ പ്രകാരം സർവകലാശാലാ പൊതുസഭയുടെ അംഗീകാരത്തോടെയാണ് വാർഷികകണക്ക് ഓഡിറ്റിനായി സമർപ്പിക്കേണ്ടത്. എന്നാൽ, 2020-21 വർഷത്തെ വാർഷികകണക്കിന് പൊതുസഭയുടെ അംഗീകാരം ലഭ്യമാക്കിയത് സംബന്ധിച്ച് ആമുഖകത്തിൽ പരാമർശിച്ചിരുന്നില്ല. അംഗീകാരം സംബന്ധിച്ച വിശദാംശങ്ങൾ 23.10.2021ലെ കെ.എസ്.എ.ടി.ഇ.എം.യു./എം3/66/2021 നമ്പർ കത്ത് പ്രകാരം സർവകലാശാലയോട് ആവശ്യപ്പെട്ടിരുന്നു. 2020-21 വർഷത്തെ വാർഷികകണക്കിന് 01.06.2021ലെ നിർവാഹകസമിതി അംഗീകാരം നൽകിയതായും പൊതുസഭ താൽക്കാലികമായി നിലവിലില്ലാത്തതിനാൽ സർവകലാശാല നിയമത്തിലെ വകുപ്പ് 30(6) പ്രകാരം ബഹുമാനപ്പെട്ട വൈസ് ചാൻസലർ വാർഷികകണക്കുകൾ അംഗീകരിച്ച് നടപ്പാക്കിയതായും 09.12.2021ലെ 2832/2019/ധനകാര്യം നമ്പർ കത്ത് പ്രകാരം സർവകലാശാല അറിയിച്ചു. പൊതുസഭയുടെ അംഗീകാരം ലഭ്യമാക്കാതെയാണ് 2020-21 വർഷത്തെ വാർഷികകണക്ക് ഓഡിറ്റിനായി സമർപ്പിച്ചത് എന്ന് സർവകലാശാലയുടെ മറുപടിയിൽ നിന്ന് വ്യക്തമാണ്. സർവകലാശാല നിയമം, സ്റ്റാറ്റ്യൂട്ട് എന്നിവയിൽ വ്യവസ്ഥ ചെയ്തത് പ്രകാരം വാർഷികകണക്ക് പൊതുസഭയുടെ അംഗീകാരത്തോടെ മാത്രം ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ്.

## 3-16 നളചരിതം ആട്ടക്കഥ ഡോക്യുമെന്റേഷൻ - വിപണനസാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്

നളചരിതം ആട്ടക്കഥ ഡോക്യുമെന്റ് ചെയ്യുന്ന പദ്ധതിക്കായി 43,250 രൂപ തൻവർഷം ചെലവഴിച്ചിട്ടുണ്ട്. ഡിടിപി ജോലികളുടെയും സബ്ടൈറ്റിലുകൾ തയ്യാറാക്കിയതിന്റെയും വേതനമായി ശ്രീ കലാമണ്ഡലം എംപിഎസ് നമ്പൂതിരിക്ക് 28250 രൂപയും (വൌച്ചർ നമ്പർ 84/08.07.2020) സബ് ടൈറ്റിൽ എഡിറ്റ് ചെയ്തതിനുള്ള പ്രതിഫലമായി 15000 രൂപയുമാണ് (വൌച്ചർ നമ്പർ 207/24.12.2020) ചെലവഴിച്ചിട്ടുള്ളത്. 2014-15 വർഷം ആരംഭിച്ച ഈ പ്രോജക്ടിലേക്കായി നാളിതു വരെ 17,84,867 രൂപ ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ നൽകുന്നു.

| വർഷം | ചെലവ് |
|---|---|
| 2014-15 | 12,80,599 |
| 2015-16 | 90,039 |
| 2016-17 | 2,92,650 |
| 2018-19 | 16,225 |
| 2019-20 | 62,104 |
| 2020-21 | 43,250 |
| ആകെ | 17,84,867 |

ഉണ്ണായിവാര്യരുടെ നളചരിതം ആട്ടക്കഥ സമ്പൂർണമായി നാല് ദിവസം അവതരിപ്പിച്ച് ഡോക്യുമെന്റ് ചെയ്യുന്ന പദ്ധതിക്ക് സർവകലാശാല രൂപം നൽകുകയും 7 ലക്ഷം രൂപയ്ക്കുള്ളിൽ ചെലവുകൾ പരിമിതപ്പെടുത്തി ഡോക്യുമെന്റ് ചെയ്യുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. കഥകളികലാകാരൻ കലാമണ്ഡലം ഗോപിയുടെ നേതൃത്വത്തിൽ പ്രശസ്തരായ കലാകാരന്മാരെ പങ്കെടുപ്പിച്ചുകൊണ്ട് 2014 നവംബർ 16,17,18,19 തിയതികളിൽ നളചരിതം ആട്ടക്കഥ സമ്പൂർണമായി അവതരിപ്പിച്ച് ഡോക്യുമെന്റേഷൻ ചെയ്യുകയുണ്ടായി. എന്നാൽ, പദ്ധതി പൂർത്തീകരിക്കുന്നതിന് സമയമെടുത്തതിനാലും മറ്റ് കാരണങ്ങളാലും ചെലവ് അധികരിച്ചതിനാൽ പദ്ധതിച്ചെലവ് വർദ്ധിപ്പിച്ച് പുതുക്കിയ ഭരണാനുമതി 30.03.2017ലെ 437/2014/വി.സി. നമ്പർ ഉത്തരവ് പ്രകാരം നൽകി.

പ്രോജക്ടിന്റെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് തുടർനടപടികൾക്കായി ഒരു ഡോക്യുമെന്റേഷൻ കമ്മിറ്റി രൂപീകരിക്കുവാൻ 01.10.2018ൽ വൈസ് ചാൻസലർ നിർദ്ദേശിക്കുകയും ഡോ. ടി. അനിതകുമാരി (രജിസ്ട്രാർ ഇൻ ചാർജ്)നെ കൺവീനറായും ഡോ. സി.എം. നീലകണ്ഠൻ, ഡോ. പി. വേണുഗോപാൽ, ശ്രീ അരുൺ വാര്യർ, ഡോ. കെ.ബി. രാജാനന്ദ്, ഡോ. ആർ രാജീവ് മോഹൻ എന്നിവർ അംഗങ്ങളായും ഡോക്യുമെന്റേഷൻ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് 03.10.2018ലെ 1516/എ1/2018/അക്കാദമിക്ക് നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ഡോക്യുമെന്റേഷൻ കമ്മിറ്റി 16.10.2018ൽ യോഗം ചേരുകയും ഡോക്യുമെന്റേഷൻ കഴിഞ്ഞ ഹാർഡ് ഡിസ്ക് ഡേറ്റ ഇംഗ്ലീഷിലും മലയാളത്തിലും മൊഴിമാറ്റം നടത്തി ഇന്ററാക്ടീവ് സിഡിയായി റീമേക്ക് ചെയ്ത് സി.ഡി.ക്ക് അന്താരാഷ്ട്രവിപണി കണ്ടെത്താൻ ശ്രമിക്കണമെന്ന് തീരുമാനിക്കുകയും ആയതിലേക്കുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആലോചിക്കുകയും ചെയ്തു. സമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 05.04.2019ലെ 1516/എ1/2018/അക്കാദമിക്ക് നമ്പർ ഉത്തരവ് പ്രകാരം കഥകളി അവതരണത്തിന്റെ ഓഡിയോ-വീഡിയോ ഹാർഡ് ഡിസ്കിലേക്ക് ചേർക്കാനുള്ള ചുമതല മാധ്യമപഠനവിഭാഗം അസി. പ്രൊഫസർ ഡോ. രാജീവ് മോഹന് നൽകിയിരുന്നു. അവതരണത്തിന്റെ മലയാളത്തിലെഴുതി തയ്യാറാക്കിയ സബ്ടൈറ്റിലുകൾ നളചരിതം ഡോക്യുമെന്റേഷൻ കമ്മിറ്റിയിലെ വിദഗ്ദ്ധാംഗങ്ങളായ ഡോ. സി.എം. നീലകണ്ഠൻ, ശ്രീ കെ.ബി. രാജ് ആനന്ദ്, ശ്രീ അരുൺ വാര്യർ എന്നിവർ ചേർന്നു നിർവഹിക്കുകയുണ്ടായി. ഡോക്യുമെന്റേഷൻ സമ്പൂർണ്ണ ഫലപ്രാപ്തിയിൽ എത്തിക്കുന്നതിന്റെ ഭാഗമായി ഇംഗ്ലീഷ് സബ്ടൈറ്റിലുകൾ അതതു സന്ദർഭങ്ങളിൽ വിന്യസിക്കേണ്ട പ്രവൃത്തി കേരള കലാമണ്ഡലം മുൻപ്രിൻസിപ്പലും പ്രശസ്ത കഥകളി അധ്യാപകനുമായ കലാമണ്ഡലം എം.പി.എസ്. നമ്പൂതിരിയെ ചുമതലപ്പെടുത്തുകയും ആയത് പൂർത്തിയാക്കുകയും ചെയ്തു.

നളചരിതം ആട്ടക്കഥ ഡോക്യുമെന്റേഷന് ഇംഗ്ലീഷ്, മലയാളം സബ്ടൈറ്റിലുകൾ നൽകി വിപണനത്തിനും ഉപയോഗത്തിനും സജ്ജമാക്കിയ സാഹചര്യത്തിൽ ഇതിന്റെ വിതരണസാധ്യതകളെക്കുറിച്ച് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് 22.12.2021 ലെ ഉത്തരവിലൂടെ ഒരു കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി 11.02.2022ൽ യോഗം ചേർന്ന് സർവകലാശാലയുടെ പക്കൽ നിക്ഷിപ്തമായിട്ടുള്ള പകർപ്പവകാശം സംബന്ധിച്ച കരാർ സ്റ്റാന്റിങ്ങ് കോൺസലിനെക്കൊണ്ട് പരിശോധിച്ച് സാധൂകരിച്ച ശേഷം വിപണനത്തിന് അനുയോജ്യമായ രീതി തിരഞ്ഞെടുക്കാവുന്നതാണെന്നും പകർപ്പവകാശം സംബന്ധിച്ച കാര്യങ്ങൾ മനസ്സിലാക്കിയ ശേഷം നളചരിതം ആട്ടക്കഥ ഡോക്യുമെന്റേഷൻ കലാസ്വാദകർക്കും ഗവേഷകർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ അനുയോജ്യമായ പ്ലാറ്റ്ഫോമുകളിലൂടെ നിശ്ചിത ദൈർഘ്യമുള്ള മൊഡ്യൂളുകളായി വിതരണം ചെയ്യാമെന്നും തീരുമാനിച്ചു. സർവകലാശാല നിർമ്മിച്ച വീഡിയോ ആയതിനാൽ 1957ലെ പകർപ്പവകാശനിയമം വകുപ്പ് 17 (ബി) , (സി) പ്രകാരം സർവകലാശാലക്കാണ് ആയതിന്റെ ഉടമസ്ഥാവകാശം, വിപണനം ചെയ്യുന്നതിന് മുമ്പായി അവതാരകരുടെ അനുമതി തേടണം, പകർപ്പവകാശം രജിസ്റ്റർ

ചെയ്യണം, പകർപ്പവകാശനിയമം വകുപ്പ് 52 എ യിൽ അനുശാസിക്കുന്ന വിവരങ്ങൾ ഡോക്യുമെന്റിൽ പ്രദർശിപ്പിക്കണം എന്നീ അഭിപ്രായങ്ങളാണ് സ്റ്റാൻഡിങ്ങ് കൗൺസൽ 07.04.2022ൽ നൽകിയിട്ടുള്ളത്.

ടി നിർദ്ദേശങ്ങൾ പാലിച്ച് ആട്ടക്കഥ ഡോക്യുമെന്റ് വിപണനം ചെയ്യുന്നതിന് സ്വീകരിച്ച തുടർനടപടികൾ അറിയിക്കേണ്ടതാണെന്ന് 01.10.2022ലെ ഓഡിറ്റ് എൻക്വയറി നം. 36 /2020-21 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. ആട്ടക്കഥ ഡോക്യുമെന്റ് ചെയ്യുന്ന പദ്ധതിയുടെ വിപണനസാധ്യതകൾ പൂർണമായും ഉപയോഗപ്പെടുത്തേണ്ടതും ആയതിന് കൈക്കൊണ്ട നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

### 3-17 എഴുത്തച്ഛൻ നിഘണ്ടു - നീണ്ട വർഷങ്ങൾക്ക് ശേഷവും വെളിച്ചം കണ്ടില്ല

മലയാളത്തിൽ സമഗ്രവും ആധുനികവുമായ ഒരു മലയാള നിഘണ്ടു തയ്യാറാക്കി ഓൺലൈനിൽ ലഭ്യമാക്കാനുള്ള ഒരു പ്രൊജക്ട് ആരംഭിക്കാൻ 19-12-2013ൽ കൂടിയ സർവ്വകലാശാല നിർവ്വാഹക സമിതിയുടെ യോഗത്തിൽ തീരുമാനിക്കപ്പെട്ടതിന്റെ ( 5(8)ാം നമ്പർ തീരുമാനം )അടിസ്ഥാനത്തിൽ "എഴുത്തച്ഛൻ നിഘണ്ടു" എന്ന പ്രൊജക്ട് 2014-15 വർഷത്തിൽ ആരംഭിച്ചിരുന്നു. 25 ലക്ഷം രൂപ അടങ്കൽ നിശ്ചയിച്ചിരുന്ന മേൽ പ്രൊജക്ടിന് 31-07-14ലെ 102/2014/VC നമ്പരിൽ ഭരണാനുമതിയും നൽകി.വൈസ് ചാൻസലർ എക്സ് ഒഫീഷ്യോ ജനറൽ എഡിറ്ററായും ഭാഷാ ശാസ്ത്രം പ്രൊഫസർ എം ശ്രീനാഥൻ , യു.ജി.സി. എമിററ്റസ് പ്രൊഫസറായിരുന്ന ഡോ. ആർ ഗോപിനാഥൻ എന്നിവരെ എഡിറ്റർമാരായും നിയമിച്ചു.മേൽ പ്രൊജക്ടിൽ Jr. Project Assistant ആയി നിയമിച്ചിരുന്ന ശ്രീമതി അഖില കൃഷ്ണക്ക് ഓഡിറ്റ് വർഷത്തിൽ (2020-21) ചുവടെ കൊടുത്തിരിക്കും പ്രകാരം പ്രതിമാസം 10,000 രൂപ നിരക്കിൽ വേതനം നൽകിയിട്ടുണ്ട്.

| മാസം | വൌച്ചർ നമ്പർ/തീയതി | ചെക്ക് നമ്പർ/തീയതി | തുക |
|---|---|---|---|
| ജൂൺ | 76/08-07-20 | 2912342/08-07-20 | 10000 |
| മെയ്, ജൂലായ്, ആഗസ്റ്റ്, സെപ്റ്റംബർ | 143/12-10-20 | 2384834/12-10-20 | 40000 |
| ഒക്ടോബർ | 159/04-11-20 | 2384819/04-11-20 | 10000 |
| നവംബർ | 180/03-12-20 | 2384829/03-12-20 | 10000 |
| ഡിസംബർ | 252/08-02-21 | - | 10000 |

ഇപ്രകാരം 2020-21 വർഷത്തിൽ ആകെ 80,000 രൂപ നൽകിയിട്ടുണ്ട്. (ടിയാരിയുടെ നിയമന കാലാവധി 30-06-20ന് അവസാനിച്ചത് 01-10-20 ലെ 1001/2015/അക്കാദമികം നമ്പർ ഉത്തരവ് പ്രകാരം 31-12-20 വരെ ദീർഘിപ്പിച്ച് നൽകി).

ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ പ്രൊജക്ട് നിർവ്വഹണത്തിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.

1) നാളിത് വരെ ചെലവഴിച്ച തുകയുടെ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നമ്പർ/തീ:43 /13-10-22) 49,18,418 രൂപ ചെലവായിട്ടുണ്ടെന്ന് മറുപടി നൽകിയിട്ടുണ്ട് (File No.2054/എ1/ഓഡിറ്റ്/അക്കൌണ്ട്സ്). അടങ്കൽ 25 ലക്ഷം രൂപയായിരിക്കെ അതിൽ കൂടുതൽ തുക ചെലവഴിച്ചതിന് നിർവ്വാഹക സമിതിയുടെ അംഗീകാരം വാങ്ങിയിട്ടില്ല .

2) നിഘണ്ടു നിർമ്മാണത്തിന്റെ പ്രാധാന പ്രവൃത്തിയായ പദങ്ങൾ നിശ്ചിത ഫോർമാറ്റിൽ കമ്പ്യൂട്ടറിലാക്കൽ പൂർത്തിയാക്കിയിട്ടുണ്ടോ എന്ന വിവരം ഫയലിൽ നിന്നും വ്യക്തമല്ല.

3) ശബ്ദ താരാവലിയുടെ 500 പുറങ്ങൾ DTP ചെയ്യുന്നതിന് തിരുവനന്തപുരത്തുള്ള ഗ്രാമീണ പഠന കേന്ദ്രത്തിന് 23,544 രൂപ 14-10-14 ന് നൽകിയതായി കാണുന്നു (ഉത്തരവ് നമ്പർ: 102/2014/VC, 02-02-14 of VC). ആയത് കിട്ടിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

4) മേൽ പ്രൊജക്ടുമായി ബന്ധപ്പെട്ട് രൂപീകരിച്ച കൺസോർഷ്യത്തിലെ അംഗ സ്ഥാപനങ്ങളായ C-DAC, IIITM, AO – KBC എന്നിവക്ക് ചുവടെ കൊടുത്തിരിക്കും പ്രകാരമാണ് പ്രതിഫലം നൽകാൻ തീരുമാനിച്ചിരുന്നത്.

കരാർ ഒപ്പിട്ടതിന് ശേഷം - 30%

ഒന്നാം ഘട്ട പ്രവർത്തനം പൂർത്തിയാക്കി സ്വരാക്ഷരങ്ങളുടെ അടിസ്ഥാനത്തിലുള്ള പദങ്ങൾ upload ചെയ്ത ശേഷം - 30%

വ്യഞ്ജനാക്ഷരങ്ങളുടെ അടിസ്ഥാനത്തിലുള്ള പദങ്ങൾ upload ചെയ്ത ശേഷം - 30%

പ്രൊജക്ട് നടപടികൾ പൂർത്തിയാക്കിയ ശേഷം - 10%

അതനുസരിച്ച് ഏത് ഘട്ടം വരെയുള്ള പ്രവൃത്തികൾക്ക് മേൽ സ്ഥാപനങ്ങൾക്ക് എത്ര രൂപ പ്രതിഫലം നൽകിയിട്ടുണ്ട് എന്ന് വ്യക്തമല്ല.

5) നിഘണ്ടുവിൽ ഉൾപ്പെടുത്താനുള്ള പദങ്ങളുടെ ഇംഗ്ലീഷ് അർത്ഥങ്ങൾ സംശോധനം ചെയ്യാനായി നിയമിച്ചിരുന്ന ശ്രീമതി മലീഹ രാഘവയ്ക്ക് 55,000 രൂപ രണ്ട് ഗഡുക്കളായി (30,000 + 25,000)നൽകിയിരുന്നു. അവരെ ഏല്പിച്ചിരുന്ന പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടോ എന്നത് സംബന്ധിച്ച്ഫയലിൽ പരാമർശിക്കുന്നില്ല.

6) എഡിറ്റോറിയൽ ബോർഡിലെ അംഗവും ഈ കലാലയത്തിലെ അദ്ധ്യാപകനുമായ പ്രൊ. ശ്രീനാഥന് അനൌൺസർമാരെ ഏർപ്പെടുത്തൽ, റെക്കോർഡിംഗ് സ്റ്റുഡിയോ ബുക്ക് ചെയ്യൽ, മറ്റു പ്രാഥമിക പ്രവർത്തനങ്ങൾ എന്നിവക്കായി 50,000രൂപ മുൻകൂറായി നൽകിയിട്ടുണ്ട്(വൌച്ചർ നമ്പർ / തീ: 491/15-10-14). ടി തുക 31-12-14ലെ 26ാം നമ്പർ വൌച്ചർ പ്രകാരം ക്രമീകരിക്കപ്പെട്ടിട്ടുണ്ടെന്ന് എൻക്വയറിക്കുള്ള മറുപടിയിൽ വ്യക്തമാക്കിയിരുന്നു.ആയത് ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ/തീ:38/6-10-12) അവ ഓഡിറ്റിന് ലഭ്യമായിട്ടില്ല. ചെലവു തുക തടസ്സം ചെയ്യുന്നു.

7) കൺസോർഷ്യത്തിലെ അംഗങ്ങളും C-DACഉം സമഗ്ര മലയാളം നിഘണ്ടുവിന്റെ പുരോഗതി സംബന്ധിച്ച ഒരു റിപ്പോർട്ട് 31-05-14ന് സർവ്വകലാശാലക്ക് സമർപ്പിച്ചതായി ബന്ധപ്പെട്ട ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി റിപ്പോർട്ട് ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല.

8) മേൽ പ്രൊജക്ടിന്റെ ആവശ്യത്തിലേക്കായി യഥാക്രമം 49,392, 50,500 രൂപ ചെലവഴിച്ച് രണ്ട് കമ്പ്യൂട്ടറുകൾ MK Solutions, തിരുവനന്തപുരം എന്ന സ്ഥാപനത്തിൽ നിന്ന് വാങ്ങിയിട്ടുണ്ട്. പ്രൊജക്ട് പ്രവർത്തനങ്ങൾ അവസാനിക്കുന്ന സമയത്ത് മലയാളം സർവ്വകലാശാലയിൽ തിരികെ ഏല്പിക്കണം എന്ന വ്യവസ്ഥയോടെയായിരുന്നു അവ നിഘണ്ടു എഡിറ്റർ ഡോ. ഗോപിനാഥനെ ഏല്പിച്ചിരുന്നത്. ആയത് ഇപ്പോൾ എവിടെ ഉണ്ടെന്ന് വ്യക്തമല്ല.

9) C-DITന്റെ കൈവശമുണ്ടായിരുന്ന ശബ്ദ താരാവലിയുടെ Digital Copy സർവ്വകലാശാലക്ക് ലഭ്യമാക്കാൻ C-DIT രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയതായി 05-12-15ലെ 15809/ഇ1/14/I&PR നമ്പർ കത്തിലൂടെ Information & Public Relations Director , VC ക്ക് അറിയിപ്പ് നൽകിയിരുന്നു. ആയത് ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമല്ല.

10) മലീഹ രാഘവയ്ക്ക് മൂന്നാം ഗഡുവായി 20,000 രൂപ അനുവദിക്കാൻ പ്രൊജക്ട് കോ-ഓർഡിനേറ്ററായ ഡോ.സെയ്തലവി 02-03-19ന് ശുപാർശ ചെയ്തിരുന്നു. ആയതുമായി ബന്ധപ്പെട്ട കരാറിൽ രജിസ്ട്രാർ ഇൻ. ചാർജ്, സാക്ഷികൾ എന്നിവർ മാത്രമാണ് ഒപ്പിട്ടിട്ടുള്ളതെന്നും രണ്ടാം കക്ഷിയായ ശ്രീമതി മലീഹ ഒപ്പിട്ടിട്ടില്ല എന്നും കരാറിൽ കാലാവധി വ്യക്തമാക്കിയിട്ടില്ല എന്നും ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കൂടാതെ "ഈ പ്രൊജക്ട് അനിശ്ചിതത്വത്തിലാണ് "എന്ന് രേഖപ്പെടുത്തിക്കൊണ്ട് 08-09-21ന് വൈസ് ചാൻസലർ ഫയൽ തിരിച്ച് നൽകിയിട്ടുണ്ടെന്ന് കാണുന്നു.

11) പ്രൊജക്ടിൽ ലക്ഷ്യമിട്ടത് പോലെയുള്ള, സമഗ്രവും ആധുനികവുമായ ഒരു ഓൺലൈൻ മലയാള നിഘണ്ടു മലയാളം സർവ്വകലാശാലയുടെ ഉടമസ്ഥതയിൽ നിലവിൽ ലഭ്യമാണോ, ഇല്ലെങ്കിൽ മേൽ പ്രൊജക്ട് ഏത് ഘട്ടം വരെ എത്തി എന്നും ഇനി പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്നും ആരാഞ്ഞുകൊണ്ട് 13-10-22ന് ഓഡിറ്റ് എൻക്വയറി നൽകിയിരുന്നു (നമ്പർ: 43, രണ്ടാം എൻക്വയറി). ആയതിന് മറുപടി ലഭ്യമായിട്ടില്ല.

ഓൺലൈനിൽ ഉച്ചാരണത്തോടെ ലഭ്യമാക്കുന്ന പദകോശ നിർമ്മിതിയായിരുന്നു എഴുത്തച്ഛൻ നിഘണ്ടു എന്ന പ്രോജക്ട് കൊണ്ട് ലക്ഷ്യമിട്ടിരുന്നത്.2014 നവംബർ 1 ന് ആദ്യ ഘട്ടം പൂർത്തിയാക്കി ഓൺലൈനിൽ ലഭ്യമാക്കാൻ ഉദ്ദേശിച്ചിരുന്ന മേൽ പ്രോജക്ട് നീണ്ട വർഷങ്ങൾ പിന്നിട്ടിട്ടും വകയിരുത്തിയ തുകയുടെ ഇരട്ടിയോളം ചെലവഴിച്ചിട്ടും പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ എവിടെ എത്തിയെന്ന് ബന്ധപ്പെട്ട ഫയലിൽ നിന്നോ അനുബന്ധ രേഖകളിൽ നിന്നോ വ്യക്തമല്ല. കൂടാതെ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയും ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും എഴുത്തച്ഛൻ നിഘണ്ടു പ്രോജക്ടിന്റെ നിലവിലുള്ള അവസ്ഥ അറിയിക്കേണ്ടതും ടി പ്രൊജക്ട് വിജയത്തിലെത്തിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

### 3-18 നാക് അക്രഡിറ്റേഷൻ – നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്

മലയാള സർവകലാശാലക്ക് NAAC Accreditation നേടിയെടുക്കുന്നതുമായി ബന്ധപ്പെട്ട് 16-11-20 ലെ ഭരണവിഭാഗം ഉത്തരവ് നമ്പർ : 1387/2017/VC പ്രകാരം SSR (Self Study Report) തയ്യാറാക്കാനായി criteria പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന7 സമിതികളെ രൂപീകരിക്കാൻ തീരുമാനമെടുത്തിരുന്നു.

1. കരിക്കുലം ഡിസൈൻ & ഡെവലപ്പ്മെന്റ്

2. ടീച്ചിംഗ് , ലേണിംഗ് & ഇവാല്യൂവേഷൻ

3. റിസർച്ച് ഇന്നൊവേഷൻ & എക്സ്റ്റൻഷൻ

4. ഇൻഫ്രാസ്ട്രക്ചർ ലേണിംഗ് & റിസോഴ്സസ്

5.സ്റ്റുഡന്റ് സപ്പോർട്ട് & പ്രോഗ്രഷൻ

6.ഗവേണൻസ് , ലീഡർഷിപ്പ് & മാനേജ്മെന്റ്

7.ഇൻസ്റ്റിറ്റ്യൂഷണൽ വാല്യൂസ് & ബെസ്റ്റ് പ്രാക്ടീസസ്

ടി സമിതികളിലേക്ക് കൺവീനർമാരെയും അംഗങ്ങളെയും രജിസ്ട്രാറുടെ 16-11-20 ലെ 1387/2017/VC നമ്പർ ഉത്തരവ് പ്രകാരം തെരഞ്ഞെടുത്തിരുന്നു. കമ്മിറ്റികൾ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്താനും ലക്ഷ്യ പ്രാപ്തിയിലെത്തിക്കാനും കൺവീനർമാർ ശ്രദ്ധ ചെലുത്തേണ്ടതാണെന്ന് പ്രസ്തുത ഉത്തരവിൽ നിർദ്ദേശിച്ചിരുന്നു. 18-11-20, 28-11-20, 02-09-21 എന്നീ തീയതികളിൽ യോഗം ചേർന്നിട്ടുണ്ട്.തുടർന്ന് 06-09-21ന് മേൽ സമിതികൾ പുന:സംഘടിപ്പിക്കപ്പെട്ടു.

NAAC അക്രഡിറ്റേഷന് അപേക്ഷിക്കാൻ 7 ഘട്ടങ്ങളുണ്ട്. രണ്ടാമത്തെയും മൂന്നാമത്തെയും ഘട്ടങ്ങൾ ചുവടെ കൊടുക്കുന്നു.

1. Submission of IIQA (Institutional Information for Quality Assessment)

2. Submission of SSR (Self Study Report)

മേൽ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് വ്യക്തമല്ല. Outcome Based Education സിലബസ് സർവകലാശാലയിൽ നടപ്പിലാക്കിയിട്ടുള്ളതായി Internal Quality Assurance Cell (IQAC) ഡയരക്ടർ ഡോ. രാജീവ് മോഹൻ അറിയിക്കുകയുണ്ടായി.

NAAC അക്രഡിറ്റേഷൻ എന്നത് ഒരു വിദ്യാഭ്യാസ സ്ഥാപനത്തിന്റെ ഈ മേഖലയിലെ മികവിന്റെ ഒരു സൂചികയായിട്ടാണ് കണക്കാക്കപ്പെടുന്നത്. NAAC അംഗീകാരം വിദ്യാഭ്യാസ സ്ഥപനങ്ങളുടെ ഗുണ നിലവാരം വിളിച്ചറിയിക്കുന്നതോടൊപ്പം സാമ്പത്തിക സഹായം അഥവാ ഗ്രാന്റിന്റെ ലഭ്യതയുമായും അങ്ങേയറ്റം ബന്ധപ്പെട്ടു കിടക്കുന്നുണ്ട്. യു.ജി.സി, റൂസ്സ തുടങ്ങിയ ഏജൻസികളിൽ നിന്നും സ്കീമുകളും ഫണ്ടുകളും ലഭിക്കുന്നതിന് പരിഗണനീയമായ നിലവാരത്തിലുള്ള NAAC അക്രഡിറ്റേഷൻ നിർബന്ധമാണ്. നിലവിൽ മലയാളം സർവകലാശാലക്ക് 12 B & 2 F status ആണ് യു.ജി.സി. അനുവദിച്ച് നൽകിയിട്ടുള്ളത്.

മറ്റു സർവകലാശാലകളെ അപേക്ഷിച്ച് പ്രാദേശിക കേന്ദ്രങ്ങളോ കൂടുതൽ വികസനത്തിനുള്ള സാദ്ധ്യതകളോ മലയാളം സർവകലാശാലക്ക് താരതമ്യേന കുറവാണ്. സംസ്ഥാന സർക്കാരിൽ നിന്നുള്ള ധനസഹായം മാത്രമാണ് നിലവിൽ ലഭ്യമായിട്ടുള്ളത്. അതു കൊണ്ട് തന്നെ കേന്ദ്ര ഫണ്ടിംഗ് ഏജൻസികളിൽ നിന്നുള്ള സാമ്പത്തിക സഹായം സാമ്പത്തിക പ്രതിസന്ധികളെ അഭിമുഖീകരിക്കാതെ സർവകലാശാലയുടെ ലക്ഷ്യങ്ങളുടെ പൂർത്തീകരണത്തിനും വികസനത്തിനും വളരെയധികം സഹായകരമായിരിക്കും. ആയതിനാൽ പരിഗണനീയമായ നിലവാരത്തിലുള്ള NAAC അക്രഡിറ്റേഷൻ നേടിയെടുക്കാനാവശ്യമായ അടിയന്തിര നടപടികൾ സർവകലാശാല സ്വീകരിക്കേണ്ടതാണ്.

### 3-19 കോഴ്സ് പൂർത്തിയാക്കിയ വിദ്യാർത്ഥികൾ ലൈബ്രറി പുസ്തകങ്ങൾ തിരികെ നൽകിയിട്ടില്ല

ലൈബ്രറി രജിസ്റ്ററുകൾ പരിശോധിച്ചതിൽ പഠനം പൂർത്തിയാക്കിയ താഴെ പറയുന്ന വിദ്യാർത്ഥികൾ നാളിതുവരെ സർവകലാശാലാ ലൈബ്രറിയിൽ നിന്നെടുത്ത പുസ്തകങ്ങൾ തിരിച്ചേൽപിച്ചിട്ടില്ലാത്തതായി കാണുന്നു.

| ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | പുസ്തകം തിരികെ ഏൽപ്പിക്കേണ്ടിയിരുന്ന തിയതി |
|---|---|---|
| 1 | അശ്വതി ബാബു | 06.01.2016 |
| 2 | ആതിര സി | 17.02.2021 |
| 3 | ഇന്ദുജ പി.കെ. | 29.04.2021 |

| | | |
|---|---|---|
| 4 | ജിഷ്ണ ആർ. | 17.04.2015 |
| 5 | മുഹമ്മദ് സാബിത് | 01.06.2021 |
| 6 | നിവ്യ പി. | 29.04.2021 |
| 7 | നൌഫൽ റിഷാദ് | 20.02.2021 |
| 8 | പ്രകാശ് എം. | 29.12.2014 |
| 9 | രജീഷ് കെ. | 23.07.2017 |
| 10 | റംസീന കെ | 02.09.2021 |
| 11 | റംഷീല പി. | 09.08.2017 |
| 12 | ശിശിര എ.വൈ. | 01.06.2020 |
| 13 | സൌമ്യ കെ.സി. | 03.12.2020 |
| 14 | വിനീഷ് എം.വി. | 07.03.2020 |

ലൈബ്രറിപുസ്തകങ്ങൾ തിരിച്ചേല്പിക്കാതെ പഠനം പൂർത്തിയാക്കിയ മേൽപ്പരാമർശിച്ച വിദ്യാർത്ഥികൾക്ക് ടി.സി.യും സർട്ടിഫിക്കറ്റും സുരക്ഷാനിക്ഷേപവും തിരികെ നൽകിയിട്ടുണ്ടോ എന്ന വിവരം ലഭ്യമാക്കേണ്ടതാണെന്ന് 11.05.2022ലെ 11/2020-21 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന് സർവകലാശാല ലഭ്യമാക്കിയിട്ടുള്ള മറുപടി പ്രകാരം ആതിര സി, ഇന്ദുജ പി.കെ. , റംസീന കെ, ശിശിര എ.വൈ. എന്നിവർ പുസ്തകങ്ങൾ തിരിച്ചേൽപ്പിച്ചതായും ആതിര സി ക്ക് ടി.സി. നൽകിയതായും അറിയിച്ചിട്ടുണ്ട്. റംസീന കെ, ശിശിര എ.വൈ. എന്നിവരുടെ ഫൈൻ ബാക്കി നിൽക്കുന്നുമുണ്ട്. മുഹമ്മദ് സാബിത്, നിവ്യ പി., നൌഫൽ റിഷാദ്, പ്രകാശ് എം. എന്നിവരുടെ ടി.സിയും., അശ്വതി ബാബു, രജീഷ് കെ., റംഷീല പി., വിനീഷ് എം.വി. എന്നിവരുടെ ടി.സി. , സർട്ടിഫിക്കറ്റുകൾ എന്നിവയും തിരികെ നൽകിയിട്ടില്ല. മാത്രമല്ല പുസ്തകം തിരിച്ചേല്പിക്കാത്ത ജിഷ്ണ ആർ. എന്ന വിദ്യാർത്ഥിക്ക് ടി.സി. നൽകിയതായും കാണുന്നു. കൂടാതെ സൌമ്യ കെ.സി. എന്നയാൾ ഗസ്റ്റ് ലക്ചറർ ആണെന്നും പരാമർശിച്ചിട്ടുണ്ട്. മേൽസാഹചര്യത്തിൽ , ചുവടെ പരാമർശിക്കും പ്രകാരം നടപടികൾ കൈക്കൊള്ളേണ്ടതാണ്.

1. പുസ്തകങ്ങൾ തിരിച്ചേല്പിക്കാത്തവരിൽ നിന്നും ആയവ ലഭ്യമാക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

2. ഫൈൻ ഒടുക്കു വരുത്തുവാനുള്ള വിദ്യാർത്ഥികളുടെ സുരക്ഷാനിക്ഷേപത്തിൽ നിന്നും ആയത് ഈടാക്കേണ്ടതാണ്.

3. ഗസ്റ്റ് ലക്ചറർ ആയ സൌമ്യ കെ.സി., ടി.സി. നൽകിയ ജിഷ്ണ ആർ. എന്നിവരിൽ നിന്നും പുസ്തകങ്ങൾ തിരികെ ലഭ്യമാക്കുന്നതിന് വേണ്ട അടിയന്തരനടപടികൾ കൈക്കൊള്ളേണ്ടതാണ്. പുസ്തകങ്ങൾ തിരിച്ചേല്പിക്കാതെ വിദ്യാർത്ഥിക്ക് ടി.സി. അനുവദിച്ച നടപടിയിൽ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 3-20 പൂർവ്വവിദ്യാർത്ഥിസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതാണ്

സർവകലാശാലയിലെ പൂർവ്വവിദ്യാർത്ഥിസമിതി 25.01.2019ൽ ചേർന്ന യോഗത്തിൽ വെച്ച് രൂപീകരിച്ചിട്ടുള്ളതാണ്. പൂർവവിദ്യാർത്ഥി രജിസ്ട്രേഷൻ ഫീസിനത്തിൽ 2019-20, 2020-21 വർഷങ്ങളിൽ യഥാക്രമം 24500 രൂപ, 19900 രൂപ എന്നിങ്ങനെ സർവകലാശാല ഈടാക്കിയിട്ടുള്ളതാണ്. പൂർവവിദ്യാർത്ഥി സമിതി 2019ൽ രൂപീകരിച്ചുവെങ്കിലും തുടർപ്രവർത്തനങ്ങൾ ഒന്നും തന്നെ ഏറ്റെടുത്തതായി കാണുന്നില്ല. കോവിഡ് സാഹചര്യങ്ങൾ കാരണം 2020-21, 2021-22 അധ്യയനവർഷങ്ങളിൽ യോഗം ചേരുവാനോ മറ്റ് പ്രവർത്തനങ്ങൾക്കോ സാധിച്ചിരുന്നില്ല. സമിതി പുനസംഘടിപ്പിക്കുന്നതിനും തുടർപ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനുമുള്ള അനുമതിക്കായി 13.09.2021ൽ ഫയൽ സമർപ്പിച്ചതിൽ ഡോ. അശോക് ഡിക്രൂസ്, ഡോ. ശ്രീദേവി എന്നിവരെ ആയതിന്റെ ചുമതല ഏൽപിക്കുന്നതിനായി വൈസ് ചാൻസലർ ഉത്തരവിട്ടിട്ടുള്ളതാണ്. എന്നാൽ, സമിതി പുനസംഘടിപ്പിച്ചത് സംബന്ധിച്ചോ പ്രവർത്തനങ്ങൾ ഏറ്റെടുത്തത് സംബന്ധിച്ചോ ഉള്ള വിവരങ്ങൾ ഫയലിൽ ലഭ്യമല്ല.

പൂർവ്വവിദ്യാർത്ഥി സമിതിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള വിശദാംശങ്ങൾ 24.09.2022ലെ 32/2020-21 നമ്പർ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. പൂർവ്വവിദ്യാർത്ഥി സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-21 ആസ്ഥാനമന്ദിര നിർമ്മാണം - ഭൂമിവാങ്ങൽ - അപാകതകൾ

മലയാളം സർവ്വകലാശാലയുടെ ആസ്ഥാന മന്ദിരനിർമ്മാണത്തിനായി കണ്ടെത്തിയ വെട്ടം ഗ്രാമ പഞ്ചായത്തിലെ 4.2078 ഹെക്ടർ ഭൂമിക്കായി 9 കോടി രൂപ 2019-20 വർഷത്തിലും 7,34,95 883 രൂപ2020-21 വർഷത്തിലും ചെലവഴിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ഫയൽ ( No. 456/2018/VC) പരിശോധിച്ചതിൽ കണ്ടെത്തിയ ചില വസ്തുതകൾ ചുവടെ ചേർക്കുന്നു.

<u>ആതവനാട് വില്ലേജിലെ ഭൂമി ഏറ്റെടുക്കൽ നടപ്പിലായില്ല</u>

ആതവനാട് വില്ലേജിലെ 188,189,190, 192 Part, 193, 194 Part, 401, നടുവട്ടം വില്ലേജിലെ 287/2B, 288 Part എന്നീ സർവ്വേനമ്പറുകളിൽ പെട്ട (ഏകദേശം 100 ഏക്കർ) ഭൂമി ഏറ്റെടുക്കുന്നതിന് ഭരണാനുമതിയും ഹൈ ലെവൽ കമ്മിറ്റിയുടെ അംഗീകാരവും ലഭ്യമായിട്ടുണ്ടെന്നും ആയതിന് വേണ്ടതായിട്ടുള്ള കരട് അർത്ഥനാപത്രം, അനുബന്ധരേഖകൾ എന്നിവ ആവശ്യമായ നടപടികൾ സ്വീകരിക്കാനായി വൈസ് ചാൻസലർക്ക് കൈമാറുന്നതായി 21-06-13ലെ LA 67943/12(1) കത്ത് പ്രകാരം ഡെ. കലക്ടർ (LA) വൈസ് ചാൻസലറെ അറിയിച്ചിട്ടുണ്ട്. നിർവ്വാഹക സമിതിയും പൊതുസഭയും ടി ഭൂമി ഏറ്റെടുക്കലുമായി മുന്നോട്ട് പോകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളതിനാൽ മേൽ ഭൂമി ഏറ്റെടുക്കൽ നടപടികൾ അവസാനിപ്പിക്കണമെന്ന് 6-11-13 ലെ കത്ത് പ്രകാരം വൈസ് ചാൻസലർ ജില്ലാ കലക്ടറെ അറിയിച്ചിട്ടുള്ളതായി ജില്ലാ കലക്ടറുടെ 13-04-18ലെ LA 457943/12 നമ്പർ കത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റെ കാരണം ആരാഞ്ഞു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ /തീ: 44/23-11-22) "ടി ഭൂമി ഏറ്റെടുക്കുന്നതിന് മുന്നോടിയായി സർവ്വേ നടത്തുന്നതിന് പോലും കഴിയുന്നില്ലെന്ന വിവരം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തതിനെ തുടർന്നാണ് ആ ശ്രമത്തിൽ നിന്നും സർവകലാശാല പിൻമാറിയത് " എന്ന് 02-12-22ന് നൽകിയ മറുപടിയിൽ (No. 3799 ഓഡിറ്റ് /വിസി/19) പരാമർശിച്ചിട്ടുണ്ട്. എന്നാൽ, അപ്രകാരമുള്ള റിപ്പോർട്ട് പരിശോധനക്ക് ലഭ്യമാക്കിയ ഫയലിലോ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയോടൊപ്പമോ ലഭ്യമാക്കിയിട്ടില്ല. 22-09-20ലെ 456/17/VC ( to JD, KSAD), 21-05-14 ലെ 21-05-14ലെ 228/14/VC (to Dr. K.M.Ebraham), 06-01-15ലെ വി.സി.യുടെ കത്ത്(to Dt. Collector), 16-01-15ലെ ജില്ലാ കലക്ടറുടെ കത്ത്(to Govt. Secretary) എന്നീ കത്തുകളിലെല്ലാം ഇത് സംബന്ധിച്ച് രേഖപ്പെടുത്തിയിരിക്കുന്നത് "മേൽ ഭൂമി ഏറ്റെടുക്കുന്നതിൽ എതിർപ്പ് ഉണ്ടായതിനാൽ ടി ഭൂമി ഒഴിവാക്കുന്നു “ എന്നാണ്. എന്നാൽ മേൽ ഭൂമി പരിശോധിച്ചതായി 02-10-12ലെ ജില്ലാ കലക്ടറുടെ കത്തിൽ (No. LA4-57943/2012) പരാമർശിച്ചിട്ടുണ്ട്. മേൽ ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് വ്യാപകമായ എതിർപ്പ് ഉണ്ട് എന്ന് റവന്യൂ അധികൃതർ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണ്

### 3-22 ഭൂമി വാങ്ങിയത് - ബാദ്ധ്യതാ രഹിതമാണോ എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

മലയാളം സർവ്വകലാശാലയുടെ ആസ്ഥാന മന്ദിര നിർമ്മാണത്തിനായി കണ്ടെത്തിയ വെട്ടം ഗ്രാമ പഞ്ചായത്തിലെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട ഫയൽ ( No. 456/2018/VC) പരിശോധിച്ചതിൽ വെട്ടം വില്ലേജിൽ പെട്ട 316/6, 316/10 Part, 316/11, 341/2, 341/4 എന്നീ സർവ്വേ നമ്പറുകളിൽ പെട്ട ഭൂമികളുടെ ആധാരങ്ങൾ ലഭ്യമാക്കണമെന്ന് 29-08-18 തീയതിയിലെ A – 1331/2012 നമ്പർ കത്ത് പ്രകാരം സ്പെഷ്യൽ തഹസിൽദാർ LA(Gl) ആവശ്യപ്പെട്ടതായി കാണുന്നു.. ആയതിന് സർവ്വകലാശാല നൽകിയ മറുപടിയിൽ (Lr.No.228/2014/VC, തീ:30-08-18) മേൽ സർവ്വേ നമ്പറിൽ പെട്ട ഭൂമിയുടെ കൈവശക്കാർ സർവ്വകലാശാലാ കാമ്പസിനായി സ്ഥലം വിട്ടു നൽകാൻ സമ്മതപത്രം നൽകിയിട്ടില്ലെന്ന് പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഭൂമിപരിവർത്തനപ്പെടുത്താൻ അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവുകളിൽ (സഉ(MS)No. 123/15/കൃഷി, തീ: 09-07-15, സഉ(MS)No.230/15/ 02-02-15) മേൽ ഭൂമികൾ എല്ലാം ഉൾപ്പെടുന്നുണ്ട്. മേൽ ഭൂമികളുടെ ആധാരങ്ങൾ ഗവ. പ്ലീഡർ പരിശോധിച്ച് ടി സ്ഥലങ്ങൾ ബാദ്ധ്യതാരഹിതമാണെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമല്ല. (ഏറ്റെടുത്ത സ്ഥലത്തിൽ CRZ III No Development Zoneൽ പെട്ട316/10 എന്ന ഭൂമി കൂടി ഉൾപ്പെടുന്നുണ്ട്). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ / തീ: 44/23-11-22) മറുപടി ലഭ്യമായിട്ടില്ല. ബാദ്ധ്യതകൾ ഉള്ള ഭൂമിയാണ് വാങ്ങിയിട്ടുള്ളതെങ്കിൽ പിന്നീട് നിയമ പ്രശ്നങ്ങൾക്ക് സാദ്ധ്യത ഉണ്ടാകും എന്നിതിനാൽ മേൽ വിഷയം പരിശോധിച്ച് നിജസ്ഥിതി അറിയിക്കേണ്ടതാണ്.

### 3-23 ആസ്ഥാന മന്ദിര നിർമ്മാണം - തുടർ നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

മലയാളം സർവകലാശാലയുടെ ആസ്ഥാന മന്ദിര നിർമ്മാണത്തിനായി വാങ്ങിയ വെട്ടം പഞ്ചായത്തിലെ ഭൂമിയിൽ (Sy. Nos. 313/1B, 313/4B, 313/5,313/6,313/7, 313/8B, 315/1, 315/3, 315/2, 340/5, 341/1, 341/3, 341/6, 313/3B, 316/10) നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത് തടയണമെന്ന് ശ്രീ ഹസൈനാർ ഷാർജിത് എന്ന വ്യക്തി ദേശീയ ഹരിത ട്രൈബ്യൂണലിൽ നൽകിയ പരാതിയിൻമേൽ (OA 24/2019) ബഹുമാനപ്പെട്ട കോടതി 04-08-20ന് പുറപ്പെടുവിച്ച വിധിയിൽ "മേൽ ഭൂമിയിൽ CRZ ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടായിരിക്കണം നിർമ്മാണ പ്രവർത്തനങ്ങൾ നടത്തേണ്ടത് "എന്ന് പരാമർശിച്ചിട്ടുണ്ട്. CRZ പ്രദേശങ്ങളിൽ ഏതൊരു പ്രവർത്തനം നടത്തുന്നതിനും Kerala Coastal Zone Manangement Authority (KCZMA) യുടെ അനുമതി ആവശ്യമാണ്. ആയതിനായി കേന്ദ്ര ഗവ.ന്റെ അംഗീകൃത ഏജൻസികളായNCESS,NCSCM,IRS എന്നിവ മുഖേന mapping നടത്താനും നിർമ്മിക്കാനുദ്ദേശിക്കുന്ന കെട്ടിടങ്ങൾ,

റോഡുകൾ , മറ്റ് അടിസ്ഥാന സൌകര്യങ്ങൾ എന്നിവയുടെ Layout / drawings എന്നിവ മേൽ CRZ mappingമായി super impose ചെയ്ത് ഒരു detailed CRZ status report ഉണ്ടാക്കണമെന്നും ഈ രേഖകളും supporting documentsഉം സഹിതം വെട്ടം ഗ്രാ.പ.സെക്രട്ടറി മുഖേന KCZMZക്ക് അപേക്ഷ നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്. ആയതിൻമേൽ സർവ്വകലാശാല സ്വീകരിച്ച തുടർ നടപടികൾ അറിയിക്കേണ്ടതാണ്(ഇത് സംബന്ധിച്ച് നൽകിയിരുന്ന ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ/ തീ:44/23-11-22) മറുപടി ലഭ്യമായിട്ടില്ല).

2012ൽ പ്രവർത്തനം തുടങ്ങിയ സർവകലാശാലക്ക് 2022ലും സ്ഥിരം കാമ്പസ് നിർമ്മിക്കപ്പെട്ടിട്ടില്ലാത്തത് പല തലത്തിലുള്ള നഷ്ടങ്ങൾക്കും കാരണമാകുന്നുണ്ട്. യു.ജി.സിയിൽ നിന്നും ലഭ്യമാകേണ്ട ഫണ്ടുകൾ പലതും നഷ്ടപ്പെടുന്നുണ്ട്. വിവിധ വകുപ്പുകളിലായി ബിരുദാനന്തര ബിരുദ വിദ്യാർത്ഥികളും എം.ഫിൽ/ പി.എച്ച്.ഡി. ഗവേഷകരുമാണ് നിലവിൽ സർവകലാശാലയിൽ പഠനം നടത്തി വരുന്നത്. വിദ്യാർത്ഥികൾക്ക് താമസസൌകര്യം ഒരുക്കുന്നതിന് വേണ്ടി സ്വകാര്യ വ്യക്തികളുടെ കെട്ടിടങ്ങൾ വാടകക്ക് എടുക്കുന്നത് വഴി ലക്ഷക്കണക്കിന് രൂപയാണ് ഓരോ വർഷവും ചെലവഴിക്കേണ്ടി വരുന്നത്. ഈ സാഹചര്യത്തിൽ ആസ്ഥാന മന്ദിര നിർമ്മാണത്തിനുള്ള അനന്തര നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

### 3-24 സ്റ്റോർ പർച്ചേയ്സ് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നില്ല.

മാധ്യമ പഠനം, ചലച്ചിത്ര പഠനം എന്നീ വകുപ്പുകളിലേക്ക് ആവശ്യമായ ക്യാമറാ ലെൻസുകൾ വിതരണം ചെയ്യുന്നതിന് 03-07-20 തീയതിയിൽ സർവ്വകലാശാല നൽകിയ ക്വട്ടേഷൻ പ്രകാരം ലഭിച്ച മൂന്ന് ക്വട്ടേഷനുകളിൽ ഏറ്റവും കുറവ് സംഖ്യ ക്വാട്ട് ചെയ്ത വിരുപ്പേൽ അസോസിയേറ്റ്സ്, കൊക്കാട്, കൊല്ലം എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ അംഗീകരിക്കുകയുണ്ടായി. ടി സ്ഥാപനം ഇ.എം.ഡി. ഇനത്തിൽ സർവ്വകലാശാലയിൽ അടവാക്കിയ 9,088 രൂപ 07-01-21 തീയതിയിലെ 222ാം നമ്പർ വൌച്ചർ പ്രകാരം (ചെക്ക് നമ്പർ/തീ:974342/07-01-21) അവർക്ക് തിരികെ നൽകുകയുണ്ടായി.

സ്റ്റോർ പർച്ചേയ്സ് മാന്വൽ 2013ലെ ഖ.8(16) പ്രകാരം Performance Security നൽകിയിട്ടുണ്ടെങ്കിൽ ടെണ്ടർ ലഭിച്ചവർക്കും ഇ.എം.ഡി. തിരികെ നൽകാവുന്നതാണ്.ആയതിനാൽ വിരുപ്പേൽ അസോസിയേറ്റ്സ് എന്ന സ്ഥാപനം Performance Security അടവാക്കിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദ വിവരങ്ങളും ലഭ്യമാക്കണമെന്നും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/1.10.22) ലഭിച്ച മറുപടിയിൽ മേൽ സ്ഥാപനത്തിൽ നിന്ന് perfomance security ഈടാക്കിയിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. കരാറുകളുടെ കൃത്യമായ നിർവ്വഹണം ഉറപ്പു വരുത്തുന്നതിന് വേണ്ടിയാണ് സ്റ്റോർ പർച്ചേയ്സ് മാന്വലിൽ മേൽ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുള്ളത്. പൊതുസമാഹരണത്തെ നിയന്ത്രിക്കുന്ന അടിസ്ഥാനമാനദണ്ഡങ്ങളും നടപടി ക്രമങ്ങളായും പ്രവർത്തിക്കുക എന്നതാണ് മാന്വലിന്റെ ലക്ഷ്യം. ആയതിനാൽ സാധനങ്ങളുടെ വാങ്ങലുകളിൽ നിന്നും സ്റ്റോർ പർച്ചേയ്സ് മാന്വലിലെ നിബന്ധനകൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3-25 വിവിധ പ്രൊജക്ടുകൾ - വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

2020-21 വർഷത്തിൽ ആശാൻ ദത്ത ശേഖരണം, പൈതൃക മ്യൂസിയം എന്നീ പ്രൊജക്ടുകളിലായി യഥാക്രമം 70,300രൂപ , 96,450രൂപ ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | തുക | വൌച്ചർ നമ്പർ/ തീ: | റിമാർക്സ് |
|---|---|---|---|
| ആശാൻ ദത്ത ശേഖരണം | 9800 + 12975 + 10550 + 11750 +13475 + 11,750 = 70,300 | 28/3-6-20, 88/15-7-20, 119/28-9-20, 45/11-6-20, 167/10-11-20, 180/3-12-20 | DTP Operator ശ്രീമതി സബിതക്ക് വേതനം നത്കിയത് |
| പൈതൃക മ്യൂസിയം | 16000 + 450 + 16000 + 16000 + 16000 + 16000 + 16000 = 96,450 | 76/8-7-20, 92/23-7-20, 105/12-8-20, 119/28-9-20, 1/1-4-20, 159/4-11-20, 180/3-12-20 = 96,450 | Sr. Project Asst. ശ്രീ മനോജ് കുമാറിന് വേതനം നത്കിയത് |
| ആകെ = | 1,66,750 രൂപ | | |

മേൽ പ്രൊജക്ടുകളുമായി ബന്ധപ്പെട്ട മുൻ വർഷങ്ങളിലെ ഫയലുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഇവയുടെ നിലവിലെ സ്ഥിതിവിവരം (Present position – completed or ongoing) അറിയിക്കേണ്ടതാണ്.ചെലവു തുക, 1,66,750 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു(ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ / തീ : 17/8-6-22) മറുപടി ലഭ്യമായിട്ടില്ല.

### 3-26 ശ്രീമതി ജസീല സി., അസിസ്റ്റന്റിന് അധികനിരക്കിൽ വീട്ടുവാടകബത്ത നൽകി

20.01.2016ലെ സ.ഉ. (അ.) നം. 07/2016/ധന. നമ്പർ 2014 ശമ്പളപരിഷ്കരണ ഉത്തരവ് പ്രകാരം പഞ്ചായത്ത് പ്രദേശത്ത് (Other places) ജോലി ചെയ്യുന്ന 27150 - 42500 ശമ്പളപരിധിയിലെ ജീവനക്കാർക്ക് 1250 രൂപയാണ് വീട്ടുവാടകബത്തയായി അർഹമായിട്ടുള്ളത്. എന്നാൽ, അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിച്ച് വരുന്ന ശ്രീമതി ജസീല. സി.ക്ക് 1500 രൂപ നിരക്കിലാണ് വീട്ടുവാടകബത്ത നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| മാസം | വൗച്ചർ നമ്പർ, ചെക്ക് നമ്പർ/തിയതി | HRA അനുവദിച്ചത് | HRA അർഹമായത് | അധികമായി അനുവദിച്ചത് |
|---|---|---|---|---|
| മാർച്ച് 2020 | പേ റോൾ നം. 2<br>5149533<br>01.04.2020 | 1113<br>(23 ദിവസം) | 927<br>(23 ദിവസം) | 186 |
| ഏപ്രിൽ 2020 | പേ റോൾ നം. 9<br>5149536<br>05.05.2020 | 1500 | 1250 | 250 |
| മെയ് 2020 | പേ റോൾ നം. 13<br>5149540<br>01.06.2020 | 1500 | 1250 | 250 |
| ജൂൺ 2020 | പേ റോൾ നം. 22<br>5149542<br>01.07.2020 | 1500 | 1250 | 250 |
| ജൂലൈ 2020 | പേ റോൾ നം. 28<br>5149545<br>03.08.2020 | 1500 | 1250 | 250 |
| ഓഗസ്റ്റ് 2020 | പേ റോൾ നം. 36<br>5149548<br>20.08.2020 | 1500 | 1250 | 250 |
| സെപ്റ്റംബർ 2020 | പേ റോൾ നം. 43<br>5149550<br>01.10.2020 | 1500 | 1250 | 250 |
| ഒക്ടോബർ | പേ റോൾ നം. | 1500 | 1250 | 250 |

| | | | | |
|---|---|---|---|---|
| 2020 | 50<br>5149553<br>02.11.2020 | | | |
| നവംബർ 2020 | പേ റോൾ നം. 57<br>5149556<br>01.12.2020 | 1500 | 1250 | 250 |
| ഡിസംബർ 2020 | പേ റോൾ നം. 64<br>5149560<br>01.01.2021 | 1500 | 1250 | 250 |
| ജനവരി 2021 | പേ റോൾ നം. 72<br>5149563<br>01.02.2023 | 1500 | 1250 | 250 |
| ഫെബ്രുവരി 2021 | പേ റോൾ നം. 79<br>5149567<br>01.03.2021 | 1500 | 1250 | 250 |
| ആകെ | | 17613 | 14677 | 2936 |

മേൽവിശദമാക്കിയ പ്രകാരം അധികമായി നൽകിയ തുക 2936/- രൂപ ശ്രീമതി ജസീലയിൽ നിന്നും തിരികെ ഈടാക്കി സർവകലാശാല ഫണ്ടിൽ അടവാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികകണക്ക് പ്രകാരമുള്ള വരവ് ചെലവ് വിശദാംശം

| ഇനം | വരവ് | ഇനം | ചെലവ് |
|---|---|---|---|
| പദ്ധതി | 95115097 | (പദ്ധതി ക്യാപിറ്റൽ അസറ്റ്=1290347+പദ്ധതി ചെലവ്=1829082+പദ്ധതി ചെലവ്=14807857+ഭൂമി ഏറ്റെടുക്കൽ= 73968032) | 91895318 |
| പദ്ധതിയിതരം | 51858676 | | 53922328.97 |
| ഋണശീർഷകം( അസറ്റ്+ലയബിലിറ്റീസ്) | 18212717 | ( അസറ്റ്+ലയബിലിറ്റീസ്) | 12551121 |
| നിക്ഷേപങ്ങൾ | 314768 | നിക്ഷേപങ്ങൾ | 261936 |
| | | സർക്കാറിലേക്ക് തിരിച്ചടച്ചത് | 4244644 |
| മറ്റുള്ളവ | 3062170 | | 114750 |

| | | | |
|---|---|---|---|
| ആകെ | 168563428 | | 162990097.97 |

## 4-2 സാമ്പത്തികനില

| | |
|---|---|
| മുൻബാക്കി | 32809827.57 |
| വരവ് | 168563428 |
| ആകെ | 201373255.57 |
| ചെലവ് | 162990097.97 |
| നീക്കിയിരിപ്പ് | 38383157.60 |

| ഫണ്ട് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| പദ്ധതി വിഹിതം | 1000000 | 95115097 | 96115097 | 95230993 | 884104 |
| പദ്ധതിയിതരം | 1000000 | 51858676 | 52858676 | 52715997 | 142679 |
| അക്കാദമികം | - | 2476215 | 2476215 | - | 2476215 |
| മറ്റുള്ളവ | 30809827.57 | 19113440 | 49923267.57 | 15043107.97 | 34880159.60 |
| ആകെ | 32809827.57 | 168563428 | 201373255.57 | 162990097.97 | 38383157.60 |

## 4-3 പൊരുത്തപ്പെടുത്തൽ പത്രിക

1.ട്രഷറി അകൌണ്ടുകൾ

| ക്രമ നമ്പർ | അക്കൌണ്ട് | തുക |
|---|---|---|
| 1 | പ്ലാൻ ടി.എസ്.ബി അക്കൌണ്ട് നമ്പർ 79901270000055(പ്ലാൻ അക്കൌണ്ട് 0055) | |
| | സർവ്വകലാശാല ട്രഷറി ബുക്ക് പ്രകാരം 31..03.2021 ലെ നീക്കിയിരിപ്പ് | 8,84,104 |
| | Add ചെക്ക് നമ്പർ 2384871//31.03.2021 (Rs.115896) | +115896 |
| | ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം31.03.2021 ലെ നീക്കിയിരിപ്പ് | 10,00,000 |
| 2 | സ്പെഷൽ ടി.എസ്.ബി അക്കൌണ്ട് നമ്പർ71505140000001 | |
| | സർവ്വകലാശാല ട്രഷറി ബുക്ക് പ്രകാരം 31..03.2021 ലെ നീക്കിയിരിപ്പ് | 1,42,679 |
| | ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം31.03.2021 ലെ നീക്കിയിരിപ്പ് | 1,42,679 |
| 3. | സ്പെഷൽ ടി.എസ്.ബി അക്കൌണ്ട്<br>(പി.എഫ് അക്കൌണ്ട്)<br>നമ്പർ 799010100142634 | |
| | സർവ്വകലാശാല ട്രഷറി ബുക്ക് പ്രകാരം 31..03.2021 ലെ നീക്കിയിരിപ്പ് | 10568699 |
| | Add ചെക്ക് നമ്പർ 3074944/26.03.2021 (Rs.175000) | +175000 |
| | Less -TDS for PF interest(voucher | -32660 |

| | | |
|---|---|---|
| | No.207/22.11..2021 Rs.32660 | |
| | ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം31.03.2021 ലെ നീക്കിയിരിപ്പ് | 10711039 |
| 4 | ടി.എസ്.ബി അക്കൌണ്ട് (പെൻഷൻ ഫണ്ട്)<br><br>നമ്പർ 799010100065471 | |
| | സർവ്വകലാശാല ട്രഷറി ബുക്ക് പ്രകാരം 31..03.2021 ലെ നീക്കിയിരിപ്പ് | 13607389 |
| | സ്ഥിര നിക്ഷേപമാക്കിയ തുക | 13607389 |
| | ബാക്കി | 0 |
| | ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.2021 ലെ നീക്കിയിരിപ്പ്. (പൊരുത്തപ്പെടുത്തലുകൾ നട്ടിയിട്ടില്ല.) | 39333 |
| 5 | ടി.എസ്.ബി അക്കൌണ്ട് (Deffered Accounts)<br><br>നമ്പർ 799012900000904 | |
| | സർവ്വകലാശാല ട്രഷറി ബുക്ക് പ്രകാരം 31..03.2021 ലെ നീക്കിയിരിപ്പ് | 3346584 |
| | ട്രഷറി സ്റ്റേറ്റ്മെന്റ് പ്രകാരം31.03.2021 ലെ നീക്കിയിരിപ്പ് | നടത്തിയിട്ടില്ല |

2.ബാങ്ക് അക്കൌണ്ടുകൾ

| ക്രമ നമ്പർ | അക്കൌണ്ട് | തുക |
|---|---|---|
| 1 | സ്റ്റേറ്റ് ബാങ്ക് അക്കൌണ്ട് നമ്പർ 32709117532 | |
| | സർവ്വകലാശാല ബാങ്ക് ബുക്ക് പ്രകാരം 31..03.2021 ലെ നീക്കിയിരിപ്പ് | 8361408.60 |
| | കൂട്ടുക | 143319.15 |

| ക്രമ ന. | ചെക്ക് നമ്പർ | തുക |
|---|---|---|
| 1 | 974309/06.11.2020 | 1250 |
| 2. | 286047/04.03.2021 | 45300 |
| 3 | 286064/30.03.2021 | 4850 |
| 4 | 286065/31.03.2021 | 4625 |
| 5 | 286066/31.03.2021 | 2797 |
| 6 | 286067/31.03.2021 | 3953 |
| 7 | 286068/31.03.2021 | 2925 |
| 8 | 286069/31.03.2021 | 5000 |
| 9 | 286070/31.03.2021 | 71400 |
| 10 | 286071/31.03.2021 | 465 |
| 11 | ബാങ്ക് ചാർജ് Mistake-2019-Sep/22.07.2020 | 105.15 |
| 12 | ബാങ്ക് ചാർജ് Mistake-2020-July//22.07.2020 | 649 |

| | | | | |
|---|---|---|---|---|
| കുറക്കുക | | | | |
| 2 | ക്രമ ന. | ചെക്ക് നമ്പർ | തുക | 33595.85 |
| | 1 | 974360/10.02.2021 | 33500 | |
| | 2 | ബാങ്ക് ചാർജ് /31.03.2021 | 95.85 | |
| | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം<br>31.03.2021 ലെ നീക്കിയിരിപ്പ് | | | 8471131.90 |
| 2 | സ്റ്റേറ്റ് ബാങ്ക് അക്കൌണ്ട് നമ്പർ 33466620930 | | | |
| | സർവ്വകലാശാല ബാങ്ക് ബുക്ക് പ്രകാരം 31..03.2021 ലെ നീക്കിയിരിപ്പ് | | | 1389369 |
| | കുറക്കുക | | | |
| | ക്രമനം | ഇനം | തുക | 654.5 |
| | 1 | ബാങ്ക് ചാർജ് /12.03.2021 | 654.5 | |
| | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം<br>31.03.2021 ലെ നീക്കിയിരിപ്പ് | | | 1388714.5 |
| 3 | സ്റ്റേറ്റ് ബാങ്ക് അക്കൌണ്ട് നമ്പർ 36944168851 | | | |
| | സർവ്വകലാശാല ബാങ്ക് ബുക്ക് പ്രകാരം 31..03.2021 ലെ നീക്കിയിരിപ്പ് | | | 68290 |
| | ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം<br>31.03.2021 ലെ നീക്കിയിരിപ്പ് | | | 68290 |

## 4-4 ബാങ്ക് നീക്കിയിരിപ്പ്/കയ്യിരുപ്പ് പണം വിശദാംശങ്ങൾ.

| ക്രമ നം | അക്കൌണ്ടിന്റെ പേര് | അക്കൌണ്ട് നമ്പർ | 31.03.2021ലെ നീക്കിയിരിപ്പ് (ട്രഷറി/ബാങ്ക് ബുക്ക് പ്രകാരം) |
|---|---|---|---|
| 1 | ട്രഷറി നോൺ-പ്ലാൻ അക്കൗണ്ട് | 71505140000001 | 142679 |
| 2 | ട്രഷറി പ്ലാൻ അക്കൗണ്ട് | 799012700000055 | 8,84,104 |
| 3 | ട്രഷറി പി.എഫ് അക്കൗണ്ട് | 799010100142634 | 10568699 |
| 4 | ട്രഷറി പെൻഷൻ ഫണ്ട് എഫ്.ഡി അക്കൗണ്ട് | 799010100065471 | 13607389 |
| 5 | ട്രഷറി Deffered<br>അക്കൗണ്ട് | 799012900000904 | 3346584 |
| 6 | എസ്.ബി.ഐ മെയിൻ അക്കൗണ്ട് | 32709117532 | 8361408.60 |
| 7 | എസ്.ബി.ഐ രജിസ്ട്രാർ അക്കൗണ്ട് | 33466220930 | 1389369 |
| 8 | എസ്.ബി.ഐ ഇ-ടെണ്ടർ അക്കൗണ്ട് | 36944168851 | 68290 |
| 9 | കൈയ്യിരുപ്പ് പണം | - | 14635 |
| ആകെ | | | 38383157.60 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | ട്രഷറി പെൻഷൻ ഫണ്ട് | വൈക്കം മുഹമ്മദ് ബഷീർ സാഹിത്യഫണ്ട് |
|---|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,27,52,289 | 1,00,000 |
| തൻവർഷം നിക്ഷപിച്ച തുക | 855000 | ----- |
| ആകെ | 13607289 | 1,00,000 |
| തൻവർഷം പിൻവലിച്ച തുക | 0 | ------ |
| വർഷാവസാനം അവശേഷിക്കുന്ന<br>സ്ഥിര നിക്ഷേപം( 31.03.2021) | 13607289 | 1,00,000 |

1.ട്രഷറി പെൻഷൻ ഫണ്ട്

| ക്രമ നം | നിക്ഷേപങ്ങളുടെ വിവരം | തുക | രശീതി നം& തിയതി |
|---|---|---|---|
| 1 | പെൻഷൻ ഫണ്ട് | 3,00,000 | 799010500135478 / 05.05.2017 |
| 2 | പെൻഷൻ ഫണ്ട് | 5,00,000 | 799010501311552/ 05.12.2020 |
| 3 | പെൻഷൻ ഫണ്ട് | 5,00,000 | 799010501239130/ 26.12.2020 |
| 4 | പെൻഷൻ ഫണ്ട് | 5,00,000 | 799010501360596/ 05.01.2021 |
| 5 | പെൻഷൻ ഫണ്ട് | 5,00,000 | 799010501362528/ 12.01.2021 |
| 6 | പെൻഷൻ ഫണ്ട് | 5,00,000 | 799010501448264 /16.02.2021 |
| 7 | പെൻഷൻ ഫണ്ട് | 5,00,000 | 799010501499318 /14.03.2021 |
| 8 | പെൻഷൻ ഫണ്ട് | 5,00,000 | 799010501482557 /19.03.2021 |
| 9 | പെൻഷൻ ഫണ്ട് | 5,00,000 | 799010501482562/23.03.2021 |
| 10 | പെൻഷൻ ഫണ്ട് | 3,00,000 | 799010501482559/23.03.2021 |
| 11 | പെൻഷൻ ഫണ്ട് | 4,30,000 | 799010501482565/23.03.2021 |
| 12 | പെൻഷൻ ഫണ്ട് | 5,00,000 | 799010501015918/ 30.05.2020 |
| 13 | പെൻഷൻ ഫണ്ട് | 5,00,000 | 799010501015911/ 30.05.2020 |
| 14 | പെൻഷൻ ഫണ്ട് | 5,00,000 | 799010501024786/ 07.06.2020 |
| 15 | പെൻഷൻ ഫണ്ട് | 5,00,000 | 799010501024818/ 07.06.2020 |
| 16 | പെൻഷൻ ഫണ്ട് | 2,67,289 | 799010501037539/ 16.06.2020 |
| 17 | പെൻഷൻ ഫണ്ട് | 5,00,000 | 799010501061598/ 06.07.2020 |
| 18 | പെൻഷൻ ഫണ്ട് | 5,00,000 | 799010501092688/ 10.03.2020 |
| 19 | പെൻഷൻ ഫണ്ട് | 5,00,000 | 799010501100257/ 06.08.2020 |
| 20 | പെൻഷൻ ഫണ്ട് | 5,00,000 | 799010501100238/ 08.08.2020 |
| 21 | പെൻഷൻ ഫണ്ട് | 5,00,000 | 799010501191631/ 05.09.2020 |
| 22 | പെൻഷൻ ഫണ്ട് | 5,00,000 | 799010501191616/ 15.09.2020 |

| | | | |
|---|---|---|---|
| 23 | പെൻഷൻ ഫണ്ട് | 3,00,000 | 799010501191639/ 20.09.2020 |
| 24 | പെൻഷൻ ഫണ്ട് | 4,25,000 | 799010501182985/ 29.09.2020 |
| 25 | പെൻഷൻ ഫണ്ട് | 5,00,000 | 799010501191717/ 05.10.2020 |
| 26 | പെൻഷൻ ഫണ്ട് | 5,00,000 | 799010501208419/ 11.10.2020 |
| 27 | പെൻഷൻ ഫണ്ട് | 5,00,000 | 799010501263040/ 05.11.2020 |
| 28 | പെൻഷൻ ഫണ്ട് | 5,00,000 | 799010501263056/ 07.11.2020 |
| 29 | പെൻഷൻ ഫണ്ട് | 1,55,000 | 799010501263040 / 08.11.2020 |
| 30 | പെൻഷൻ ഫണ്ട് | 4,30,000 | 799010501482866 / 08.11.2020 |

2.വൈക്കം മുഹമ്മദ് ബഷീർ സാഹിത്യഫണ്ട്

| ക്രമ നം | നിക്ഷേപങ്ങളുടെ വിവരം | തുക | രശീതി നം& തിയതി |
|---|---|---|---|
| 1 | വൈക്കം മുഹമ്മദ് ബഷീർ പുരസ്കാരം | 1,00,000 | 799010500573144 / 31.10.2018 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻ വർഷം ലഭിച്ച 705 /- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഈടാക്കിയ തുക (₹) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം./ തീയതി |
|---|---|---|---|---|
| 2019-20 | 24 | 705<br>പലിശ | ഡോ.ടി അനിതാകുമാരി<br>പ്രൊഫസർ | 296/16.03.2021 |

## 4-7 ഓഡിറ്റ് ചാർജ്

| ഇനം | തുക |
|---|---|
| 2020-21 ലെ ആകെ വരവ് | 16,85,63,428 |
| (-) ഗ്രാന്റ് -ഇൻ -എയ്ഡ്(പ്ലാൻ) | 9,51,15,097 |
| (-) ഗ്രാന്റ് -ഇൻ -എയ്ഡ്(നോൺ-പ്ലാൻ) | 5,18,58,676 |
| (-) മറ്റു ബാദ്ധ്യതകൾ (17484553+728164) | 1,82,12,717 |
| (-) ഡെപ്പോസിറ്റുകൾ | 3,14,768 |
| (-)ഓഡിറ്റ് റിക്കവറി(705+455104) | 4,55,509 |
| ഓഡിറ്റ് ചാർജ് ഈടാക്കാവുന്ന വരവ് | 26,06,661 |
| 2020-21 ലെ ഓഡിറ്റ് ചാർജ് (1%) | 26,067 |

ഓഡിറ്റ് ചാർജ് സംക്ഷിപ്തം

| | |
|---|---|
| 31.03.2020 ൽ ഒടുക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ചാർജ് | 87,100 |
| 2020-21 വർഷത്തെ ഓഡിറ്റ് ചാർജ് | 26,067 |
| ആകെ | 1,13,167 |

| | |
|---|---|
| 2020-21ൽ അടവാക്കിയ ഓഡിറ്റ് ചാർജ് :<br>ചലാൻ നമ്പർ/ തിയതി : 974297/12.10.2020 | 54,540 |
| 31.03.2021 ൽ അടവാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് ചാർജ് | 58,627 |

കുറിപ്പ് : 2019-20ലെ ഓഡിറ്റ് ചാർജ്ജായ 32550/- രൂപ KL015866954202223M/15.09.2022 പ്രകാരം അടവാക്കിയിട്ടുള്ളതാണ്. 2017-18, 2018-19 വർഷങ്ങളിലെ ഓഡിറ്റ് ചാർജ്ജായി 974297/12.10.2020 നമ്പർ ചലാൻ പ്രകാരം ഡിമാൻഡിനെക്കാൾ 10 രൂപ കുറച്ചാണ് സർവകലാശാല അടവാക്കിയത്. ഓഡിറ്റ് ചാർജ്ജിനത്തിൽ അടവാക്കാൻ ബാക്കിയുള്ള തുക "0070-60-110-84 ഓഡിറ്റ് ചാർജ്ജസ്" എന്ന ശീർഷകത്തിൽ ട്രഷറിയിൽ അടവാക്കേണ്ടതും അസൽ ചെലാൻ ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം -695033 എന്ന വിലാസത്തിൽ അയച്ചു കൊടുക്കേണ്ടതുമാണ്.

ഓഡിറ്റ് ചാർജ് ഇനത്തിൽ അടവാക്കാൻ അവശേഷിക്കുന്ന തുക

| വർഷം | തുക |
|---|---|
| 2017-18 & 2018-19 | 10 |
| 2020-21 | 26067 |
| ആകെ | 26077 |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ). സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 16,85,63,428.57 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 15,87,45,453.97 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം / ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 41304 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2,16,750 |
| കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം | 0 |
| സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം | 0 |
| മറ്റ് സ്ഥാപനങ്ങൾക്കുണ്ടായ നഷ്ടം | 0 |

ബി). സർവകലാശാല ഫണ്ടിനുണ്ടായ നഷ്ടം, ഒടുക്കാവശേഷിക്കുന്ന തുക, നിരാകരിച്ച/തടസ്സപ്പെടുത്തിയ തുക എന്നിവയുടെ വിവരം

| ഖണ്ഡിക നമ്പർ | സർവകലാശാല ഫണ്ടിൽ ഒടുക്കാൻ അവശേഷിക്കുന്ന തുക | സർവകലാശാല ഫണ്ടിനുണ്ടായ നഷ്ടം | ഓഡിറ്റിൽ നിരാകരിച്ച തുക | ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥർ |
|---|---|---|---|---|---|
| 3.4 | | | 38,368 | | രജിസ്ട്രാർ |
| 3.17 | | | | 50,000 | രജിസ്ട്രാർ |
| 3.25 | | | | 1,66,750 | രജിസ്ട്രാർ |
| 3.26 | | | 2936 | | രജിസ്ട്രാർ |

(സി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദിയായവരുടെ സ്ഥിരം മേൽവിലാസം

| ഖണ്ഡിക നമ്പർ | സർചാർജ് ചെയ്യാവുന്നത് | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | മേൽവിലാസം |
|---|---|---|---|
| 3.4 | 38368 | ഡോ.ഷൈജൻ ഡേവിസ് രജിസ്ട്രാർ | അനുപമം സീറോലൈൻ എൽതുരുത്ത് |
| 3.26 | 936 | ഡോ.ടി.അനിതാകുമാരി<br>രജിസ്ട്രാർ ഇൻ ചാർജ് | 9എ,<br>അലയൽസ് ടവർ,<br>ഡി.പി.ഐ. ജംഗ്ഷൻ,<br>തൈക്കാട് പി.ഒ<br>തിരുവനന്തപുരം<br>പിൻ 695014 |
| | 750 | ഡോ.രാജീവ് മോഹൻ .ആർ.<br>രജിസ്ട്രാർ ഇൻ ചാർജ് | ആഞ്ജനേയത്ത്<br>ഡി.സി.റോഡ്<br>മലാപ്പറമ്പ് പി.ഒ<br>കോഴിക്കോട്<br>പിൻ 673009 |
| | 1250 | ഡോ.ഷൈജൻ ഡേവിസ് രജിസ്ട്രാർ | അനുപമം സീറോലൈൻ എൽതുരുത്ത് |

<u>എഫ്. ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.17 | 50,000 | ഡോ.ഷൈജൻ ഡേവിസ്, രജിസ്ട്രാർ |
| 3.25 | 1,66,750 | ഡോ.ഷൈജൻ ഡേവിസ്, രജിസ്ട്രാർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ / തിയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2013-14 | കെ.എസ്.എ.സി.എൽ.യു.എ-1/963/2014 തിയതി 30.10.2014 | 13 |
| 2014-15 | കെ.എസ്.എ.സി.എൽ.യു.എ-1/214/2016 തിയതി 26.07.2016 | 15 |
| 2015-16 | കെ.എസ്.എ.സി.എൽ.യു.ജി.1/537/2016 | 29 |

| | | |
|---|---|---|
| | തിയതി 02.06.2017 | |
| 2016-17 | കെ.എസ്.എ.സി.എൽ.യു.ജി.1/1229/2017 തിയതി 18.05.2018 | 29 |
| 2017-18 | കെ.എസ്.എ-സി.എൽ.യു- ജി1-721/2018 തിയതി 20.03.2019 | 30 |
| 2018-19 | കെ.എസ്.എ-സി.എൽ.യു- ജി1-721/2018 തിയതി 20.03.2019 | 21 |
| 2019-20 | കെ.എസ്.എ.ടി.ഇ.എം.യു/എം.37140/2021 തിയതി 25.01.22022 | 27 |

ജോയിന്റ് ഡയറക്ടർ
മലയാള സർവകലാശാല ഓഡിറ്റ് കാര്യാലയം